V റിപ്പോർട്ട് സമർപ്പണം

വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

നിയമനിർമ്മാണകാര്യം

1936-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജക്റ്റു കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയവും

പ്രമേയവും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാലാ ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബില്ല് അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച 6-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ടിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇത്. ഇത് ഒരു ഓർഡിനൻസായി നേരത്തെ പുറപ്പെടുവിച്ചിരുന്നു. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിന്റെ 96 എന്ന വകുപ്പിനു ശേഷം 96 (എ) എന്ന ഒരു പുതിയ വകുപ്പുകൂടി കൂട്ടിച്ചേർക്കാനാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഉദ്ദേശം എന്നുപറയുന്നത് കൊച്ചി സർവ്വകലാശാലയിൽ പ്രവർത്തിച്ചിരുന്ന നിയമം ഹിന്ദി എന്നീ ഡിപ്പാർട്ടുമെന്റുകൾ അതിൽനിന്ന് മാറ്റി ഗാന്ധിജി സർവ്വകലാശാലയുടെ അധികാര പരിധിയിലും അവരുടെ നിയന്ത്രണത്തിലും കൊണ്ടുവരിക എന്നുള്ളതാണ് നേരത്തെ കൊച്ചി സർവ്വകലാശാല വരുന്നതിനുമുൻപുതന്നെ നിയമം, ഹിന്ദി. വകുപ്പുകൾ അവിടെ കേരള സർവ്വകലാശാല സ്ഥാപിച്ച് നടത്തിവന്നിരുന്നതാണ്. പിന്നീട് 1971-ൽ കൊച്ചി സർവ്വകലാശാല ആക്ടിന്റെ 58-ാം വകുപ്പനുസരിച്ച് അത് കൊച്ചി സർവ്വകലാശാലയുടെ ഭാഗമായിത്തീരുകയാണ് ഉണ്ടായത്. ഈ പറഞ്ഞ രണ്ടു ഡിപ്പാർട്ടുമെന്റുകളും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജി സർവ്വകലാശാലയുടെ പ്രാദേശിക അധികാരപരിധിക്കുള്ളിലാണ്. സ്ഥിതി ചെയ്യുന്നത്. കൊച്ചിൻ സർവ്വകലാശാല ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയാക്കി ഉയർത്തണമെന്നുള്ള നിർദ്ദേശമുണ്ടായി. ഇതേ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഉന്നതാധികാര സമിതിയുടെ പ്രധാനപ്പെട്ട ശുപാർശകളിൽ ഒന്ന്, ഈ യൂണിവേഴ്സിറ്റിയുടെ ശാസ്ത്ര സാങ്കേതിക സ്ഥിതിഗതികളിൽ, അല്ലെങ്കിൽ ആ നിലയിൽ ഡവലപ്പ് ചെയ്തുകൊണ്ടുവരാൻ ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും മാറുന്നതാണ് നല്ലത് എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു നിയമ ഭേദഗതിക്കുവേണ്ടി ഗവൺമെന്റ് മുതിർന്നിട്ടുള്ളത്. ഇതിനെക്കുറിച്ച് ഉണ്ടായിട്ടുള്ള ചില ആശങ്കകളും ഉണ്ട്. ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ ഇത് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ അധികാരപരിധിയിൽനിന്ന് മാറുന്നു എന്നല്ലാതെ കൊച്ചിയിൽ നിന്ന് ഹിന്ദി ഡിപ്പാർട്ടുമെന്റുകളും കോട്ടയത്തേക്ക് മാറുന്നില്ല. അത് പ്രവർത്തിക്കുന്നത് കൊച്ചിയിൽ തന്നെയായിരിക്കും. നിയമപരമായി ഗാന്ധിജി സർവ്വകലാശാലയുടെ നിയന്ത്രണത്തിലും അവരുടെ പ്രവർത്തനങ്ങളുടെ മേഖലയിലുമാക്കി ഇതിനെ മാറ്റുക എന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളു. അല്ലാതെ കൊച്ചിയിൽനിന്ന് ഇതു മാറ്റാൻ ഉദ്ദേശിക്കുന്നില്ല. അതിനെ തുടർന്നാണ് ചില ആശങ്കകളും ഉണ്ടായത്. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തിരുന്നു. ആ റിട്ടിൻമേൽ സിംഗിൾ ബഞ്ച് ഒരു താൽക്കാലിക ഡിസിഷൻ എടുത്തിട്ടുണ്ട്. അന്ന് സിംഗിൾ ബഞ്ച് പറഞ്ഞത് ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായി കൊച്ചി സർവ്വകലാശാലയെ രൂപാന്തരപ്പെടുത്താനുള്ള നിയമനിർമ്മാണം നടത്തുന്നതിനുമുൻപ് ഇങ്ങനെ ചെയ്തുകൊണ്ട് താൽക്കാലികമായി ഈ ഓർഡിനൻസിന്റെ പ്രവർത്തനം സിംഗിൾ ബഞ്ച് സ്റ്റേ ചെയ്യുകയും ഇതിന് കൂടുതൽ നിയമപരമായ വിശകലനം ആവശ്യമാണെന്നും ആ കോടതിക്ക് ബോദ്ധ്യമായതുകൊണ്ട് ഡിവിഷൻ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയുമാണ് എന്നാണ്. ഈ പുതിയ ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയാക്കികൊണ്ടുള്ള ഓർഡിനൻസ് വന്നതിനുശേഷം അതും കൂടി കോടതിയുടെ മുമ്പാകെ കൊണ്ടുവന്നു. അവർ ഇപ്പോഴും പുറപ്പെടുവിച്ചിരിക്കുന്ന താൽക്കാലിക സ്റ്റേ ഉത്തരവ് മാറി തരണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പുരോഗതിക്കും അതുപോലെതന്നെ കൊച്ചിൻ യൂണിവേഴ്സിറ്റി എന്ത് ഉദ്ദേശത്തോടുകൂടി സ്ഥാപിച്ചിരിക്കുന്നോ ആ ലക്ഷ്യം സാധിച്ച് എടുക്കുന്നതിനും വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഡിവിഷൻ ബഞ്ച് ഈ ഓർഡിനൻസിന്റെ സ്റ്റേ നീക്കം ചെയ്യുന്നതിനുമുൻപ് ഈ നിയമം ഈ നിയമസഭയിൽ പരിഗണിക്കുന്നത് ശരിയാണോ ? ആ ഓർഡിനൻസ് പ്രത്യേകിച്ചും ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ട് ആ ഡിവിഷൻ ബഞ്ചിന്റെ പരിഗണന അടിയന്തിരമായും തീർത്തുകഴിഞ്ഞതിനുശേഷം ഇത് എടുക്കുക എന്നുള്ളതല്ലേ സാധാരണഗതിയിൽ വേണ്ടത്.

ശ്രീ. ടി. എം. ജേക്കബ് : അതിന് നിയമപരമായ തടസ്സമൊന്നുമില്ല. അങ്ങ് ഒരു അഭിഭാഷകനായതുകൊണ്ട് അങ്ങേക്ക് അത് അറിയാം.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഞാൻ നിയമപരമായ തടസ്സം ഉന്നയിച്ചില്ല. പ്രായോഗികതയെ സംബന്ധിച്ചാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : അദ്ധ്യക്ഷൻ അതിന്റെ പ്രൊപ്രൈറ്ററിയെ സംബന്ധിച്ചാണ് ചോദിച്ചത്. അങ്ങേക്കു തന്നെ അറിയാവുന്ന ഒരു കാര്യമുണ്ട്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആ ഓർഡിനൻസ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. എസ്. സി. എസ്. മേനോൻ അടക്കമുള്ള ആളുകൾ കോടതിയെ സമീപിക്കുകയും ചീഫ് ജസ്റ്റിസിന്റെ ബഞ്ചിൽ അത് പരിഗണനയ്ക്കു ശേഷം വരികയും ചെയ്തതിനുശേഷം അദ്ധ്യക്ഷൻതന്നെ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നത് നിയമസഭയ്ക്കും അല്ലെങ്കിൽ ഗവർണ്ണർക്ക് ഈ മന്ത്രിസഭയുടെ ശുപാർശയനുസരിച്ച് ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള എല്ലാ അധികാരവുമുണ്ട് എന്നാണ്. അതുകൊണ്ട് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനെതിരെ സ്റ്റേ കൊടുക്കേണ്ട ആവശ്യമില്ല. ഈ അടുത്തകാലത്തുതന്നെ ചീഫ് ജസ്റ്റിസിന്റെ ബഞ്ചിൽ ഒരു വിധിയുണ്ടായിട്ടുണ്ട്. അതുകൂടി പരിഗണിക്കുമ്പോൾ താൽക്കാലികമായ സ്റ്റേ ഉണ്ടെന്നുവച്ചുകൊണ്ട് നേരത്തെ പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് നിയമമാക്കി മാറ്റാതിരിക്കേണ്ട ആവശ്യമില്ല. ആദ്യം സൂചിപ്പിച്ചതുപോലെ നിയമപരമായ തടസ്സം ഈ കാര്യത്തിലില്ല. അതുകൊണ്ട് ഇതു ആവശ്യമാണ്. സ്ഥിരമായി ഗവൺമെന്റിനു അങ്ങനെ പെയ്യണമെന്ന് ആഗ്രഹമുള്ളതുകൊണ്ട് നിയമസഭയിൽ ഇത് അവതരിപ്പിച്ച് നിയമമാക്കിയെടുക്കുന്നു. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് ഒരു ചെറിയ ഭേദഗതിയായതുകൊണ്ട് ഇതു എത്രയും പെട്ടെന്ന് പാസ്സാക്കി തരാനുള്ള സൗകര്യം ചർച്ചയിൽ പങ്കെടുക്കുന്ന ആളുകൾ ഉണ്ടാക്കിത്തരണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യം ഡിസ്കഷൻ ചെയ്യാൻ പാടില്ല എന്ന് നമ്മുടെ റൂൾസിലുണ്ട്. ഇതിന്റെ നിയമ സാദ്ധ്യതയെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു റിട്ട് ഇരിക്കുകയും സിങ്കിൾ ബഞ്ച് ഡിവിഷൻ ബഞ്ചിലേക്ക് പരിഗണനയ്ക്കായി റഫറുചെയ്യുകയും ചെയ്തിരിക്കുകയാണ്. അങ്ങനെ കോടതിയിലിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഇവിടെ ഒരു ചർച്ച, വിശേഷിച്ചും നിയമ നിർമ്മാണ ചർച്ച നടത്തുന്നത് ശരിയല്ല എന്ന് വിനീതമായ അഭിപ്രായമാണ് എനിക്കുള്ളത്. കാരണം നമ്മുടെ റൂൾസിന്റെ വയലേഷനാണ്. വാസ്തവത്തിൽ ഇത് സബ്ജുഡിസാണ്. അങ്ങ് ഈ കാര്യം പരിഗണിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഉന്നയിച്ചു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് ഇവിടെ എക്സ്പ്ലയിൻ ചെയ്തു. രണ്ടാമത് ഈ സ്റ്റേറ്റിൽ ഇതിനെക്കുറിച്ചുള്ള ഒരു പ്രശ്നം ഉന്നയിക്കുന്നതിൽ ഒരു പ്രസക്തിയും ഇല്ല. എന്തു കൊണ്ടെന്നാൽ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി അപ്രൂവ് ചെയ്ത സഭ ഇന്ന് ഇത് ചർച്ചയ്ക്ക് എടുക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. സഭയുടെ തീരുമാനം carry out ചെയ്യാനുള്ള സാദ്ധ്യത ചെയറിനുണ്ട്. ഈ സ്റ്റേറ്റിൽ ഇക്കാര്യം പ്രസക്തമല്ല. അങ്ങ് ഇത്തരത്തിലുള്ള കാര്യങ്ങൾ എപ്പോഴും ചൂണ്ടിക്കാണിക്കുന്നതുകൊണ്ട് അങ്ങയെ അനുവദിച്ചു എന്നെയുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്)

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

I move that "This House resolves to disapprove the Gandhiji University (Amendment) Ordinance, 1986 (Ordinance No. 46 of 1986)".

LIBRARY ARCHIVES Kerala Legislative Assembly

ഈ ഓർഡിനൻസ് സഭ നിരാകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇതിൽ ആദ്യമായി പറയാനുള്ളത് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും നിയമവും ഹിന്ദിയും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്ന് വേർപെടുത്തി ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുക, ഈ ഓർഡിനൻസ് 3 തവണ വീണ്ടും വീണ്ടും പുനരവതരണം ചെയ്യുക ഇതാണ് നടന്നിരിക്കുന്നത്. ഒരു യൂണിവേഴ്സിറ്റിയുടെ രണ്ടു ഡിപ്പാർട്ടുമെൻറുകളും ഒന്നിൻെറ കീഴിൽനിന്ന് മറെറാരു യൂണിവേഴ്സിറ്റിയുടെ കീഴിലാക്കാൻവേണ്ടി ഈ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അസാധാരണമായ അധികാരം പ്രയോഗിക്കുക എന്നു പറയുന്നത് പരിഹാസ്യമാണ്, ലജ്ജാവഹമാണ്. പലപ്പോഴും ഓർഡിനൻസുകളും അത്യാവശ്യത്തിന് വേണ്ടിവന്നേക്കും. അതിന് ഒരു വിവേചനമൊക്കെ വേണ്ടേ.? എന്തെങ്കിലും ഒരു ലിമിറെറ് വേണ്ടേ. ആളുകളുടെ മുമ്പിൽ നാണംകെട്ടവരാണെന്ന് തെളിയിക്കുന്നതിന് ഒരു ലിമിറെറു വേണ്ടേ. ഈ രണ്ടു ഡിപ്പാർട്ടുമെൻറും ഇവിടെനിന്ന് എടുത്ത് അപ്പുറത്തേക്ക് ആക്കിയെങ്കിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സാധിക്കാൻ തടസ്സം നേരിടുമെന്ന് വിദ്യാഭ്യാസ മന്ത്രി ഈ സഭയിൽവച്ച് ഞങ്ങളോടു പറയുകയാണ്. മനുഷ്യരൊക്കെ അറിഞ്ഞാൽ എന്തായിരിക്കും നമ്മളെപ്പററി അവർ വിചാരിക്കുക. എന്ത് ആപത്ത് വരുമായിരുന്നു. ഒരു ഓർഡിനൻസ് മുഖേന ഇത് രണ്ടും അടിയന്തിരമായി മാറെറി ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ആക്കിയില്ലെങ്കിൽ മാനം ഇടിഞ്ഞുവീഴുമായിരുന്നോ ? അറബിക്കടൽ ഇരച്ചുകയറുമായിരുന്നോ ? കൊച്ചിൻ യൂണിവേഴ്സിറ്റി തകർന്നു പോകുമായിരുന്നോ ? സത്യത്തിൽ നമുക്കറിയാം ആരെയോ ചിലരെയൊക്കെ ഒബ്ലയ്ജ് ചെയ്യാൻ വേണ്ടിയാണ്. അതിൽക്കവിഞ്ഞ് യാതൊരു പ്രിൻസിപ്പളിൻെറ കാര്യവും ഇതിനകത്ത് ഇൻവോൾവ് ചെയ്തിട്ടില്ല. എല്ലാവർക്കു മറിയാം. ആരെയോ ചിലരെ ഒബ്ലയ്ജ് ചെയ്യാൻവേണ്ടി, ആരുടെയോ വഴിമുടക്കാൻ വേണ്ടി. അതിന് ഇതൊക്കെ ചെയ്യണമോ ? കൊച്ചിയിൽനിന്ന് മാറി കോട്ടയത്തേക്ക് കൊണ്ടുപോകുമെന്നുള്ള ഭീതിയുടെ പേരിലല്ല ഞാൻ പറയുന്നത്. കൊച്ചിയിൽനിന്ന് മാറുന്ന പ്രശ്നമല്ല ഇവിടത്തെ പ്രശ്നം. ഇവിടെ പറയുന്ന പ്രശ്നം ഈ പറയുന്ന സമീപനരീതിയെ സംബന്ധിച്ചാണ്.

സർ, കൊച്ചി യൂണിവേഴ്സിറ്റി എന്നു പറഞ്ഞാൽ സയൻസ് ആൻഡ് ടെക്നോളജി മാത്രം പഠിപ്പിക്കുന്നത് അല്ലാതെ മറെറാരു കാര്യത്തെ സംബന്ധിച്ചും യാതൊരു ബന്ധവുമില്ലാത്ത ഒന്നായിരിക്കണമെന്നാണോ സങ്കൽപ്പം. സയൻസ് ആൻഡ് ടെക്നോളജി മാത്രമാണെങ്കിൽ മാനേജുമെൻറ് സ്റഡീസിൽ എൻ. ബി. എ. പഠിപ്പിക്കുന്നത് അവിടെനിന്നും എടുത്തുമാറണം. അതുപോലെ സ്കൂൾ ഓഫ് ലാങ്ഗ്വേജസുണ്ട്. ആ സ്കൂൾ ഓഫ് ലാങ്ഗ്വേജസിൽ റഷ്യൻ, ജർമ്മൻ, ഫ്രഞ്ച് ഇവ മൂന്നും പഠിപ്പിക്കുന്നുണ്ട്. മൂന്നിലും ചെറിയ ഷോർട്ട് കോഴ്സ് മുതൽ വളരെ ഉയർന്ന കോഴ്സുവരെയുണ്ട്. ഡിഗ്രി കോഴ്സുണ്ട്, ഡിപ്ലോമാ കോഴ്സുണ്ട്. പി.എച്ച്.ഡി എർപ്പെടുത്തണമെന്നാണ് പറയുന്നത്. ഡിഗ്രിയാണ്, സർട്ടവും മാറണം. continuing എഡ്യൂക്കേഷനാണ്. ആ പറഞ്ഞ മന്ത്രിയുടെ രീതിവച്ചാണ് ഇത് അപ്രോച്ച് ചെയ്യുന്നതെങ്കിൽ continuing എഡ്യൂക്കേഷനിൽ എക്സറൻഷൻ പാടില്ല. എല്ലാം നിറുത്തണം. ഇതു വെറും എഞ്ചിനീയറിംഗ് സയൻസ് മാത്രമാണ്. ഫിസിക്സ് പഠിപ്പിക്കുന്ന ഒന്ന് മാത്രമാക്കണം. അതാണ് ഇതിനെപ്പററിയുള്ള ധാരണ. സർ, ഈ ധാരണ പിശകാണ്. പരിഹാസ്യമായ വിധത്തിൽ പിശകാണ്, യുക്തിരഹിതമാണ്. എന്നു മാത്രമല്ല ഇന്നത്തെ ഇതിനെപ്പററിയുള്ള സങ്കൽപ്പങ്ങളെല്ലാം അതിര് കടക്കും. ഇക്കാര്യങ്ങൾ ഓരോ ഡിസിപ്ളിൻ പഠിപ്പിക്കുമ്പോഴും മറെറ ബന്ധപ്പെട്ട ഡിസിപ്ളിനുമായി

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പ് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. പരസ്പരം ബന്ധപ്പെട്ടതാണ്. മറ്റു വിജ്ഞാനശാഖകളുമായി ബന്ധപ്പെടുത്താതെ പഠിപ്പിച്ചാൽ ആ പഠിപ്പിക്കൽ വെറും യാന്ത്രികമായിപ്പോകും. ഇതൊക്കെ എത്രയോ മുൻപ് എല്ലാവരും അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വമാണ്. ഇത് നമ്മുടെ ഗവൺമെൻറും നമ്മുടെ വിദ്യാഭ്യാസമന്ത്രിയും അംഗീകരിച്ചില്ലെങ്കിൽ എന്തു ചെയ്യും. ഞാൻ ഒരു ഉദാഹരണം പറയാം. ഇപ്പോഴം ഓഷ്യനാഗ്രാഫിയുമായി ബന്ധപ്പെട്ട വിഷയമാണിത്. ഈ മറൈൻ സയൻസ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഏറ്റവും പ്രധാനപ്പെട്ട പഠന ഗവേഷണ ശാഖ അതാണ്. ഈ ഓഷ്യനോഗ്രാഫിയുമൊക്കെ പഠിപ്പിക്കുമ്പോഴം ഭരവയുടെ ഭാഗമായി വരേണ്ടതല്ലേ. ഈ ഓഷ്യനോഗ്രാഫിയെ സംബന്ധിച്ച്, സമുദ്രത്തെ സംബന്ധിച്ച് പഠിപ്പിക്കണ്ട എന്നാണോ പറയുന്നത് ? ഈ കൊച്ചിൻ യൂണിവേഴ്സിറ്റി ഉണ്ടാക്കിയ കാലത്ത് അതിൻറെ ലക്ഷ്യത്തിൽ ഏറ്റവും പ്രാധാന്യം കൊടുത്തു പറഞ്ഞിരിക്കുന്ന ഒന്നുരണ്ടു കാര്യങ്ങളുണ്ട്. ഒന്ന്—എൻവൈറൺമെൻറ്, രണ്ട്—മൽസ്യബന്ധനം സംബന്ധിച്ചുള്ള ഓഷ്യൻ നിയമങ്ങം, സയൻസ് ഒക്കെയായിരുന്നു. ഇതെല്ലാം പഠിപ്പിക്കുമ്പോഴം ഓഷ്യൻ ലായെപ്പറ്റി തർക്കമാണ്. ഈ സഭയിൽത്തന്നെ, ഈ സെഷനിൽത്തന്നെ ഈ മറൈൻ ഫിഷിംഗ് റെഗുലേഷനെപ്പറ്റിയുള്ള അമൻമെൻറ് ചർച്ച ചെയ്യാൻ തർക്കമാണ്. ട്രോളർ വരുന്നതുകൊണ്ട് മീൻ കിട്ടുന്നില്ല. പഴ്സീൻ ബോട്ടു വന്നു അതുകൊണ്ട് മറ്റ് പരമ്പരാഗത മൽസ്യതൊഴിലാളികഷ്ക്ക് മീൻ പിടിക്കാൻ കഴിയുന്നില്ല. ഇത് എങ്ങനെ തടയാൻ കഴിയും. എന്ത് നിയമം നിർമ്മിക്കണം. എങ്ങനെ അത് എൻഫോഴ്സ് ചെയ്യാം. ഇതൊക്കെ തർക്കമാണ് സർ, ഇതിനെ ബന്ധപ്പെടുത്തേണ്ട. എം. ബി. എ. ക്ക് പഠിപ്പിക്കുമ്പോഴം കമ്പനി ലാസ് പഠിപ്പിക്കണ്ടേ ; ഇൻഡസ്ട്രിയൽ റിലേഷൻസ് ലാ പഠിപ്പിക്കണ്ടേ ? ഇതൊക്കെ പഠിപ്പിക്കാൻ നിയമമില്ലാതെ കഴിയുമെന്നാണോ പറയുന്നത്. ഈ നിയമത്തിൻറെ ആസ്പെക്റ്റ്സ് പഠിപ്പിക്കാതെ വെറും സാങ്കേതികം മാത്രം പഠിപ്പിച്ചാൽ അത് പൂർണ്ണമാകുമോ. കേരളത്തിൽ വേറെ എവിടെയെങ്കിലും അതു പഠിപ്പിക്കാൻ കഴിയുമായിരുന്നെങ്കിൽ തരക്കേടില്ല. ഇപ്പറഞ്ഞ പലതും നമ്മുടെ കൺവെൻഷണൽ - ലാ കോളേജുകളിലുള്ള സിലബസ്—കരിക്കുലം എന്നു പറയുന്നതിനകത്ത് ഉൾപ്പെടുന്നില്ല. എൻവൈറൺമെൻറ് ലാ ഇല്ല. അതുപോലെ കമ്പനി ലായുടെ എല്ലാ വശങ്ങളും സ്പെഷ്യലൈസ് ചെയ്ത് എടുക്കുന്നില്ല. ഇൻഡസ്ട്രിയലൈസേഷൻ പ്രത്യേകം സ്പെഷ്യലൈസ് ചെയ്ത് പഠിപ്പിക്കാൻ കോഴ്സില്ല. അവർ ഇപ്പോഴം കുരുങ്ങി കിടക്കുന്നത് 3 വർഷത്തെ എൽ. എൽ. ബി. വേണോ 5 വർഷത്തെ എൽ.എൽ.ബി. വേണോ എന്നുള്ള തർക്കത്തിലാണ്. അതിനകത്ത് സ"പെഷ്യസൈഡ് ലാ പഠിപ്പിക്കുന്നില്ല. ആ നിലയ്ക്ക് ഈ നിയമം പഠിപ്പിക്കുകയെന്നുള്ളത് മാനേജ്മെൻറിൽ മാത്രമല്ല മറ്റ് ശാസ്ത്രശാഖകളിലെ സ്കൂളുകളിൽപ്പോലും അതിന് ഇവിടെ ആരംഭിക്കാൻ പോകുന്ന കേന്ദ്രങ്ങളിൽപ്പോലും സ്പെഷ്യലൈസ് ചെയ്ത നിയമങ്ങം പഠിപ്പിക്കുകയെന്നുള്ളത് അത്യന്താപേക്ഷിതമായ സംഗതിയാണ്. ഇത് ഞാൻ പറയുന്നതല്ല. ഇത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സമീപന രീതിയാണ്. ഞാൻ ഇന്നലെ പറഞ്ഞപോലെ എഞ്ചിനീയറിംഗ് മാത്രം പഠിപ്പിക്കാനുള്ളിടത്ത് പാശ്ചാത്യരാജ്യങ്ങളിൽ ഹ്യൂമാനിറ്റി പഠിപ്പിക്കാൻ നിർബന്ധിക്കുകയാണ്. ഹ്യൂമാനിറ്റീസ് മാത്രമല്ല, സോഷ്യൽ സയൻസ് കൂടാതെ ഒരു എഞ്ചിനീയറിംഗ് പഠിക്കാൻ കഴിയുകയില്ല. ആ നിലയ്ക്ക് ഇവിടെ ഇത് വെള്ളം ചേർത്തു അറകളായി സ്ഥിതി ചെയ്യും. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഇതു മാത്രമേ പഠിപ്പിക്കുകയുള്ളുവെന്ന് ശാഠ്യം പിടിക്കുന്നതിൻറെ അർത്ഥം മനസ്സിലാകുന്നില്ല. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൻറെ ഹൈബവൽ കമ്മിറ്റി പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നുവെന്നാണ് പറയുന്നത്. അതിനെക്കാൾ വലിയ വിചക്ഷണൻമാർ അടങ്ങുന്ന നമ്മുടെ ചക്രവർത്തി കമ്മിറ്റിയുണ്ട്. ചക്രവർത്തി കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത് ലായും ഹിന്ദിയും റീറൈറ്റൻ ചെയ്യണമെന്നാണ്. ഹിന്ദി റീറൈറ്റൻ ചെയ്യുന്നതിൽ ഒരു യുക്തിയുണ്ട്. എന്താണെന്നുവച്ചാൽ പണ്ടത്തെ ആ സമീപനം മാറണം. പണ്ട് ഹിന്ദി ഉൾപ്പടെ മലയാളവും ഹിന്ദിയും വെർണാക്കുലറാണ്. വെർണാക്കുലർ എന്നു പറഞ്ഞാൽ മുൻഷിയേ ആകാവൂ, പ്രൊഫസർ പാടില്ല. ലിറ്ററേച്ചർ പാടില്ല. വെർണാക്കുലർ സാഹിബിന്റെ കാലത്ത് വളരെ മോശപ്പെട്ട ഒന്നായിരുന്നു. അതുപോലെ ഹിന്ദി എന്നു പറയുന്നത് വളരെ മോശപ്പെട്ട ഭാഷയാണ്. റഷ്യനും, ജർമ്മനും ഫ്രഞ്ചുമാണെങ്കിൽ വളരെ സെക്സിബിളാണ്. അതുകൊണ്ട് അത് അവിടെ റീറൈറ്റൻ ചെയ്യാം. ഹിന്ദി പാടില്ല. എന്തു ന്യായമാണ്. ഈ ഇരുപതാം നൂറ്റാണ്ടിൽ ശ്രീമാൻ ജേക്കബിനെപ്പോലെ ചെറുപ്പക്കാരനായ ഒരു മന്ത്രി ഇതു പറയുന്നത് മോശമാണ്. ഹിന്ദിയെപ്പറ്റി ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് റീറൈറ്റൻ ചെയ്യണമെന്നാണ്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് പറയുന്നത് ഒന്നാണെങ്കിൽ ചക്രവർത്തി കമ്മിറ്റി വേറെയാണ് പ്രഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ തീരുമാനമെടുത്തത് ഇതു രണ്ടുംകൂടി പരിഗണിച്ചിട്ടല്ല. ചില ഇഷ്ടാനിഷ്ടങ്ങളും ചില ആളുകളെ ഒബ്ലൈജ് ചെയ്യാനുമൊക്കെ വേണ്ടിയാണ്. വേറെ ചില ആളുകളെ ദ്രോഹിക്കാൻവേണ്ടിയും ചെയ്തതാണ് എന്നുള്ളതാണ് വ്യക്തമായ വസ്തുത. അതു നേരെ പറഞ്ഞാൽ പോരേ. അതിനുവേണ്ടി ഓർഡിനൻസ് കൊണ്ടുവരികയും 3 കൊല്ലം ആ ഓർഡിനൻസിൽ റി-ഇൻകാർനേഷൻ വരുത്തുകയും ചെയ്തിരിക്കുന്നു. ഇത് വാസ്തവത്തിൽ വളരെ മോശമായിപ്പോയി. ഞാൻ വളരെ ചുരുക്കി സംസാരിക്കുകയാണ്. ഈ ഓർഡിനൻസ് നിരാകരിക്കാൻ ഈ ബില്ല് എടുത്ത് ഒരു കുട്ടയ്ക്കകത്തിടണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"This house resolves to disapprove the Gandhiji University (Amendment) Ordinance, 1986 (Ordinance No. 46 of 1986)

ഇവിടെ കൊച്ചി യൂണിവേഴ്സിറ്റിയിൽനിന്നും ഹിന്ദി, നിയമവകുപ്പുകൾ ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറുന്ന നടപടി പൂർണ്ണമായും പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് പിൻവലിക്കേണ്ടിവരുമെന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. ഇന്നലെ നടന്ന ചർച്ചകളിൽ ചില മാറ്റങ്ങൾ വന്നതിന്റെ സൂചന ഇപ്പോൾ ബഹുമാന്യനായ മന്ത്രിയുടെ പ്രസ്താവനയിൽനിന്നും മനസ്സിലായി. ആദ്യം ഭൂമിയും കെട്ടിടങ്ങളും അവിടെ നിറുത്തിയിട്ട് ബാക്കി ലൈബ്രറി ഉൾപ്പെടെ പറിച്ചുനടുന്ന നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. ഇന്നലെ അപ്പുറത്തുനിന്നും സംസാരിച്ച മെമ്പറൻമാർ എതിർത്തതിന്റെ ഫലമായിട്ടായിരിക്കും ഇന്ന് ചെറിയൊരു മാറ്റം ഈ നിയമത്തിൽ വന്നിട്ടുള്ളത്. ഇപ്പോൾ ഈ മന്ത്രിയാണെങ്കിൽ നാറാണത്തു ഭ്രാന്തനെപ്പോലെ മാറി മാറി വിദ്യാഭ്യാസപരമായി പല പ്രഖ്യാപനങ്ങളും നടത്തുന്ന മന്ത്രിയാണ്. ലോകമലയാള സമ്മേളനത്തിൽ ആരോ പറഞ്ഞ് ഞാൻ മനസ്സിലാക്കിയത്, ജോസഫ് മുണ്ടശ്ശേരിക്കുശേഷം കേരളത്തിൽ കണ്ട പ്രഗത്ഭൻ വിദ്യാഭ്യാസ മന്ത്രിയാണെന്നാണ്. അങ്ങനെ ലോക മലയാള സമ്മേളനത്തിൽ ആരോ സർട്ടിഫിക്കറ്റ് കൊടുത്തുവെന്ന് കേരളാ കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

തൊട്ട് ജില്ലാ പ്രസിഡന്റ് വരെയുള്ള ആളുകളും പറയുന്നുണ്ട്. അവരാണല്ലോ അവിടെയുണ്ടായിരുന്നത്. അപ്പോൾ അവരെല്ലാവരുംകൂടി അദ്ദേഹത്തിന് നല്ല സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കേരളാ കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മിറ്റിയോഗം ബർളിനിൽ വച്ചു ചേർന്നതായിട്ടുള്ള വിവരം നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : കിട്ടിയിട്ടുണ്ട്. ആ യോഗം ബർളിനിൽവച്ചു കൂടി. അവിടെവച്ച് ഡോക്ടറേറിന് പകരമുള്ള സർട്ടിഫിക്കറ്റും കൊടുത്തു. അപ്പോൾ ഞാൻ സൂചിപ്പിക്കുന്നത് മന്ത്രി ഇങ്ങനെ ഓരോ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ശ്രീ. വി. സി. കബീർ കേരളാ കോൺഗ്രസ്സാണോ ?

ശ്രീ. വി. കെ. രാജൻ : സർ, സംസ്ഥാന ബജറ്റിൽനിന്നും പണമെടുത്താണ് ബെർളിനിൽ പോയത്. ആ നിലയ്ക്ക് വേറെ ചില ആളുകളെ കൂടെകൊണ്ടുപോകണം. അപ്പോൾ ഈ മന്ത്രിയുടെ പ്രഖ്യാപനം മുഴുവൻ ഇവിടെ നടപ്പാക്കുകയില്ലെന്നുള്ള കാര്യം ഉറപ്പാണ്. ഇന്നലെ പ്രീഡിഗ്രി ബോർഡിനെപ്പറ്റി പറഞ്ഞു. പ്രീഡിഗ്രി ബോർഡ് എന്തായാലും നടപ്പാക്കുമെന്ന് പറഞ്ഞ മന്ത്രിയാണ് ശ്രീമാൻ ജേക്കബ്. ഇന്നലെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്നു പറഞ്ഞു. മി. ജേക്കബ്ബിനെ ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഫെബ്രുവരിയിൽ നിങ്ങൾ തെരഞ്ഞെടുപ്പു നടത്താൻ പോകുകയാണ്. യു. ഡി. എഫിന്റെ ധാരണ പ്രകാരം ഫെബ്രുവരി മാസത്തിൽ തെരഞ്ഞെടുപ്പു നടത്തുമെന്ന് പറഞ്ഞു. ഈ തെരഞ്ഞെടുപ്പു നടക്കുമ്പോൾ പ്രീഡിഗ്രി ബോർഡിന്റെ കാര്യമൊന്നുമാകുകയില്ല. ശ്രീ. കരുണാകരന്റെ അഭിപ്രായത്തിൽ മേയ് വരെ നീട്ടിക്കൊണ്ടുപോകണമെന്നാണ്. എന്നാലും ഇതു നടക്കുകയില്ല. ശ്രീ. തച്ചടി പ്രഭാകരനെക്കൊണ്ട് ബഡ്ജറ്റ് അവതരിപ്പിച്ചുനോക്കാമെന്നാണ് അദ്ദേഹത്തിന്റെ ധാരണ. ശ്രീ. തച്ചടി പ്രഭാകരനാണെങ്കിൽ വാരിക്കോരി പ്രഖ്യാപിക്കുകയല്ലെയുള്ളു. അതു നടപ്പാക്കേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് ഇവിടെ ഒന്നും നടക്കുകയില്ല. ഇൻഡ്യയുടെ പ്രത്യേക സാഹചര്യത്തിൽ പഞ്ചാബിലെപ്പോലുള്ള പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാജീവ് ഗാന്ധിതന്നെ പറയുന്നത് ഈ അടുത്ത കാലത്ത് തെരഞ്ഞെടുപ്പു വേണ്ടെന്നാണ്. ഇങ്ങനെയാണ് സംഭവങ്ങൾ നീങ്ങുന്നത്. ഇന്ന് പത്രത്തിൽകണ്ട വാർത്ത ശരിയാണെങ്കിൽ തെരഞ്ഞെടുപ്പു നടക്കുകയില്ല. ഞാൻ മി. ജേക്കബിനോട് പറയുന്നത് നിങ്ങൾ മന്ത്രിസ്ഥാനത്തിരുന്നുകൊണ്ട് പ്രീഡിഗ്രി ബോർഡ് ഇവിടെ നടപ്പാക്കാൻ പോകുന്നില്ല. വളരെ ഉത്തരവാദബോധത്തോടുകൂടി ഞാൻ ഇത് പറയാൻ കാരണം ഞങ്ങളുടെ ഇപ്പുറത്തിരിക്കുന്ന ആളുകളുടെ ശക്തി മാത്രമല്ല അപ്പുറത്തിരിക്കുന്നവരുടെ ശക്തിയുംകൂടി ഇക്കാര്യത്തിനാവശ്യമാണ്. കോൺഗ്രസ് എ-ക്കാരായ ആളുകളെല്ലാം ഇത് നടപ്പാക്കരുതെന്നാണ് ഇവിടെ സംസാരിച്ചത്.

ശ്രീ. വി. ജെ. തങ്കപ്പൻ : കോൺഗ്രസ് എ-ക്കാരുടെ അഭിപ്രായത്തോട് എന്റെ സുഹൃത്ത് രാജൻ തുങ്ങിനിൽക്കണ്ട. കാരണം അവർ എപ്പോഴും അഭിപ്രായം പറയുകയും പിൻവലിച്ച് ഓടുകയും ചെയ്യുന്ന ഒരു വിഭാഗക്കാരാണെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട ഹസ്സൻ ഇന്നലെ ഇവിടെ പറഞ്ഞു എല്ലാ അധികാരങ്ങളും ഒരാളിൽ കേന്ദ്രീകരിച്ചാൽ അത് ഏകാധിപത്യമാകുമെന്ന്. ഇപ്പോൾ ഇൻഡ്യാ രാജ്യത്തെ അധികാരം
11 a. m.] രണ്ടാളുകളുടെ കയ്യിലല്ലേ? അത് 'എ'ക്കാർക്കറിയാം. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ആ ഏകാധിപത്യത്തിൻ കീഴിലാണ് 'എ'കോൺഗ്രസ്സും 'ഐ' കോൺഗ്രസ്സും കഴിയുന്നത്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് ഇവിടെ നടപ്പാക്കുമെന്ന് ഇന്നും ഇവിടെ പറഞ്ഞു. ഒരു ദിവസം മുൻപ് ധനകാര്യ വകുപ്പുമന്ത്രി ഇത് നടപ്പിലാക്കുകയില്ലെന്ന് തറപ്പിച്ച് പറഞ്ഞിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : എസ്. എൻ. ഡി. പി. യുടെ പ്രസിഡൻറായ എം. കെ. രാഘവൻ ഡൽഹിയിൽപോയി രാജീവ് ഗാന്ധിയെ കണ്ടു. രാജീവ് ഗാന്ധി എം. കെ. രാഘവനു ഉറപ്പും കൊടുത്തു പ്രീഡിഗ്രി ബോർഡ് ഒരിക്കലും നടപ്പിലാക്കാൻ അനുവദിക്കുകയില്ലെന്ന്. ഇത് കേട്ടപ്പോൾ മുഖ്യ മന്ത്രിക്കും, തച്ചടിക്കും വലിയ ആവേശമായി. ഈഴവരായ ആളുകൾപോലും എസ്. എൻ. ഡി. പി. പൊതുയോഗത്തിൽ സഭയിൽ സന്നിഹിതരായിരുന്നു. അവർ ആവേശഭരിതരായി. തച്ചടി പ്രഖ്യാപിച്ചു നമ്മുടെ എസ്. എൻ. ഡി. പി. നിൽക്കുന്നിടത്തോളംകാലം പ്രീഡിഗ്രി ബോർഡ് നടപ്പാക്കാൻ അനുവദിക്കുകയില്ല. ഇത് വ്യക്തി വോട്ടാണ്, രാജീവ്ഗാന്ധി കൊടുത്ത ഉറപ്പാണ്.

ശ്രീ. എ. കെ. പത്മനാഭൻ : തച്ചടി പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കുകയില്ലെന്ന് മാത്രമല്ല പറഞ്ഞത് വിദ്യാഭ്യാസ രംഗമാകെ കുളംതോണ്ടിയിരിക്കുന്നുവെന്ന് പറഞ്ഞ കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അതിന്റെ ഫലമായിട്ട് ഒരു നയാപൈസയും കൊടുക്കുകയില്ലെന്നുകൂടി കൂട്ടിച്ചേർത്തു. ഞാൻ പറഞ്ഞുവരുന്നത് അങ്ങയുടെ പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാൻ പോകുന്നില്ല എന്നുള്ളതാണ്. മുൻപ് കുറച്ചൊക്കെ കരുത്തൊക്കെയുണ്ടായിരുന്നു. ഇപ്പോൾ ആ ദേശീയ ധാരയിൽ ചെന്നുപെടാൻ ശ്രമിച്ചപ്പോൾ, അത് പറ്റാതെ വന്നു. ഇപ്പോൾ കരുണാകരൻ ഉൾപ്പെടെ വളരെ കോപത്തിലാണ്. ഇപ്പോൾ അദ്ദേഹത്തിന് അങ്ങയോട് പഴയ സ്നേഹവുമില്ല. ജേക്കബിനോടും ഇപ്പോൾ പഴയ സ്നേഹമില്ല ഇപ്പോൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എല്ലാം കരുണാകരന്റെ തണലിൽ ആണ്. നമ്മുടെ രാജ്യത്തെ നിക്ഷിപ്ത താൽപ്പര്യക്കാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊടുക്കാനുള്ള ബാദ്ധ്യത ജേക്കബ് മുന്നോട്ടു കൊണ്ടുപോകേണ്ട കാര്യമില്ലെന്നാണ് ഞാൻ പറയുന്നത്. ഇന്നലെയുള്ള ചർച്ചയിൽനിന്നും മനസിലായല്ലോ, പ്രീഡിഗ്രി ബോർഡ് നടപ്പിലാകുകയില്ലന്ന്. ഇന്നലെ ശ്രീ. ഹസ്സനിൽ ആരംഭിച്ച പ്രസംഗം അവസാനിച്ചത് നിങ്ങൾ ഐയിൽ പോയിട്ടില്ല 'എ'യിൽ തന്നെയാണന്നുള്ളത് എന്നു പറഞ്ഞുകൊണ്ടാണ്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. രാജൻ, നിങ്ങൾ കൂടെക്കൂടെ 'എ' എന്നു പറയുന്നതിൽ വല്ല കാര്യവുമുണ്ടോ ? 'എ' ഒക്കെ പിരിച്ചുവിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും 'ഐ' മാത്രമേ നിലവിലുള്ളൂ. പിന്നെ രാജന്റെ സ്ഥിതിയാണെങ്കിൽ സി. പി. ഐ., സി. പി. എം. എന്നുള്ള ഓർമ്മയിലാണ് പറയുന്നതെങ്കിൽ ഇത് രണ്ടുംകൂടി ഒരു പാർട്ടിയാണ്. നീങ്ങളെപ്പോലുള്ള ഗതികേടൊന്നും ഞങ്ങൾക്കില്ല. അത് മനസ്സിലാക്കണം. അങ്ങ് ഈ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് 'എ' എന്ന് പറയുന്നുണ്ട്. റൂളിംഗ് കിട്ടിയിട്ടുള്ളതാണ്. ഇവിടെ കോൺഗ്രസ്-ഐയെ ഉള്ളുവെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. വി. കെ. രാജൻ : കോൺഗ്രസ്-ഐ-യേ ഉള്ളൂ എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല ഹസ്സൻ. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടിരുന്നതാണ്. അധികാരമെല്ലാം ഒരാളിൽ കേന്ദ്രീകരിച്ചാൽ ഉള്ള ഭവിഷ്യത്ത് അത് രാജീവ് ഗാന്ധിയിൽ കേന്ദ്രീകരിച്ചാലുണ്ടാകുന്ന ഭവിഷ്യത്ത് എന്താണെന്ന് പറഞ്ഞാൽ ഹസ്സൻ ഇവിടെയിരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് 'എ' എന്നുമാത്രം പറയണ്ട 'ഐ-എ' എന്നു പറഞ്ഞാൽ മതിയെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അവരുടെ ഡെപ്യൂട്ടി ലീഡർ ശ്രീ. ഉമ്മൻ ചാണ്ടി "കേരള ശബ്ദത്തിൽ" ഒരു ഇൻറർവ്യൂ നടത്തി. അതിൽ പറയുന്നത് 'എ'യും 'ഐ'യും ഒന്നുമില്ലെങ്കിലും ചില പ്രശ്നങ്ങളുണ്ടെന്നാണ്. അതുകൊണ്ട് ഞങ്ങൾ വേറിട്ടുതന്നെയാണ് നിൽക്കുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : ശ്രീ. ഹസ്സൻ പ്രസംഗിച്ച പ്രസംഗങ്ങളെല്ലാം കേട്ടിട്ടും അവർ വേറിട്ടു നിൽക്കുന്നുവെന്നാണ് തോന്നുന്നത്.

ശ്രീ. എം. എം. ഹസ്സൻ : സർ, ജനാധിപത്യം യൂണിവേഴ്സിറ്റി ഭരണത്തിൽ വേണമെന്ന് പ്രതിപക്ഷം ശക്തമായി വാദിക്കുന്നു. അതിനെ ഞങ്ങൾ അനുകൂലിച്ചാൽ അതും അഭിപ്രായ വ്യത്യാസമാകുന്നതെങ്ങനെയാണ് ?

ശ്രീ. വി. കെ. രാജൻ : ഇത് ഒരു കൂട്ടുകെട്ട് ഗവൺമെൻറാണല്ലോ ? ഒരു ബില്ല് കൊണ്ടുവരുമ്പോൾ നിങ്ങളുടെ കാബിനറ്റ് ഇത് അംഗീകരിക്കേണ്ടേ ? ആ കാബിനറ്റിനകത്ത് നിങ്ങളുടെ പാർട്ടിയിലെ മന്ത്രിമാർ ഉണ്ടല്ലോ ? അവരെല്ലാം ജേക്കബിന് കൈയടിച്ചു കൊടുത്തില്ലേ ? ശ്രീ. ജേക്കബ് പറയുന്നത് കേൾക്കാൻ കഴിയാത്തവരാണോ നിങ്ങളുടെ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ ? ഞാൻ ശ്രീ. ജേക്കബിനോട് പറയാൻ ആഗ്രഹിക്കുന്നത് ഹിന്ദിയും നിയമവുമൊക്കെ ഇങ്ങോട്ട് മാറേണ്ട കാര്യമില്ലെന്നാണ്. ഇങ്ങോട്ട് മാറണമെന്നു പറയുന്നതിന്റെ അർത്ഥം ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ ശ്രീ. ജേക്കബിന്റെ ഓർഡറിലിയാണ്. അമേരിക്കയിൽ നിന്ന് ഡോക്ടറേറ്റെടുത്ത ആളാണ് ഡോക്ടർ ദേവസ്യ. അദ്ദേഹത്തിന് സ്വന്തമായ ഒരു അഭിപ്രായം പോലുമില്ലാത്ത ഒരു വ്യക്തിയാണ്. ശ്രീ. ജേക്കബ് പറയുന്നതും, കേരള കോൺഗ്രസിന്റെ ആളുകളും പറയുന്നതും അതേപടി അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്ന ഒരാളെന്നതിലുപരി ഒരു വൈസ് ചാൻസലറെന്നുള്ള നിലയിൽ അദ്ദേഹത്തിന് യാതൊരു അംഗീകാരവുമില്ല, എന്നുള്ളത് അവിടത്തെ സിൻഡിക്കേറ്റ് മെമ്പർമാർക്കറിയാവുന്നതാണ്. ശ്രീ. പന്തളം സുധാകരനോട് ഞാൻ ചോദിക്കുന്നു ഡോക്ടർ ദേവസ്യ ഏത് വിദ്യാഭ്യാസ വിചക്ഷണനാണ് ? ആർക്ക് വേണ്ടിയാണ് അദ്ദേഹം അവിടെ ഭരിക്കുന്നത് ? എന്തിനാണ് അവിടെ ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയുണ്ടാക്കിയിരിക്കുന്നത് ? ഇങ്ങനെ ഒരു യൂണിവേഴ്സിറ്റിയുടെ ആവശ്യമില്ലെന്ന് ഞങ്ങൾ അന്നേ പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട് നിൽക്കുന്ന ഒരു കാലഘട്ടത്തിൽ, നിത്യനിദാനചെലവിനും മന്ത്രിമാരുടെ യാത്രച്ചെലവിനും എഴുതിയെടുക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിൽ ഒരു ഓർഡിനൻസ് ഭരണം നടപ്പിലാക്കി. നിയമസഭക്കകത്ത് ചർച്ച ചെയ്യുന്ന അവസരത്തിൽ യാതൊരു കാരണവശാലും ഇങ്ങനെ ഒരു നിയമം ഇവിടെ കൊണ്ടുവരാൻ പാടില്ല. അങ്ങനെ ഒരു യൂണിവേഴ്സിറ്റി കൊണ്ടുവരേണ്ടതില്ലെന്ന് ഞങ്ങൾ അതിശക്തമായി സംസാരിച്ചതാണ്. ഭേദഗതിയും കൊടുത്തതാണ്. എന്താണ് ഉണ്ടാക്കിയത് ? ആർക്ക് വേണ്ടിയാണ് ഉണ്ടാക്കിയത് ? ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടിമാത്രം അതിനകത്തുള്ള കോളേജുകളിൽ 95 ശതമാനവും സ്വകാര്യ കോളേജുകളല്ലേ ? 5 ശതമാനം മാത്രമാണ് ഗവൺമെൻറ് കോളേജുകൾ.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. രാജന്റെ ഓർമ്മക്കുവേണ്ടി ഞാൻ പറയുകയാണ്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള കോളേജുകളിൽ 86 ശതമാനവും പ്രൈവറ്റ് കോളേജുകളാണ്. ഞങ്ങൾ ആകെ പതിനൊന്നണ്ണമേ കൊടുത്തിട്ടുള്ളൂ. നിങ്ങൾ അതിനേക്കാൾ കൂടുതൽ കൊടുത്തവരാണ്.

ശ്രീ. വി. കെ. രാജൻ : നിങ്ങളും ഞങ്ങളും കൊടുത്തതിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നിങ്ങൾ ചില സ്പെഷ്യൽ ഉദ്ദേശത്തോടുകൂടി കൊടുത്തു. ഞങ്ങൾ പൊതുവായ ആവശ്യത്തിനുവേണ്ടി കൊടുത്തതാണ്. ഞാൻ പറഞ്ഞുവന്നത് അവിടെയുള്ള കോളേജുകളിൽ 5 ശതമാനം മാത്രമേ ഗവൺമെൻറ് കോളേജുകളുള്ളൂ എന്നാണ്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോട് ചോദിക്കുന്നു കോഴ്സ് കൊടുത്തതിൽ ഏതെങ്കിലും ഈ ഗവൺമെൻറ് കോളേജിന് കൊടുത്തിട്ടുണ്ടോ ? നിങ്ങൾ പൊതുവായി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവിടെ പുതിയതായി കൊടുക്കുന്ന കോഴ്സുകളെ സംബന്ധിച്ച് അതിശക്തമായി ഒരു ആരോപണം ഉന്നയിച്ച് ഞാൻ പറയുകയാണ്. ഒരു പ്രത്യേക സമുദായത്തിന്റെ കോളേജുകൾക്ക് മാത്രമാണ് ഈ പുതിയ കോഴ്സ് അനുവദിച്ചുകൊടുത്തത്.

ശ്രീ. ടി. എസ്. ജോൺ : 1980 മുതൽ 1982 വരെയുള്ള കാലത്ത് എത്ര കോളേജുകൾ കൊടുത്തു ; എത്രയെണ്ണം സർക്കാർ മേഖലയിൽ കൊടുത്തു ; എത്ര പ്രൈവറ്റ് മേഖലയിൽ കൊടുത്തുവെന്ന് പറയാമോ ?

ശ്രീ. വി. കെ. രാജൻ : ഞാൻ കേരളത്തിൽ, കേരളാ കോൺഗ്രസ് ഭരിച്ച നാളുതൊട്ടുള്ള കണക്കാണ് ചോദിച്ചതെങ്കിൽ ചോദ്യത്തിന് മറുപടിയെഴുതി കൊടുത്തപ്പോൾ അതു ചോദിക്കാം. മൊത്തത്തിൽ ആണെങ്കിൽ മന്ത്രി മറുപടി പറയും. ഈ യൂണിവേഴ്സിറ്റി യാതൊരു പ്രയോജനവും ആർക്കും ചെയ്തിട്ടില്ല. ശ്രീ. ജേക്കബിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന കാര്യമുണ്ട്. അദ്ദേഹത്തിന് മറ്റ് യൂണിവേഴ്സിറ്റികളൊക്കെ തകർന്നാൽ വിരോധമില്ല. കോഴിക്കോട് യൂണിവേഴ്സിറ്റി തകരാം. കേരളാ യൂണിവേഴ്സിറ്റി തകരാം. അതിലെ ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം. കേരളാ യൂണിവേഴ്സിറ്റിയിലെ ഏറ്റവും നല്ല കോച്ചുകളുണ്ട്. അവർ കൊണ്ടുപോയി. എന്നാൽ അവർക്കാവശ്യമായ സൗകര്യങ്ങളൊന്നും ഇവിടെ കൊടുക്കുന്നില്ല. എന്നാൽ ഇവിടെ നല്ല കോച്ചുകളൊന്നും ഉണ്ടാകാൻ പാടില്ല, അവിടെ ഉണ്ടാകണം എന്നുള്ള ഒരു ദുരുദ്ദേശം ശ്രീ. ജേക്കബിനുണ്ട്. അത് അദ്ദേഹം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ പൊതുവെ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് കോളേജുകളേയും, യൂണിവേഴ്സിറ്റികളേയും അധഃപതിപ്പിച്ചുകൊണ്ട് ഈ ഗാന്ധിജി യൂണിവേഴ്സിറ്റി നന്നായി വരണമെന്നുള്ള ഒരു ആഗ്രഹം സംസ്ഥാന മന്ത്രിയെന്നുള്ള നിലയിൽ ഒരു വിഭാഗീയ പ്രവണത പ്രകടിപ്പിക്കുന്നത് ശരിയല്ല എന്നാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അങ്ങനെ ചില ആഗ്രഹങ്ങൾ അദ്ദേഹത്തിനുണ്ടെങ്കിൽ അതിനുള്ള പണവും കൊടുക്കുന്നില്ല, ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യാതൊരു സൗകര്യങ്ങളുമില്ല. ആ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : പണം കിട്ടുന്നത് എങ്ങനെയാണ്. യു.ജി.സി. അംഗീകരിച്ചിട്ടുണ്ടോ ? യു. ജി. സി. അംഗീകരിക്കുന്നിടത്തോളംകാലം പണം ഉണ്ടാകുകയില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നതനുസരിച്ച് അല്ലെ കാര്യങ്ങൾ നടക്കുകയുള്ളൂ. ശ്രീ. രാജേന്ദ്രനു കോട്ടയത്തിനോടു പ്രത്യേകത ഉണ്ടായേക്കാം ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ജേക്കബ് പറയുന്നത് U.G.C. അംഗീകരിക്കണമെങ്കിൽ ചില നടപടിക്രമങ്ങൾ ഇനിയും ചെയ്യാനുണ്ട് എന്നാണ്. സെനറ്റ് പാടില്ല, സിൻഡിക്കേറ്റ് പാടില്ല, തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകൾ പാടില്ല. രാഷ്ട്രീയം കോമ്പസിനുള്ളിൽ പാടില്ല എന്നുള്ള നിബന്ധനകൾ അംഗീകരിച്ച് ജനാധിപത്യവിരുദ്ധമായ രീതിയിലുള്ള പോയിൻറുകൾ മാത്രമേ യു. ജി. സി. അംഗീകരിക്കുകയുള്ളുവെന്നാണ് പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : യു. ജി. സി. എന്നു പറയുന്നതു തന്നെ കേന്ദ്രഗവൺമെന്റിന്റെ ഒരു റബ്ബർ സ്റ്റാമ്പാണ്. കേന്ദ്രഗവൺമെന്റ് കൈകാര്യം ചെയ്യുന്ന കോൺഗ്രസ് 'ഐ' ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് എതിരാണെന്നുള്ളതുകൊണ്ട് അല്ലേ യു. ജി. സി. യുടെ അംഗീകാരം ഇതുവരെയായി ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടാതായിപ്പോയതെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് മനസിലായിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അവർ തമ്മിലുള്ള കാലുവാരൽ പല രൂപത്തിലാണ്. യു. ജി. സി. ചിലപ്പോൾ ജേക്കബിനെതിരായിട്ട് കാലുവാരും, ചിലപ്പോൾ വേറൊന്നിൽ പ്രയോഗിക്കും. ഇവിടെ പരസ്പരം കാലുവാരലല്ലേ നടക്കുന്നത്. ഈ കേരളാ കോൺഗ്രസിലും അങ്ങനെയാണ് ആരംഭിച്ചത്.

ശ്രീ. എ. വി. താമരാക്ഷൻ : കേരളാ കോൺഗ്രസിനെ ഭിന്നിപ്പിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കരുണാകരൻ കൊടുത്ത ഒരു പാരിതോഷികമല്ലേ ജേക്കബിന് ഈ ഗാന്ധിജി സർവ്വകലാശാല ?

ശ്രീ. വി. കെ. രാജൻ : അത് ശരിയാണ്. ഞാൻ പറഞ്ഞു വരുന്നത് ഇപ്പോൾ ശ്രീ. ജേക്കബ് ആലോചിക്കുന്നത്, ശ്രീ. കെ. എം. ജോർജിന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി വേണമെന്നുള്ളതിനെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു കോളേജ് കോതമംഗലത്ത് ആരംഭിക്കാനുള്ള ശ്രമത്തിലാണിപ്പോൾ. ഈ സഭയിൽ മറുപടി പറയുമ്പോൾ അങ്ങനെ കോതമംഗലം ആസ്ഥാനമാക്കിക്കൊണ്ടുള്ള ശ്രീ. കെ. എം. ജോർജ് യൂണിവേഴ്സിറ്റിയെന്ന് പറയുകയുണ്ടായി. എനിക്ക് അതിനെക്കുറിച്ച് അറിയില്ല. അദ്ദേഹം കോതമംഗലത്ത് ആരംഭിക്കാൻ ആലോചിക്കുന്നതായിട്ടുള്ള വാർത്ത പരക്കെ വന്നു കഴിഞ്ഞു. സർ, സ്ഥാൻ അതിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നില്ല. ഈ കോളേജിന് യു. ജി. സി. യുടെ അംഗീകാരം ഇനിയും കിട്ടാൻ പോകുന്നില്ല. സർ, അപ്പോഴും യു. ജി. സി. യുടെ അംഗീകാരം കിട്ടണമെങ്കിൽ ജനാധിപത്യ വിരുദ്ധമായ മൂന്നു നാലു നടപടികളും സ്വീകരിച്ച് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ, കോൺഗ്രസിന്റെ കാലു തിരുമ്മിയതിനുശേഷമല്ലാതെ ഒരിക്കലും കിട്ടുകയില്ല. സർ, അവിടെ കെട്ടിടം വയ്ക്കാൻ സ്വന്തമായി സ്ഥലം വാങ്ങിച്ചോ ? മാസംതോറും 40,000 രൂപ വാടക കൊടുത്തുകൊണ്ടാണ് ആ യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. ആ യൂണിവേഴ്സിറ്റി അവിടെ പണിയാൻ എന്തൊരു ധൃതിയായിരുന്നെന്നോ ? അക്ഷരാഭ്യാസമില്ലാത്ത ഒരു രാജ്യമാണ് ഇൻഡ്യ. അങ്ങനെയുള്ള ഈ രാജ്യത്ത് ഒരു യൂണിവേഴ്സിറ്റി അടിയന്തിരമായി സ്ഥാപിച്ചു. ഇതൊക്കെ എന്തു അപകടത്തിലാണെന്നോ ചെന്നെത്താൻ പോകുന്നത്. കേരളാ കോൺഗ്രസ് മന്ത്രിസ്ഥാനത്തുനിന്നും പോകുന്നതിനേക്കാളും മുൻപ് തങ്ങളെ വളർത്തിയ വരായ ആളുകളുണ്ടല്ലോ അവർക്ക്, പാരിതോഷികം കൊടുത്തില്ലെങ്കിൽ രക്ഷയില്ല. ഇവരൊന്നും രാഷ്ട്രീയ സേവനം നടത്തിവന്ന ആളുകളല്ലല്ലോ ? രാജ്യത്തിൽ ഏതെങ്കിലും പ്രകാരത്തിൽ പ്രവർത്തിച്ചുവന്നവരല്ലല്ലോ ? മതവും, ജാതിയുമൊക്കെ പറഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ നിന്ന് നേതൃത്വത്തിൽവന്നു. അങ്ങനെ വന്നപ്പോൾ തങ്ങൾക്ക് കിട്ടിയ അധികാര സ്ഥാനങ്ങൾ ഉപയോഗിച്ചുകൊണ്ട് തങ്ങളെ പ്രമാണികളാക്കുന്നതിനു യൂണിവേഴ്സിറ്റി കൊടുക്കുന്നു, കോളേജ് കൊടുക്കുന്നു, സ്കൂൾ കൊടുക്കുന്നു, അങ്ങനെ പൊതുജനാവിൽനിന്ന് വാരിക്കോരി കൊടുക്കുകയാണ്. അതിന കൂട്ടുനിൽക്കുന്ന കോൺഗ്രസും, അതിന്റെ കൂട്ടാളികളും കൂടി മാസംപ്രതി 40,000 രൂപ വാടക കൊടുത്തുകൊണ്ട് യൂണിവേഴ്സിറ്റി കെട്ടിടം അവിടെ നിലനിൽക്കുന്നു. എന്നിട്ടും അതിന് യാതൊരു .....

.....

ശ്രീ. പി. പി. തങ്കച്ചൻ : വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉന്നയിക്കാൻവേണ്ടി ഞങ്ങളും കുറെപേർ പഠിച്ചുവന്നിട്ടുണ്ട്. ഈ ബില്ലിനെപ്പറ്റി ഒരക്ഷരംപോലും പറയാതെ ശ്രീ. വി. കെ. രാജൻ രാഷ്ട്രീയ കാര്യങ്ങളും പറഞ്ഞ് ഞങ്ങളുടെ സമയം മുഴുവനും കളയുകയാണ്. ഞങ്ങളും വളരെ കാര്യമായി പഠിച്ചു വന്നിരിക്കുന്ന കുറെ ആളുകളാണ്. ഞങ്ങളുടെ അവസരം നഷ്ടപ്പെടുത്തരുതെന്നാണ് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്. ബഹുമാനപ്പെട്ട ചെയർ അതൊന്ന് ശ്രദ്ധിക്കണം.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, കഴിഞ്ഞ ദിവസം ഇതേ വിഷയത്തിൽതന്നെ ശ്രീമാൻ പി. പി. തങ്കച്ചൻ പ്രസംഗിച്ചപ്പോൾ കൊച്ചിയുടെ ഇന്നത്തെ വളർച്ചയും വലിപ്പവും കണക്കിലെടുത്തുകൊണ്ട് ഈ കോളേജ് കൊച്ചിയിൽ സ്ഥാപിക്കേണ്ടതായിരുന്നു, എറണാകുളത്ത് സ്ഥാപികേണ്ടതായിരുന്നു അങ്ങനെയുള്ള ഒരു സാഹചര്യം നിലവിൽ ഇരിക്കുമ്പോൾ കോട്ടയത്ത് ഇത് സ്ഥാപിച്ചത് ദൗർഭാഗ്യകരമായി പോയി എന്ന് അദ്ദേഹം ഖേദം പ്രകടിപ്പിച്ചത് അങ്ങേക്ക് മനസിലായിട്ടുണ്ടോ ? ആ പറഞ്ഞതിനെപ്പറ്റി എന്താ അഭിപ്രായം.

ശ്രീ. വി. കെ. രാജൻ : സർ, എനിക്കത് അറിയാം. അതല്ലേ അദ്ദേഹം ഇന്നും പ്രസംഗിക്കാൻ തയ്യാറായി നിൽക്കുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റിക്കകത്തുള്ള നിയമനങ്ങളുടെ കാര്യം പറയാം. ആ നിയമനങ്ങളിൽ നടക്കുന്നതെല്ലാം തോന്ന്യവാസമാണ്. നിയമത്തിൽ റിസർവേഷൻ ഇല്ല. റിസർവേഷൻ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ട്, നാളിതുവരെ നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ റിസർവേഷൻ സമുദായത്തിൽപ്പെട്ട, സംവരണ സമുദായത്തിൽപ്പെട്ട ആളുകൾക്കു മാത്രമല്ല, അവിടെ നിയമിച്ചിട്ടുള്ളതിൽ 85% ആളുകളും ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകളാണ്. ഒരു പ്രത്യേക സമുദായം. കൂണക്കെല്ലാം എനിക്കറിയാം. ബില്ലിനെക്കുറിച്ച് ചർച്ചചെയ്യുന്നതിനെപ്പറ്റി ഒരു സാമാന്യ വിവരം മി. തങ്കച്ചനു് വേണ്ടേ ? ഒരു ബില്ലിനെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ആ യൂണിവേഴ്സിറ്റി വന്നതിനുശേഷം ഇതുവരെ നടന്ന കൊള്ളരുതായ്മകളെ കുറിച്ച് ഈ ഘട്ടത്തിൽ സംസാരിക്കാൻ അവകാശം എനിക്കുണ്ട് എന്ന കാര്യം എനിക്കറിയാം. ഞാൻ ഇപ്പോൾ പറഞ്ഞു വന്നത് നിയമനങ്ങളുടെ കാര്യമാണ്. ആ നിയമനത്തിൽ റിസർവേഷൻ പരിപാലിക്കുന്നില്ല. റിസർവേഷൻ പരിപാലിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സിൻഡിക്കേറ്റിനകത്ത് 2, 3 മെമ്പർമാർ സംസാരിച്ചതായ വിവരം എനിക്കറിയാം. അന്ന് പത്രങ്ങളിൽവന്നത്, മി. പന്തളം സുധാകരൻ ഉൾപ്പെടെയുള്ള ആളുകളോട് ഞാൻ ചോദിക്കുന്നു (അദ്ദേഹം ഒരു സംവരണ സമുദായത്തിന്റെ പ്രതിനിധിയാണ്) അത് പരിപാലിക്കുന്നുണ്ടോ ? കേരള കോൺഗ്രസിന്റെ വാർഡ് മെമ്പർ പറയുന്ന ആളുകളെ അതേപടി നിയമിക്കുന്നു. സംവരണ തത്വങ്ങൾ പാലിക്കുന്നില്ല. അവിടെ ഒരിക്കൽ ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 25,000 അപേക്ഷകിട്ടി ഇന്റർവ്യൂവും ടെസ്റ്റും ഒക്കെവന്നു. 50,000 ആണ് ചാർജ്. 50,000 രൂപ വച്ചു പിരിക്കാനുള്ള നടപടികളുമായി മുന്നോട്ടു പോയി. എന്നാൽ ആ ഘട്ടത്തിൽ സിൻഡിക്കേറ്റ് അടിയന്തിരമായി യോഗം ചേർന്ന് അത്തരം നടപടികളുമായി പോകരുതെന്ന ശക്തിയായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അവിടെ ഇന്റർവ്യൂമാറ്റി ഇപ്പോൾ ടെസ്റ്റ് ആക്കിയത്. എന്നാൽ അതിൽ തിരിമറി നടന്നു. അപ്പോൾ അതാണ്. പിന്നെ രണ്ടാമത് ഇപ്പോൾ റിസൾട്ട് വന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എങ്ങനെ വന്നു. കംപ്യൂട്ടർ വച്ച്. കംപ്യൂട്ടർ വാങ്ങിച്ച് ആ ദേവസ്യ എത്ര രൂപയടിച്ചു. അവിടത്തെ അഴിമതിയുടെ കാര്യം ഞാൻ പറയാം ഇപ്പോൾ നടന്ന കാര്യമാണ്. ഇതൊക്കെ ഞാൻ പറയുന്നതല്ല. പത്രങ്ങളിൽകൂടി വരുന്ന കാര്യമാണ്. ശരിയോ തെറ്റോ എന്ന് മന്ത്രി പറയണം. എനിക്ക് ആരുടെയെങ്കിലും മേലുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിൽ പറയുകയല്ല. ഈ കംപ്യൂട്ടറൈസേഷൻ ഏർപ്പെടുത്തികൊണ്ട് റിസൾട്ട് വരുത്തി. ആ റിസൾട്ടിൽത്തന്നെ തിരിമറിനടന്നു. എത്രയെത്ര കുട്ടികളെ ഇപ്പോൾ റിസൾട്ട് ശരിയാകാതെ നടക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു കാര്യം പറയാം. പത്തനംതിട്ടയിൽ ഒരു പ്രൈവറ്റ് കോളേജിൽ കത്തോലിക്കാ കോളേജിലെ അദ്ധ്യാപകൻമാർ പ്രൈവറ്റ് ട്യൂഷൻ നിർത്തണം എന്നു പറഞ്ഞ് ഞാൻ അംഗമായ പെറ്റീഷൻ കമ്മറ്റിയിൽ ഒരു പെറ്റീഷൻ വന്നു പെറ്റീഷൻ കമ്മറ്റി അത് പരിശോധിച്ച് നടപടി സ്വീകരിക്കാനായി ഗവൺമെന്റിനു് കൊടുത്തു. കേസ് വിജിലൻസ് അന്വേഷിച്ചതാണ്. അവിടെ ഇപ്പോൾ പ്രൈവറ്റ് ട്യൂഷൻ മാത്രമേ നടക്കുന്നുള്ളു, കാരണം അവിടത്തെ പ്രിൻസിപ്പാൾ ഡോക്ടർ ടി. എ. ജോർജ് ആണ്. അദ്ദേഹമാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനാണ്. പഠിച്ച് ജോലിയില്ലാതെ നടക്കുന്ന നിരവധി ആളുകളുള്ള നാടാണ് ഇത്. ജോലിയുള്ള ആളുകൾതന്നെ പ്രൈവറ്റ് ട്യൂഷൻ കൊടുത്ത് പണം മേടിക്കുന്ന നടപടികൾ വേണ്ട. ഇത് നിയമസഭയുടെ തന്നെ ഒരു പെറ്റീഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് വിധേയമാകുകയും വിജിലൻസിനു് വിടുകയുമൊക്കെ ചെയ്തിട്ട്, ഇപ്പോഴും അത് നിർബാധമായി നടക്കുന്നു. ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരിക്കുമ്പോഴല്ലാതെ വേറെ ഏതെങ്കിലും കാലത്ത് ഇതു നടക്കുമോ ഈ നിയമസഭയോടുള്ള അവഹേളനമല്ലേ ഇത് ? അദ്ദേഹം അക്കാര്യം കൂടി ഒന്നു

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കണം. പറഞ്ഞാൽ ശ്രദ്ധിക്കുമെന്നാണ് എന്റെ ധാരണ. ഇപ്പോൾ കേരളത്തിൽ വിദ്യാഭ്യാസ മേഖല മൊത്തത്തിൽ സ്വകാര്യവൽക്കരിച്ചു. എന്തായാലും ഇഷ്ടംപോലെ ഉണ്ട്. ദുഃഖിക്കാനൊന്നുമില്ല. അങ്ങനെ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്ന പുരോഗമനപരമായ വിദ്യാഭ്യാസനയം പാടെ തകർത്ത് തരുപ്പണമാക്കി. എന്നു മാത്രമല്ല ഇവിടെ സീതിഹാജിയുടെ പാർട്ടി, അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ആളുകൾ ഈ വിദ്യാഭ്യാസ നയത്തോടെല്ലാം എതിർക്കാൻ കാരണം എന്ത്? ഒരു പ്രത്യേക വിഭാഗം, ഒരു പ്രത്യേകജാതി അങ്ങനെ ഉണ്ടോ? ഈ രാജ്യത്ത്, അങ്ങനെ ഈ രാജ്യത്തില്ല. ഒരു പ്രത്യേക വർഗ്ഗത്തിന്റെ സംരക്ഷണമാണ് നടക്കുന്നത്. അതല്ലേ ഇവിടെ നടക്കുന്നത്. എൻ. എസ്. എസ്., എൻ. ഡി. പി. ഇവരെല്ലാം എതിർക്കുന്നു. മരണകക്ഷിയിൽപ്പെട്ട ആളുകൾ എതിർക്കുന്നു. എന്നിട്ടു പോലും തെറ്റായ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുമ്പോൾ അതിനെ എവിടെയെങ്കിലും ഒന്നു പിടിച്ചു നിർത്തണ്ടേ. നമ്മുടെ പണം ഉപയോഗിക്കുന്നു, നമ്മുടെ രാജ്യം മുന്നോട്ടുപോകേണ്ട രാജ്യമാണ്. അത്യാധുനിക മായിട്ടുള്ള മാറ്റങ്ങൾ വരുത്തണം. ഞങ്ങൾക്ക് ആർക്കും തർക്കമില്ല, ഞങ്ങൾ ഈ രാജ്യത്തെ യന്ത്രവൽക്കരണത്തേയും പുതിയ പുതിയ സയൻസ് ആൻഡ് ടെക്നോളജിയേയുമൊക്കെ പ്രോൽസാഹിപ്പിക്കുന്നവരാണ്. ഇൻഡ്യ 21-ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോൾ ലോകത്തിലെ പല രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഇൻഡ്യ 17-ാം നൂറ്റാണ്ടിലോ 18-ാം നൂറ്റാണ്ടിലോ ആവും. ഞങ്ങൾ, കമ്മ്യൂണിസ്റ്റുകാർ സയൻസിനേയും ടെക്നോളജിയേയുമൊക്കെ അതിയായി ബഹുമാനിക്കുന്നവരാണ്. ഞങ്ങൾ ആത്മാർത്ഥമായി സയൻസിനേയും ടെക്നോളജിയേയുമൊക്കെ മാനിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സോവിയാറ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 27-ാം പാർട്ടി കോൺഗ്രസിൽ ഗോർബച്ചേവിന്റെ റിപ്പോർട്ട് വന്നിട്ടുള്ളത്. അവിടെ ഏറ്റവും കൂടുതൽ അത്യാധുനികമായ കണ്ടുപിടിത്തങ്ങൾ നടക്കുന്നു. ഗോർബച്ചേവിന്റെ റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞിട്ടുള്ളത് ഇന്നുള്ള ഉൽപ്പന്നം 4 ഇരട്ടിയാക്കണം. സയൻസും ടെക്നോളജിയും വിദ്യാഭ്യാസവുമെല്ലാം വികസിക്കണം. അതിന്റെ സന്ദേശമാണ് അവിടെ പറഞ്ഞത്. ഇന്ന് നമ്മുടെ രാജ്യത്തെ സ്ഥിതി എന്താ. ലോക മുതലാളിത്ത രാജ്യങ്ങളുമായി ശാസ്ത്ര സാങ്കേതിക കാര്യങ്ങൾക്ക് കരാറിൽ ഏർപ്പെട്ടാൽ അവസാനമായി ഇൻഡ്യയിലുള്ള വിദേശ നയത്തിന്റെകാര്യം ഉണ്ടല്ലോ, അതുപോലും നമ്മെ അടിയറ പറയേണ്ട ഒരു സ്ഥിതി വിശേഷത്തിലേക്ക് എത്തിച്ചേരും. ഇന്നലെ ഇവിടെ ചർച്ച ചെയ്തപ്പോൾ ഉന്നയിക്കപ്പെട്ട ആവശ്യം ഹിന്ദി നിയമ വകുപ്പുകൂടി കൊച്ചിയിൽത്തന്നെ നിർത്തണമെന്നാണ്. മന്ത്രി വീണ്ടും അതു മാറ്റാനുള്ള നിയമം കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമം നിരാകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിരാകരിക്കണം എന്ന് പറഞ്ഞുകൊണ്ട് കുറെ ആളുകൾ ഒന്നിച്ച് ഇപ്പോൾ മൂവ് ചെയ്യുകയാണ്. ഇതിന്റെ ഫലമായിട്ട് മുൻകൂട്ടി ഭേദഗതി ചെയ്ത ആളുകൾക്ക് സംസാരിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ട്. അത് ചെയർ പരിശോധിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായിട്ടുള്ള ഒരു പോയിന്റാണ്. നിരാകരണ പ്രമേയം സംബന്ധിച്ച് നേരത്തെതന്നെ ചില നടപടിക്രമങ്ങളും ഔചിത്യപൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള ചില കാര്യങ്ങളുണ്ട്. ഭരണഘടനയിൽ നിരാകരണ പ്രമേയം എന്നുള്ളത് വളരെ പ്രധാന സന്ദർഭങ്ങളിൽ കൂടുതലായിട്ട് ഔചിത്യപൂർവ്വം ഉപയോഗിക്കേണ്ട ഒരു കാര്യമാണ്. പക്ഷേ നിർഭാഗ്യവശാൽ വളരെക്കൂടുതലായി ആളുകൾ അത് ഉപയോഗിക്കുന്നുവെന്നുള്ളത് ഒരു നല്ല നടപടിയായി തോന്നുന്നില്ല. അതുകൊണ്ട് നാളെമുതൽ ഇതിൽ മാറ്റം വരുത്താൻ ആഗ്രഹിക്കുന്നുണ്ട്. ആദ്യത്തെ പ്രമേയാവതാരകനെ ക്ഷണിച്ചുകഴിഞ്ഞ് മറ്റ് ഭേഗതി കൊക്കുള്ള ആളുകളുടെ പേരു വിളിക്കുന്ന ഒരു പുതിയ നടപടിക്രമം ആലോചിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം എല്ലാ ബില്ലുകളിലും ഇപ്പോൾ പത്തും പതിനഞ്ചും ആളുകളുടെ നിരാകരണ പ്രമേയം വരുമ്പോൾ നിരാകരണ പ്രമേയം എന്നുള്ളതിന്റെ ഇഫക്ടീവ്നസ് തന്നെ കുറഞ്ഞു പോകുന്ന ഒരു സാഹചര്യം ഉണ്ട്. നമ്മൾ ഇത് വളരെ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്. അതുകൊണ്ട് ഇന്നുകൂടി ഇത് തുടരും. നാളെമുതൽ ആദ്യത്തെ ആറ് പ്രമേയം അവതരിപ്പിക്കും അതുകഴിഞ്ഞാൽ ഭേഗതികൾ അവതരിപ്പിക്കുന്ന ആളുകളുടെ പേരുവിളിക്കും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് നേരത്തെയുണ്ടായിരുന്ന ഒരു കീഴ് വഴക്കത്തെസംബന്ധിച്ചാണ്. സാധാരണ നമ്മുടെ നിയമസഭയിൽ ബില്ലിനെക്കുറിച്ച് ചർച്ചവരുമ്പോൾ ചിലർ elicting Public opinion എന്നു പറഞ്ഞുകൊണ്ട് ഭേഗതി മൂവ് ചെയ്യാറുണ്ട് ചിലർ സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നുപറഞ്ഞ് മൂവ് ചെയ്യാറുണ്ട്.. നേരത്തെ നമുക്കുണ്ടായിരുന്ന ഒരു കീഴ്വഴക്കമെന്നുപറയുന്നത് elicting Public opinion എന്നു മൂവ് ചെയ്തിരിക്കുന്ന പ്രമേയം വിളിച്ചുകഴിഞ്ഞാൽ പിന്നെ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള ആളുകളുടെ പ്രമേയം വിളിക്കാറുണ്ട്. അങ്ങനെ ഒരു കീഴ്വഴക്കം ഇവിടെയുണ്ടായിരുന്നു. അതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ : എന്താണെന്ന് മനസ്സിലായില്ല.

ശ്രീ. ടി.എം. ജേക്കബ്ബ് : അതായത് eliciting public opinion എന്ന് പറഞ്ഞ് പത്തുപേർ പ്രമേയം അവതരിപ്പിച്ചിട്ടുണ്ടെന്ന് വിചാരിക്കുക. അതിനകത്ത് നമ്പർ 1 ആയി കിട്ടുന്ന ഒരാളെ അത് മൂവ് ചെയ്യാൻ അനുവദിക്കും. അതുകഴിഞ്ഞ് രണ്ടാമത് അതേ പ്രമേയം തന്നെ വിളിക്കാതെ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറഞ്ഞ് മറെറാരാൾ പ്രമേയം മൂവ് ചെയ്തിട്ടുണ്ടെങ്കിൽ രണ്ടാമത് വിളിക്കുന്നത് സെലക്ട് കമ്മിറ്റിക്ക് പ്രമേയം മൂവ് ചെയ്തിരിക്കുന്നയാളെ ആയിരിക്കും.....(ബഹളം).....

മി. സ്പീക്കർ : ഇപ്പോൾ ഈ പറഞ്ഞ കാര്യങ്ങളിൽ യാതൊരു മാറ്റവും ഇല്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രീതിയിൽ തന്നെ പോകുന്നതാണ്. ഏതായാലും ഈ നിരാകരണ പ്രമേയം സംബന്ധിച്ച് നാളെ മുതലുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതാണ്. ഇന്നത്തെ നില തുടരുന്നതല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പോയിന്റ് അപ്ഹോൾഡ് ചെയ്യുകയാണ്. മറ്റ് കാര്യങ്ങളെക്കുറിച്ച് പിന്നീട് കൂടുതലായിട്ട് ആലോചിക്കുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഭേഗതി നിയമം അവതരിപ്പിച്ചുകൊണ്ട് ഇവിടെ ഒരു പ്രസ്താവന നടത്തുകയുണ്ടായി. ആ പ്രസ്താവന കേട്ടപ്പോഴാണ് ഇപ്രകാരമൊരു ഭേഗതി നിയമം എന്തിനുവേണ്ട!

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചുവെന്നുള്ളതിനെക്കുറിച്ച് നിരാശ തോന്നിയത്. സാധാരണ ഇതുപോലൊരു ഭേഗതി അവതരിപ്പിക്കുമ്പോൾ അതിന്റെ പിന്നിൽ പൊതുവായ ചില ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടാകും. ആ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഭേഗതി നിയമം അവതരിപ്പിക്കാം. വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാൻ പോകുന്ന ആസൂത്രണത്തിന്റെ ഭാഗമായിട്ട് ഇങ്ങനെയൊരു ഭേഗതി ആവശ്യമായിരിക്കുന്നുവെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായി സൂചിപ്പിച്ചിരുന്നുവെങ്കിലും അത് സന്തോഷത്തോടുകൂടി സ്വീകരിക്കാമായിരുന്നു. കേരളത്തിൽ പല വിഭാഗങ്ങളിലുള്ള വിദ്യാഭ്യാസ പദ്ധതികളുണ്ട്. ആർട്സ്, സയൻസ്, മെഡിസിൻ, എഞ്ചിനീയറിംഗ് ഇങ്ങനെ പല വിഭാഗങ്ങളും ഉള്ളപ്പോൾ ഇതിനെ ഓരോന്നിനെയും കാറ്റഗൈസ് ചെയ്ത് പ്രത്യേകം പ്രത്യേകം യൂണിവേഴ്സിറ്റികളാക്കി മാറ്റുന്നതിന്റെ ഭാഗമായിട്ടാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഇന്നലെവരെ അതിന്റെ ഭാഗമായിരുന്ന ഹിന്ദി വിദ്യാഭ്യാസത്തെയും നിയമ വിദ്യാഭ്യാസത്തെയും അവിടെനിന്നും മാറ്റി ഇതിന്റെതായ മാത്രം ഒരു യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റുന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നുവെങ്കിൽ എനിക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. കേരളത്തിൽ ഇന്ന് നിലവിലുള്ള ഇക്കോണമിയാണെങ്കിൽ ഒരു മിക്സഡ് ഇക്കോണമിയാണ്; ഇവിടത്തെ സംസ്ക്കാരമാണെങ്കിൽ ഒരു മിക്സഡ് സംസ്ക്കാരമാണ്, അതുപോലെ വിദ്യാഭ്യാസ രംഗവും ഒരു മിക്സഡ് വേദിയായി. ഏത് യൂണിവേഴ്സിറ്റിയിലെ പഠനം എടുത്തുനോക്കിയാലും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ പേപ്പറിലുള്ള മാറ്റമല്ലാതെ മറ്റ് യാതൊരുമാറ്റവുമില്ലെന്നും ആദ്യം ഇങ്ങനെയൊരു അമൻഡ്മെൻറ് അവതരിപ്പിച്ചപ്പോൾ ആളുകൾ ധരിച്ചിരുന്നത് കൊച്ചിയിൽ നിന്ന് ഇതിനെയെല്ലാം എടുത്തുമാറ്റി കോട്ടയത്തേക്ക് കൊണ്ടുവരുന്നു എന്നുള്ള ഒരു ആശങ്കയുണ്ടായിരുന്നതായിട്ടും അദ്ദേഹം ഇതിന്റെ ആമുഖമായി സംസാരിച്ചപ്പോൾ പറഞ്ഞു. ഇത് വകുപ്പു വകുപ്പായിട്ട് വായിച്ചുനോക്കിയപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ മാറ്റുമെന്നോ മാറ്റുകയില്ലെന്നോ വിശ്വസിക്കാൻ പറ്റാത്ത സാഹചര്യമാണ് കാണാൻകഴിഞ്ഞത്. ഓഫീസ് മാറ്റങ്ങളൊന്നുമില്ലെന്ന് ഇതിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ഇതിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് അടുത്ത ദിവസം അദ്ദേഹം ഇതിനെ മാറ്റുന്നതിന് നടപടി എടുത്താൽ അതിനെ ആർക്കും എതിർക്കാൻ സാധിക്കുന്നതല്ല. ഭേദഗതിപക്ഷ സുഹൃത്തുക്കളായാലും അതിന്റെ സാങ്കേതികത്വത്തെക്കുറിച്ച് ആദ്യം മനസ്സിലാക്കേണ്ടതാണ്. അടുത്തകാലത്ത് 9-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ കീഴിൽ സഹകരണ വിദ്യാഭ്യാസം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ സാർവ്വത്രികമാക്കിയിട്ടുണ്ടെന്നും അതുകൊണ്ട് അഗ്രിക്കൾച്ചർ ബി എസ്.സി പാസ്സാകുന്ന ആളുകൾക്ക് ഇവിടെ ബി.എ. യോ ബി.എസ്.സി. യോ പാസ്സായതിനുശേഷം എച്ച്.ഡി.സി. പാസ്സാകുന്നവരേക്കാൾ മുൻഗണന കൊടുത്ത് സഹകരണ വകുപ്പിൽ നിയമനം കിട്ടേണ്ട അവകാശമുണ്ടെന്ന ഒരു അമൻഡ്മെൻറ് കൊണ്ടുവരുകയുണ്ടായി. അതിനെ ആദ്യമായിട്ട് ഞാൻ ആ സാങ്കേതികത്വം പറഞ്ഞുതന്നെ എതിർക്കുകയാണുണ്ടായത്. അതിനുമുമ്പുള്ള കാലഘട്ടങ്ങളിലും ആർട്സ് സബ്ജക്ട് പഠിക്കുന്ന ആളുകൾക്ക് എലിമെൻററി നോളഡ്ജ് കിട്ടണമെന്ന നിലയിൽ സയൻസ് സബ്ജക്ട് കൂടെ പഠിച്ചേ തീരൂ. ഇന്നും ആ സമീപനം തുടർന്നു വരുകയാണ്. തിരുവനന്തപുരത്ത് ആർട്സ് കോളേജ് ഉണ്ട്. അവിടെ എല്ലാ കോഴ്സുകാർക്കും സയൻസ് സബ്ജക്ട് കൂടെ പഠിപ്പിക്കുകയാണ്. അപ്പോൾ ഈ മിക്സഡ് എഡ്യൂക്കേഷൻ, ആ സമീപനം ഇന്ന് എല്ലാ യൂണിവേഴ്സിറ്റികളിലും സാർവ്വത്രികമാണ്. പക്ഷേ ഞാൻ ഇത് പഠിച്ചു നോക്കിയതിൽനിന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ കാര്യമായി ബുദ്ധിപൂർവ്വം നടത്തിയിട്ടുള്ള ഒരു നടപടിയായിട്ടാണ്. കാരണം ഈ കൊച്ചിൻ യൂണിവേഴ്

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിയെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ വളരെയധികം പ്രശംസിച്ചിട്ടുണ്ട്. അതിന്റെ എല്ലാ അംഗീകാരങ്ങളും കിട്ടുന്ന ഒരു യൂണിവേഴ്സിറ്റിയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി. അതേസമയത്ത് ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഈ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം പാലിക്കാത്ത ഒറ്റക്കാരണം കൊണ്ട് യാതൊരു ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ള ഒരു കോളേജിന്റെ ഒരു വിംഗ് സാങ്കേതികത്വത്തിന്റെ പേരിൽ ഗാന്ധിജി യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റിക്കഴിഞ്ഞാൽ ആ പേരുപറഞ്ഞു കൊണ്ടുതന്നെ ഒരുപക്ഷേ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ ആനുകൂല്യങ്ങളും നേടിയെടുക്കുവാൻ സാധിക്കുമെന്നുള്ളതിന്റെ പരിശ്രമത്തിന്റെ ഒരു ഭാഗമാണിതെന്നാണ് എനിക്ക് ആത്മാർത്ഥമായിട്ട് പരിശോധിച്ചുനോക്കിയപ്പോൾ തോന്നുന്നത്. അല്ലെങ്കിൽ ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അഞ്ച് വർഷക്കാലം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ പഠിക്കണം. അവിടെ പാസാകുന്ന ഒരു വിദ്യാർത്ഥിക്ക് കിട്ടുന്ന ക്വാളിഫയിംഗ് സർട്ടിഫിക്കറ് അഗ്രിക്കൾച്ചർ ബി.എസ്.സി. എന്നാണ്. ഈ അഞ്ചുവർഷവും സമഗ്രമായിട്ട് സഹകരണ നിയമവുംകൂടി പഠിക്കുന്ന പല വിദ്യാർത്ഥികളും, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് അഗ്രിക്കൾച്ചറിനോടൊപ്പം തന്നെ പ്രഥമ വിഷയമായി സഹകരണനിയമം പഠിക്കേണ്ട സംവിധാനം ഈ രാജ്യത്ത് നിലവിലുണ്ട്. ആ നിലയ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റി ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയായി ഉയർത്തിയെന്നുള്ള ഒറ്റക്കാരണം പറഞ്ഞുകൊണ്ട് അതിൽ ഇത്രയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന നിയമവിഭാഗവും ഹിന്ദി വിഭാഗവും കാര്യക്ഷമതയും പ്രാവീണ്യവുമാണ് ഈ രാജ്യത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതെന്ന ലക്ഷ്യബോധമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായിട്ടും ബഹുമാനപ്പെട്ട മന്ത്രി ഇപ്രകാരമൊരു നടപടി സ്വീകരിക്കുകയില്ലായിരുന്നു. ഈ തീരുമാനം അനവസരത്തിലുള്ളതും ബുദ്ധിശൂന്യമായിട്ടുള്ളതുമാണെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

സർ, സാധാരണ നമ്മൾ എന്തു നടപടിയെടുക്കുമ്പോഴും അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ, അത് ചെയ്തില്ലെങ്കിൽ ഉണ്ടാകുന്ന ദുഷ്യങ്ങൾ ഇവയെല്ലാം നോക്കും. അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ അതാണ് നമ്മൾ പ്രതീക്ഷിച്ചത്. ഇത് എടുത്തുമാറ്റുന്നതുകൊണ്ടുള്ള ഗുണങ്ങൾ ഇന്നതാണ് എന്ന് അദ്ദേഹം പറയുമെന്നായിരുന്നു അംഗങ്ങളുടെ മനസ്സിലുണ്ടായിരുന്ന ധാരണ. ഇത് അവിടെ നിന്ന് അടർത്തിയെടുത്ത് ഗാന്ധിജി സർവ്വകലാശാലയുടെ ഭാഗമാക്കുന്നതിനോട് അനുബന്ധിച്ച് മറ്റ് യാതൊരു മാറ്റവും വരുന്നില്ല. കോടതിയിൽ സാധാരണ ഒഴിപ്പിപ്പ് നടക്കുമ്പോൾ ഞങ്ങൾ പറയാറുണ്ട് ഇതുവെറും പേപ്പർ ഡെലിവറിയാണ്. ആക്ച്വൽ ഡെലിവറി നടന്നില്ല എന്ന്. അതുപോലെയൊരു പ്രസ്താവനയാണ് അദ്ദേഹം ഇവിടെ നടത്തിയത്. കടലാസിലുള്ള മാറ്റമല്ലാതെ യാതൊരു മാറ്റവും ഇല്ല. ഇതിന്റെ ആവശ്യമെന്താണ് ? കടലാസിലുള്ള മാറ്റത്തിനുവേണ്ടി ഈ സഭയുടെ വിലപ്പെട്ട കുറേ മണിക്കൂറുകൾ നഷ്ടപ്പെടുത്തുക, അതിനുശേഷം അതിനുവേണ്ടി സബ്ജക്ട് കമ്മിറ്റിക്ക് അയക്കുക, വീണ്ടും ഈ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയെടുക്കുക മുതലായവ ഭാരമേറിയ ജോലിയാണ്. മറ്റെന്തെല്ലാം ആവശ്യമേറിയ ജോലി ഈ സഭ നടത്തേണ്ടതുണ്ട്. ഈ അവസരത്തിൽ പേപ്പറിലുള്ള മോഡിഫിക്കേഷനുവേണ്ടി ഇതുപോലെ ഒരു നിയമം ഇവിടെ കൊണ്ടുവരേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. അങ്ങനെ ആവശ്യമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഇതിന്റെ ആമുഖ പ്രസംഗത്തിൽ അത് പറയാമായിരുന്നു. അത് പറഞ്ഞിട്ടുമില്ല. അതുപോലെ അദ്ദേഹം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായിച്ചുനോക്കിയാൽ ഈ ഭാഗം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

മാറുമ്പോൾ മറെറാരു ഭാഗത്തേക്ക് മാറുകയില്ല എന്നുള്ള പ്രൊഹിബിറെറഡ് ക്ലാസ് ഇതിൽ കൊടുത്തിട്ടുമില്ല. അങ്ങനെ കൊടുത്തിട്ടില്ലാത്തിടത്തോളം കാലം അദ്ദേഹം ഇന്നലെവരെ ചെയ്തിട്ടുള്ള പല പ്രസ്താവനകളും മാറി പറയേണ്ടിവരും. ഇവിടെയും ഇത് മാറിപ്പറയുന്ന ആളിന്റെ പ്രസ്താവനയ്ക്ക് യാതൊരു വിലയും ഇല്ലെന്ന് നിസ്സംശയം പറയാം. ഇവിടെ എല്ലാ കോഴ്സുകളും നടക്കുന്നു. മറ് കോളേജുകളോടൊപ്പം തന്നെ ആർട്സ് കോളേജുകളിൽ സയൻസ് സബ്ജക്ട് ഉള്ളതുപോലെ സയൻസ് കോളേജുകളിൽ ആർട്സ് സബ്ജക്ട് ഉള്ളതുപോലെ ഇവിടെ സയൻസ് ആൻറ് ടെക്നോളജി എന്നുപറയുന്ന ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ ഇതിൽ കാലാകാലമായി പ്രവർത്തിച്ചുവരുന്ന ഈ വിംഗിനെ മാറണമെന്ന് പറയുന്നതിന് ന്യായീകരണമില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇത് നിൽക്കണം. ഇത് മനഃപ്പൂർവ്വം എടുത്തു മാറുന്നത് യു.ജി.സി. യുടെ അംഗീകാരം കിട്ടുന്നതിനുവേണ്ടിയാണെങ്കിൽ അത് അദ്ദേഹം സത്യസന്ധമായി പറയേണ്ടതുമായിരുന്നു എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ ആളുകൾക്ക് ഓപ്ഷനുള്ള സൗകര്യം. ഇതിന്റെ മൂല്യനിർണ്ണയം ചെയ്താൽ ഇന്നലെവരെ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരുന്ന ഈ വിഭാഗത്തിന്റെ ആസ്തികൾ അതോടൊപ്പം തന്നെ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ആസ്തികളായിട്ടും കടങ്ങൾ കടങ്ങളായിട്ടും മാറും. അതുപോലെ തന്നെ അവിടെയുള്ള ഉപകരണങ്ങളും ലൈബ്രറിയുമെല്ലാം ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറുമെന്നാണ് ഇതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്തെപ്പറ്റി അദ്ദേഹം ഇവിടെ പറഞ്ഞ പ്രസ്താവന ശരിയാണെങ്കിൽ, ഇത് മാറി എവിടെയാണ് കൊണ്ടുപോയി സ്ഥാപിക്കാൻ പോകുന്നതെന്നുള്ളത് പറയണം, വായിച്ചുനോക്കിയതിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ ഞാൻ തയ്യാറാണ്. അദ്ദേഹം മറുപടിയിൽ പറയുന്നത് വളരെ ഉപകാരമായിരിക്കും. ഇത് മുഴുവൻ മാറുമെങ്കിൽ ഏത് ആസ്ഥാനത്തേക്ക് മാറുമെന്ന് അദ്ദേഹം പ്രസ്താവനയിൽ ഉദ്ദേശലക്ഷ്യങ്ങളോടുകൂടി പറയേണ്ടതല്ലേ. അതൊന്നുമില്ലാതെ മനഃപൂർവ്വം ഭൂരിപക്ഷമുണ്ടെന്നതുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ എന്ത് കൊണ്ടുവന്നാലും പാസ്സാക്കിതരേണ്ട ബാദ്ധ്യത ഭരണപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഉണ്ട് എന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്; ഇതിന് ലക്ഷ്യബോധമില്ല, ആത്മാർത്ഥതയില്ല, സത്യസന്ധതയുമില്ല. ഇപ്രകാരം ഒരു ഭേദഗതി കൊണ്ടുവരുന്നത് ഈ രാജ്യത്തെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് അറിവുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അപമാനകരമായിരിക്കും. ഈ അപമാനകരമായ നടപടിയിൽനിന്നും വിദ്യാഭ്യാസമന്ത്രി പിന്തിരിയണമെന്ന് പറഞ്ഞുകൊണ്ട്, ഈ ഭേദഗതി ഉപേക്ഷിച്ച് മറ് എന്തെങ്കിലും സമഗ്രമായ നടപടികളുമായി മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ.എ.വി. താമരാക്ഷൻ : സർ, '1986-ലെ ഗാന്ധിജി സർവ്വകലാശാലാ ഭേദഗതി ബിൽ ഈ സഭ നിരാകരിക്കണം' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഗാന്ധിജി സർവ്വകലാശാലാ നിയമം തന്നെ ഈ നിയമസഭയിൽ ചർച്ചചെയ്ത അവസരത്തിൽ അത് അനാവശ്യമാണ്, അനവസരത്തിൽ ഉള്ളതാണെന്ന് ഈ സഭയിൽ ശക്തമായി വാദിച്ച ഒരാളാണ് ഞാൻ. അങ്ങനെ പറയാൻ എന്നെ പ്രേരിപ്പിച്ചതിന് കാരണങ്ങളുണ്ട്. നമ്മുടെ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വമ്പിച്ച സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ വലിയ സാമ്പത്തിക ബാദ്ധ്യത പിന്നേയും സംസ്ഥാന ഗവൺമെൻറിന്റെമേൽ അടിച്ചേൽപ്പിക്കുന്ന ഒന്നാണ് ഗാന്ധിജി സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരണം എന്നതുകൊണ്ടാണ് പ്രധാനമായും ഇതിനെ എതിർത്തത്. എന്നു മാത്രമല്ല അത്തരം ഒരു സർവ്വകലാശാല ഉണ്ടായാൽ ഗുണകരമായ നിലയിൽ എന്തെങ്കിലും ഒരു നേട്ടം ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കാനും കഴിയുന്നില്ല. ഗാന്ധിജി സർവ്വകലാശാല വരുന്നതിനുമുമ്പ്, ഇന്ന് ഗാന്ധിജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മുഴുവൻ കോളേജുകളും കേരള യൂണിവേഴ്സിറ്റിയുടെയോ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെയോ പരിധിയിലായിരുന്നു. കേരള കാലിക്കട്ട് യൂണിവേഴ്സിറ്റികൾക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നപ്പോഴും തന്നെ ഞാൻ ചൂണ്ടിക്കാണിച്ചതാണ് ഈ യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്ന് ഒരു നയാപ്പൈസപോലും ലഭിക്കാൻ പോകുന്നില്ല എന്ന്. അന്ന് വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ പറഞ്ഞത് ഗാന്ധിജി യൂണിവേഴ്സിറ്റിക്കും യു.ജി.സി. ഗ്രാന്റ് കിട്ടുമെന്നാണ്. ഇതിനകം ആറുകോടി രൂപയാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്നും കിട്ടേണ്ടിയിരുന്നത്; അത് ഗാന്ധിജി സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ആ ഉത്തരവാദിത്തത്തിൽ നിന്ന് ശ്രീ. ജേക്കബിന് മാറി നിൽക്കാൻ കഴിയുമോ? കേരള യൂണിവേഴ്സിറ്റിയുടെയോ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെയോ കീഴിലായിരുന്നുവെങ്കിൽ ഇന്നലെവരെ ആറുകോടി രൂപ യു ജി.സി. യിൽ നിന്ന് കിട്ടുമായിരുന്നു. അത് നഷ്ടപ്പെട്ടു എന്നുമാത്രമല്ല, ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വമ്പിച്ച മുതൽമുടക്ക്, വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഗാന്ധിജി സർവ്വകലാശാലയിൽ അടിച്ചേൽപ്പിച്ചുകൊണ്ട് ഒരു വലിയ ഭാരമുണ്ടാക്കിയെന്നത് ഒഴിച്ചാൽ ഗാന്ധിജി സർവ്വകലാശാല കൊണ്ട് ഒരു നേട്ടവുമുണ്ടായിട്ടില്ല. ഒരു പക്ഷേ ശ്രീ. ജേക്കബിന് സന്തോഷിക്കാൻ കഴിയുമായിരിക്കും.

ചില നിക്ഷിപ്ത താൽപ്പര്യങ്ങൾക്കുവേണ്ടി, ചില പ്രത്യേക പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കിയെന്ന് ചില ആളുകളുടെ ഇടയിൽ പ്രചരിപ്പിക്കാൻ കഴിയും എന്ന നേട്ടമൊഴിച്ചാൽ ഈ സംസ്ഥാന ഗവൺമെന്റിനോ, ഈ നാട്ടിനോ, ഉന്നത വിദ്യാഭ്യാസ രംഗത്തിനോ ഒരു നേട്ടവുമുണ്ടായിട്ടില്ല. ഗാന്ധിജി സർവ്വകലാശാല രൂപീകരിച്ച രീതിയും ഇപ്പോഴും തുടർന്നുവരുന്ന നയങ്ങളും നോക്കിയാൽ ശ്രീ. ടി.എം. ജേക്കബിന് ഇപ്പോഴും കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി മാത്രം മതിയെന്ന് തോന്നും. കേരള യൂണിവേഴ്സിറ്റിയിൽ എന്തുമാകാം. അത് എങ്ങനെ തകർന്നു നശിച്ചാലും ശ്രീ. ടി.എം. ജേക്കബിന് സാരമില്ല. ഗാന്ധിജി യൂണിവേഴ്സിറ്റി നന്നായിരിക്കണം, അവിടെ ക്ലാസ്സുകളും നടക്കുകയും വേണം. അവിടെ കുട്ടികൾക്ക് നല്ല കോച്ചിംഗ് കൊടുക്കണം. യു.ജി.സി. ഗ്രാന്റ് ഇല്ലെങ്കിലും മറ്റ് സഹായമില്ലെങ്കിലും സ്ഥാപന ബജറ്റിൽ നിന്നുള്ള പണം അങ്ങോട്ട് ചിലവഴിക്കുന്നു. ആ യൂണിവേഴ്സിറ്റി മാത്രം നല്ല നിലയിൽ പോയാൽ മതിയെന്ന ഇടുങ്ങിയ, പ്രാദേശിക താൽപ്പര്യമാണ് വിദ്യാഭ്യാസ മന്ത്രിയിൽ കൊണ്ടിരിക്കുന്നത്.

നേരത്തെ ശ്രീ. വി.കെ. രാജൻ പറഞ്ഞതുപോലെ കേരള യൂണിവേഴ്സിറ്റിയിൽ പ്രഗൽഭൻമാരായ കോച്ചുകളുണ്ടായിരുന്നു. അന്തർ സർവ്വകലാശാലാ മൽസരങ്ങളിൽ കഴിഞ്ഞ വർഷംവരെയും ഗാന്ധിജി യൂണിവേഴ്സിറ്റി രൂപം കൊള്ളുന്നതുവരെയും ഇൻഡ്യയിൽ ഒന്നാംകിട യൂണിവേഴ്സിറ്റി കേരള യൂണിവേഴ്സിറ്റി ആയിരുന്നു. ഇവിടെ പ്രഗൽഭൻമാരായ കോച്ചുകളുണ്ടായിരുന്നു. വോളീബോൾ രംഗത്തെ കോച്ചുകളുടെ കാര്യം ഞാൻ ഓർക്കുന്നു. അന്തർ യൂണിവേഴ്സിറ്റി മൽസരങ്ങളിൽ ഒന്നാം സ്ഥാനത്ത് നിന്ന യൂണിവേഴ്സിറ്റിയാണ് കേരള യൂണിവേഴ്സിറ്റി. എന്റെ നാട്ടുകാരനായ കല്ലുമൂർ ഗോപിനാഥ് എന്നുപറയുന്ന കോച്ചിനെ ഗാന്ധിജി യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് കൊണ്ടുപോയി. ബാസ്ക്കറ്റ്ബോൾ കോച്ചിനെ കൊണ്ടുപോയി. ആ നിലയിൽ പ്രഗൽഭൻമാരായ കോച്ചുകളെ ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുപോയി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, അവർക്ക് ഓപ്ഷൻ സൗകര്യം കൊടുത്തിരുന്നു. അവരൊക്കെ ഓപ്ട് ചെയ്തതാണ്. ആരും പിടിച്ചുകൊണ്ട് പോയതല്ല.

ശ്രീ. എ. വി. താമരാക്ഷൻ : സർ, മന്ത്രി തന്നെ നേരിട്ട് വിളിച്ച് സഹായം കൊടുത്തുകഴിഞ്ഞാൽ മറ്റ് മാർഗ്ഗമില്ല. എന്നിട്ട് ഓപ്ട് ചെയ്തു എന്ന പേര് പറഞ്ഞാൽ മതിയല്ലോ. ആ നിലയിൽ കേരള യൂണിവേഴ്സിറ്റിയിലെ പ്രഗൽഭൻമാരായ കോച്ചുകളെയെല്ലാം ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ കൊണ്ടുപോയി. ഇപ്പോഴും ആ യൂണിവേഴ്സിറ്റിക്കുതന്നെ അംഗീകാരം കിട്ടണമെങ്കിൽ രണ്ടുകോടി രൂപയുടെ ആസ്തിയുണ്ടായിരിക്കണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ തന്നെ ഡിപ്പാർട്ടുമെൻറുകളും വേണം. അതിനുവേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലുണ്ടായിരുന്ന ഹിന്ദി, നിയമവകുപ്പുകളും ഇപ്പോൾ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലേക്ക് കൊണ്ടുപോകുവാനുള്ള ഭേദഗതിയുമായിട്ടാണ് മന്ത്രി വന്നിരിക്കുന്നത്.

ആമുഖപ്രസംഗത്തിൽ ബഹുമാന്യനായ മന്ത്രി പറഞ്ഞത് ഭരണപരമായ കാര്യങ്ങളും മാത്രമായിരിക്കും ഗാന്ധിജി യൂണിവേഴ്സിറ്റിയിലുള്ളത്, കോഴ്സുകളും കൊച്ചിൻ സർവ്വകലാശാലയിൽത്തന്നെ നടക്കും എന്നാണ്. അങ്ങനെയാണെങ്കിൽ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് (എ) കൊച്ചി സർവ്വകലാശാലയിലെ ഹിന്ദി, നിയമം എന്നീ ഡിപ്പാർട്ടുമെൻറുകളും, കൊച്ചി സർവ്വകലാശാലയിൽനിന്നും ഗാന്ധിജി സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതായിത്തീരുന്നതാണ്. (ബി) പ്രസ്തുത ഡിപ്പാർട്ടുമെൻറുകളും സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടങ്ങളുമൊഴികെ, എന്നാൽ ലൈബ്രറിയും, ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ എല്ലാ സ്ഥാവര ജംഗമവസ്തുക്കളും ഗാന്ധിജ് സർവ്വകലാശാലയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും അതിൽ നിക്ഷിപ്തമാകുകയും ചെയ്യുന്നതാണ്. അവിടെത്തന്നെയാണ് ഈ കോഴ്സുകളും നടപ്പിലാക്കാൻ പോകുന്നതെങ്കിൽ പിന്നെ എന്തിനാണ് ആ സ്ഥലവും കെട്ടിടവും മാത്രം ഒതുക്കിനിർത്തിക്കൊണ്ട് ലൈബ്രറിയും ഉപകരണങ്ങളും, ഫർണിച്ചറുകളും എല്ലാം ഗാന്ധിജി സർവ്വകലാശാലയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത്? ഫലത്തിൽ ഈ കെട്ടിടവും സ്ഥലവും കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ട് നാളെ ആ ഫർണിച്ചറുകളും ലൈബ്രറികളും മറ്റ് ഉപകരണങ്ങളുമടക്കം ഗാന്ധിജി സർവ്വകലാശാലയിലേക്ക് മാറ്റുവാൻവേണ്ടിയുള്ള ബോധപൂർവ്വമായ നിയമനടപടികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആ നിലയിലുള്ള നടപടികളാണ് ശ്രീ. ജേക്കബ്ബ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിൻറെ അടിത്തറ ഈ ഗവൺമെൻറിൻറെ കഴിഞ്ഞ നാലരവർഷക്കാലത്തെ ഭരണംകൊണ്ട് തകർത്തിരിക്കുകയാണ്. ശ്രീ. ജേക്കബ്ബിന് അഭിമാനിക്കാൻ കഴിയുന്നത് തൻറെ കാലയളവിൽ രണ്ട് യൂണിവേഴ്സിറ്റികൾക്ക് ജൻമംകൊടുത്തു എന്നതായിരിക്കും. അങ്ങേക്കോ, ഈ നിയമസഭാ സാമാജികൻമാർക്കോ ആർക്കെങ്കിലുമോ നെഞ്ചിൽ കൈവച്ചുകൊണ്ട് ഇന്നത്തെ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രശ്നങ്ങൾ ഇല്ലെന്ന് പറയുവാൻ കഴിയുമോ?

ഇന്ന് നമ്മുടെ കേരളത്തിലെ യൂണിവേഴ്സിറ്റികൾ കൊടുക്കുന്ന സർട്ടിഫിക്കറ്റുകളുമായി വെളിയിൽ പോകാൻ മാർഗ്ഗമില്ല. ഒരു യൂണിവേഴ്സി

LIBRARY ARCHIVES Kerala Legislative Assembly

റിയും അത് അംഗീകരിക്കുന്നില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന മൂല്യങ്ങളെയാകെ തകർത്ത്, വിദ്യാഭ്യാസ നിലവാരമാകെ ഇടിച്ച്, നമ്മുടെ യൂണിവേഴ്സിറ്റികളുടെ സർട്ടിഫിക്കറ്റുകളെ അപഹാസ്യമാക്കി മാറ്റി ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ജീവിതം പന്താടിയ ഒരു സർക്കാരാണ് ഇന്ന് ഇവിടെ അധികാരത്തിലിരിക്കുന്നത്. പ്രീ-ഡിഗ്രി പരീക്ഷാ ഫലത്തെക്കുറിച്ച് അങ്ങേക്കുമറിയാവുന്നതാണ്. കേരളത്തിൽ മൂന്നു സർവ്വകലാശാലകളുടെ പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രഖ്യാപിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ ഇപ്പോഴും ആ ഫലപ്രഖ്യാപനം പൂർണ്ണമായിട്ടില്ല. കഴിഞ്ഞ നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞതനുസരിച്ച് കേരളാ യൂണിവേഴ്സിറ്റിയിൽ 3,726-ഉം, കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 350-ഉം, ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ 123-ഉം കുട്ടികളുടെ പ്രീ-ഡിഗ്രി പരീക്ഷാഫലം ഇപ്പോഴും പ്രസിദ്ധീകരിച്ചിട്ടില്ല. ഫലം പ്രഖ്യാപിച്ചതിൽതന്നെ കേരളാ യൂണിവേഴ്സിറ്റിയിൽ 4,538-ഉം, കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 2,500-ഉം, ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ആറും പരാതികളടക്കം ആകെ 7,044 പരാതികളും ഇപ്പോഴും നിലനിൽക്കുന്നു. ഫലപ്രഖ്യാപനത്തിനുശേഷം വിജയിച്ചതിന്റെ പേരിൽ ചില കുട്ടികൾ പ്രൊഫഷണൽ കോളേജുകളിലേക്ക് പോയി. ചില കുട്ടികൾ മറ്റ് കോളേജുകളിൽ അപേക്ഷ കൊടുത്തു. എന്നാൽ ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്നും നിങ്ങൾക്ക് കിട്ടിയ സർട്ടിഫിക്കറ്റുകൾ തിരിച്ചു കൊടുക്കണമെന്നു പറഞ്ഞ് കത്തയച്ചിരിക്കുകയാണ്. ക്ലാസ് വാങ്ങി ജയിച്ചു എന്ന പേരിൽ അഡ്മിഷൻ മേടിച്ച കുട്ടികൾ തോറ്റിരിക്കുന്നു എന്ന കാരണത്താൽ ആ സർട്ടിഫിക്കറ്റുകൾ തിരിച്ചു കൊടുക്കണമെന്ന് യൂണിവേഴ്സിറ്റികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രീ-ഡിഗ്രി പരീക്ഷയുടെ ഫലം ഏതാണ്ട് പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷമാണ് ആയിരത്തിൽപരം പേപ്പറുകൾ മൂല്യനിർണ്ണയം നടത്താത്തതായി കണ്ടെടുത്തിരിക്കുന്നത് കേരളാ യൂണിവേഴ്സിറ്റിയിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊക്കെ പല പ്രാവശ്യം ചർച്ച ചെയ്തതാണ്.

ശ്രീ. എ.വി. താമരാക്ഷൻ : ബി.എ., ബി.എസ്സ്.സി., ബി.കോം. പേപ്പറുകളുടെയിടയിൽ നിന്നാണ് ആയിരക്കണക്കിന് പ്രീ-ഡിഗ്രിപേപ്പറുകൾ മൂല്യനിർണ്ണയം നടത്താത്തവയായി കണ്ടെടുത്തിരിക്കുന്നത്. ഇന്ന് നമ്മുടെ കേരളാ യൂണിവേഴ്സിറ്റിയിൽ 89,921 കുട്ടികളാണ് പരീക്ഷയെഴുതിയത്. അതിൽ ജയിച്ചത് 19,422 കുട്ടികളാണ്. 70,541 കുട്ടികൾ കേരളാ യൂണിവേഴ്സിറ്റിയിൽ തോറ്റുപോയി. ഗാന്ധിജി സർവ്വകലാശാലയിൽ 31,628 കുട്ടികൾ പരീക്ഷയെഴുതി, ജയിച്ചത് 13,007 കുട്ടികളാണ്. തോറ്റത് 18,614 കുട്ടികളാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് 44,000 കുട്ടികൾ തോറ്റു. ഈ വർഷം മൊത്തം പ്രീ-ഡിഗ്രി പരീക്ഷയെഴുതിയവരിൽ ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തിൽപരം കുട്ടികൾ തോറ്റിരിക്കുകയാണ്. ആ കുട്ടികൾക്ക് സെപ്തംബർ പരീക്ഷ എഴുതണ്ടേ? ഒരുലക്ഷത്തി മുപ്പത്തിനാലായിരം കുട്ടികളുടെ മാതാപിതാക്കൾ ഇന്ന് വേദനിക്കുകയാണ്. ജയിച്ച കുട്ടികൾക്കാകട്ടെ, ശരിയായ നിലയിൽ മൂല്യനിർണ്ണയം നടത്താത്തതിന്റെ ഫലമായി ഉന്നതമാർക്ക് കിട്ടാനുള്ള കുട്ടികൾക്ക് പലർക്കും അത് കിട്ടിയിട്ടില്ല. ജയിച്ച കുട്ടികൾ തോൽക്കുകയും തോൽക്കുമെന്നു കരുതിയ കുട്ടികൾ പലരും ജയിക്കുകയും ചെയ്തു. ജയിച്ചശേഷം കോളേജുകളിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾ പലരും ഇപ്പോൾ തോറ്റിരിക്കുന്നു. ആ നിലയിൽ ജയിച്ച കുട്ടികൾക്കും ഇന്ന് രക്ഷകിട്ടാതെ ആശങ്കയാണ്. ഇത്തരത്തിൽ ഒരുലക്ഷത്തി മുപ്പത്തിനാലായിരത്തിൽപ്പരം തോറ്റ കുട്ടികൾക്ക് സെപ്റ്റംബർ പരീക്ഷയെ

LIBRARY ARCHIVES Kerala Legislative Assembly

ഴുതാൻ അവകാശമുള്ളതാണ്. കേരളാ യൂണിവേഴ്സിറ്റിയും കാലിക്കട്ട് യൂണിവേഴ്സിറ്റിയും ഇതുവരെ ഫലം പ്രഖ്യാപിക്കാത്തതിന്റെ ഫലമായി ഈ വർഷം സെപ്തംബർ പരീക്ഷ നടത്തുവാൻ കഴിയാത്ത നിലയിലേക്ക് ഈ സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇതുമൂലം ഒരുലക്ഷത്തി മുപ്പത്തിനാലായിരത്തിൽപരം കുട്ടികളും അവരുടെ രക്ഷകർത്താക്കളും, അദ്ധ്യാപകരും ഇന്ന് ഹൃദയവേദന അനുഭവിക്കുകയാണ്. അതുപോലെ പി.ഡി.സി. പാസ്സായ കുട്ടികൾക്കുപോലും കോളേജുകളിൽ ഡിഗ്രി ക്ലാസ്സ് തുടങ്ങിയിട്ടില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പ്രീ-ഡിഗ്രി പാസ്സായ കുട്ടികൾക്ക്.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : ഇതെല്ലാം ഈ സഭയിൽ പല പ്രാവശ്യം ചർച്ചക്ക് വരികയും, അടിയന്തിരപ്രമേയം, കാളിംഗ് അറ്റൻഷൻ, സബ്മിഷൻ ഇതെല്ലാം- ഞാൻ അതിനെല്ലാം മറുപടി പറയുകയും ചെയ്ത വിഷയമാണ്.

ശ്രീ. എ. വി. താമരാക്ഷൻ : ഒരുലക്ഷത്തി മുപ്പത്തിനാലായിരത്തിൽപരം കുട്ടികൾക്ക് സെപ്തംബർ പരീക്ഷ നഷ്ടപ്പെട്ട കാര്യം ഈ സഭയിൽ ചർച്ച ചെയ്തിട്ടില്ല, ഒരുലക്ഷത്തിമുപ്പത്തിനാലായിരത്തിൽപരം കുട്ടികൾക്ക് സെപ്തംബർ പരീക്ഷയെഴുതാനുള്ള അവസരം കേരളത്തിൽ നിഷേധിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : കുറേയധികം മെമ്പർമാർ സംസാരിക്കാനുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ : ജയിച്ച കുട്ടികൾക്ക് ഇതേവരെ കേരളായൂണിവേഴ്സിറ്റിയിൽ ബി.എ., ബി.എ സ്സ്.സി., ബി.കോം.; കോഴ്സുകളിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ല. ഇനി പരീക്ഷയ്ക്ക് എത്ര മാസമുണ്ട്? ആ നിലയിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അടിത്തറയാകെ തകർത്തതിനുശേഷം, ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി എന്നഭിമാനിക്കൻ കഴിയുമോ? കേരളത്തിലെ വിദ്യാർത്ഥികളും, രക്ഷകർത്താക്കളും, അദ്ധ്യാപകരും അത്രയേറെ ഹൃദയവേദന അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ രേണത്തിൻകീഴിൽ—അങ്ങനെ ഈ വിദ്യാഭ്യാസരംഗം ആകെ തകർത്തതിനുശേഷം, വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളെക്കുറിച്ച് എന്ത് തൊലിക്കട്ടിയോടെ പറയുന്നു?—ഈ ഗവൺമെന്റും ഈ മന്ത്രിയും! ഇങ്ങനെയുള്ള ഒരു ഗവൺമെന്റിനെതിരായ ഈ ഭേഗതി ബിൽ നിരാകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ: സ്പീക്കർ)

ശ്രീ. വി.എസ്സ്. ചന്ദ്രശേഖരൻ പിള്ള : സർ, 1986-ലെ 46-ാം നമ്പർ ഗാന്ധിജി യൂണിവേഴ്സിറ്റി ഭേഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഗാന്ധിജി യൂണിവേഴ്സിറ്റി രൂപീകരണത്തെ സംബന്ധിച്ച് നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് വ്യക്തമായ ഒരു ധാരണപോലുമില്ലായിരുന്നു എന്നുള്ളതിതന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ഈയവസരത്തിൽ ഇത്തരമൊരു ഭേഗതി കൊണ്ടുവരാനിടയായിട്ടുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഏതാനും ഡിപ്പാർട്ടുമെന്റുകളും, അതുപോലെ ഏതാനും ആളുകളുടെ സേവനവും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കൈമാറുകയെന്ന ഏറ്റവും ലഘുവായ ഒരു കാര്യത്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരമൊരു ഭേദഗതി കൊണ്ടുവരുന്നത് എന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത് വളരെ ലഘുവായ ഒരു കാര്യമല്ല. അദ്ദേഹം അതിനു ഉപോല്ബലകമായി പറഞ്ഞിരിക്കുന്നത് ഹിന്ദിയും നിയമവിഭാഗവും ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റിയിൽ നിന്നു മാറേണ്ടതാണ്, ഈ രണ്ടു വിഭാഗവും ഡെവലപ്പ് ചെയ്യുന്നതിനാവശ്യമാണെന്ന് പ്ലാനിംഗ് ബോർഡ് അഭിപ്രായപ്പെട്ടിരിക്കുന്നതുകൊണ്ട് ആ ശുപാർശ മാനിച്ചാണ് ഇത്തരത്തിലൊരുഭേദഗതി കൊണ്ടുവന്നത് എന്നാണ്. ശ്രീ. താമരാക്ഷൻ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിരവധി ശുപാർശകളും നമ്മുടെ പ്ലാനിംഗ് ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഉള്ള യൂണിവേഴ്സിറ്റികളും ഫലപ്രദമായി പ്രവർത്തിക്കുക, ഉന്നത വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ പഠന, ഗവേഷണ സൗകര്യങ്ങളും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് പ്ലാനിംഗ് ബോർഡ് മുന്നോട്ട് വച്ചിരിക്കുന്നത്. സർ, കഴിഞ്ഞ കാലങ്ങളിൽ പ്ലാനിംഗ് ബോർഡ് മുമ്പോട്ടു വച്ചിരുന്ന നിരവധി നിർദ്ദേശങ്ങളിൽ ഒന്നുംതന്നെ പരിഗണിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തു മൗലികമായ മാറ്റങ്ങളും വരുത്താനും നമ്മുടെ വിദ്യാഭ്യാസമന്ത്രി തയ്യാറായിട്ടില്ല. ആ ശുപാർശകളെ നിലവിലിരിക്കേത്തന്നെയാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയെന്ന പുതിയൊരു യൂണിവേഴ്സിറ്റി ആവിർഭവിക്കുന്നതിന് ഇടയായ സാഹചര്യം ഉണ്ടാക്കിയത്. ആ യൂണിവേഴ്സിറ്റിയുടെ ഇന്നത്തെ നിലയെ സംബന്ധിച്ച് വിശദീകരിക്കേണ്ട ആവശ്യമില്ല. എനിക്ക് മുമ്പു സംസാരിച്ച പല മെമ്പർമാരും അക്കാര്യം വിശദീകരിച്ചിട്ടുണ്ട്. ഇന്നും വളരെയധികം സാമ്പത്തിക പരാധീനതയിൽ നിൽക്കുന്ന ഒരു യൂണിവേഴ്സിറ്റിയാണിത്. സ്വന്തമായി സ്ഥലമോ വിദ്യാർത്ഥികൾക്ക് അവശ്യം വേണ്ട പഠനസൗകര്യങ്ങളോ അവിടെയില്ല. ഇതിനെല്ലാം ഉപരിയായി മറ്റെല്ലാ യൂണിവേഴ്സിറ്റികൾക്കും ലഭിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. സാമ്പത്തികസഹായം മാത്രമല്ല മറ്റ് ഭരണപരമായ നിർദ്ദേശങ്ങളും നൽകുന്നതിന് യു.ജി.സി. ക്ക് അധികാരവും അവകാശവും ഉണ്ട് എന്നൊക്കെയാണ് കഴിഞ്ഞ ദിവസം മന്ത്രി ഇവിടെ പറഞ്ഞത്. എന്തായാലും യു.ജി.സി. യുടെ അംഗീകാരം ഇതുവരെയും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹിന്ദിയും നിയമവും വകുപ്പുകളും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്നും വേർപെടുത്തി ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുവരുന്നത്. യഥാർത്ഥത്തിൽ ഇതൊരു തുഗ്ലക് മോഡൽ പരിഷ്കാരമാണെന്ന് പറയാതിരിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. ഇതിന്റെ പിന്നിൽ കാര്യമായ ആലോചനയില്ല. ശരിയായ രീതിയിൽ വിവരമില്ല എന്ന് ഞാൻ കുറ്റപ്പെടുത്തുന്നതിൽ ക്ഷമിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ശാസ്ത്ര-സാങ്കേതിക രംഗത്തു അടിസ്ഥാനപരമായ മാറ്റം വരുത്തണമെന്ന് സൽബുദ്ധിയോടുകൂടി, സൻമനസ്സോടുകൂടി, ആത്മാർത്ഥതയോടുകൂടിയാണ് കൊച്ചിൻ സർവ്വകലാശാല രൂപാന്തരപ്പെടുത്താൻ മന്ത്രി ഉദ്ദേശിക്കുന്നതെങ്കിൽ ഇത്തരത്തിലുള്ള പരിഷ്കാരം ആവശ്യമില്ല എന്നുമാത്രമല്ല അത് ശാസ്ത്ര സാങ്കേതിക രംഗത്തെ പഠന-ഗവേഷണ കാര്യങ്ങൾക്ക് തടസ്സം നിൽക്കുന്നതു മാത്രമായിരിക്കും എന്നാണ് എനിക്കീ അവസരത്തിൽ പ്രധാനമായും അറിയിക്കുവാനുള്ളത്. അതുമാത്രവുമല്ല ഈ തരത്തിലുള്ള പ്രവർത്തനത്തിന്റെ ഫലമായി ഉണ്ടാകാൻ പോകുന്നത് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ഇപ്പോഴത്തെ നടത്തിപ്പുതന്നെ തകരാറിലാവുകയായിരിക്കും. അതോടൊപ്പംതന്നെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വിദ്യോഗങ്ങളുടെ പ്രവർത്തനങ്ങൾക്കും തടസ്സമുണ്ടാവുകയുമായിരിക്കും ഇതിന്റെ ഫലം. ഇത് നിശ്ചയമായും നമ്മുടെ ശാസ്ത്ര-സാങ്കേതിക പഠനത്തിനും ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

സർ, ഇന്ന് സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൊച്ചിൻ യൂണിവേഴ്സിറ്റിയെ മനപ്പൂർവ്വമായി തകർക്കാനുള്ള ഒരു നിഗൂഢമായ ഉദ്ദേശം ഇതിൽ നിക്ഷിപ്തമായിട്ടുണ്ട് എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുകയാണ്. നിയമവും ഹിന്ദിയും വകുപ്പുകളും അവിടെനിന്നും വേർപെടുത്തി ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുവരുന്നുവെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. എന്നാൽ മന്ത്രി അങ്ങനെയല്ല പറഞ്ഞത്. അത് വേർപെടുത്തി അവിടെത്തന്നെ നിലനിർത്താൻ പോകുന്നുവെന്നാണ് പറഞ്ഞത്. എങ്കിൽ എന്തുകൊണ്ട് ഇന്ന് നിലനിൽക്കുന്ന ഈ സംവിധാനം തന്നെ തുടർന്നുകൂടാ എന്നാണ് എനിക്ക് അദ്ദേഹത്തോട് ചോദിക്കുവാനുള്ളത്. ശാസ്ത്ര-സാങ്കേതിക രംഗത്തു സർവതോമുഖമായ ഒരു അഭിവൃദ്ധിയാണ് മന്ത്രി ലക്ഷ്യമാക്കുന്നതെങ്കിൽ ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരുന്നതിൽ യാതൊരു അർത്ഥവും ഇല്ല. ഈ പരിശ്രമങ്ങളിൽ നിന്ന് ബഹുമാനപ്പെട്ട മന്ത്രി പിൻമാറണം എന്നുമാത്രമാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഗാന്ധിജി യൂണിവേഴ്സിറ്റി ഉടലെടുത്തതുതന്നെ ഒരു രാഷ്ട്രീയ ആവശ്യത്തിന്റെ പേരിലാണ്. ഈ യൂണിവേഴ്സിറ്റിക്ക് യു. ജി. സി. യുടെ അംഗീകാരം കിട്ടാത്തതുകൊണ്ട് അവിടെ പഠിക്കുന്ന കുട്ടികളുടെ ഭാവിതന്നെ ഇന്ന് ത്രാസിൽ തൂങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ യൂണിവേഴ്സിറ്റി സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് യു. ജി. സി. യുടെ അംഗീകാരം കിട്ടിയില്ലെങ്കിൽ അസാദ്ധ്യമാണെന്ന് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ സഭയിൽ പലവട്ടം പറഞ്ഞതാണ്. ആ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടിയാണോ ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്നും മാറ്റി ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുപോകുന്നത് എന്നുള്ളതാണ് എനിക്ക് നിശ്ചയമില്ല. ആയിരിക്കാം. ഈ നിർദ്ദേശം ഉടനടി നടപ്പാക്കണമെന്നും മാറ്റ് പല നിർദ്ദേശങ്ങളോടൊപ്പം സർക്കാരിന്റെ പ്ലാനിംഗ് ബോർഡ് ആവശ്യപ്പെട്ടതാണ്. പ്ലാനിംഗ് ബോർഡിന്റെ ഒരു ശുപാർശയാണിത്. മറ്റ് പല ശുപാർശകളും അക്കൂട്ടത്തിൽ പായുന്നുണ്ട്. വിദ്യാഭ്യാസപരിഷ്ക്കരണം ആവശ്യമായിട്ടുള്ള മറ്റ് പല ശുപാർശകളും നടപ്പാക്കുന്ന കാര്യത്തിൽ നമ്മുടെ വകുപ്പുമന്ത്രി വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. അദ്ദേഹത്തിന്റെ നാട്ടിൽ തുടങ്ങിയ യൂണിവേഴ്സിറ്റിയെ നിലനിർത്താൻ ഇങ്ങനെയൊരു സങ്കുചിതം കാണിക്കുന്നതിനോട് എതിർപ്പുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, എന്റെ നാടോ ജില്ലയോ കോട്ടയമല്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, സ്വന്തം ആൾക്കാരെയും താല്പര്യമുള്ളവരെയും തിരുകിക്കേറ്റുന്നതിനുള്ള അതുപോലുള്ള പല നിക്ഷിപ്തതാല്പര്യങ്ങളും ഇതിന്റെ പിന്നിലുണ്ട്. സ്കൂളുകളും കോളേജുകളും യൂണിവേഴ്സിറ്റികളും സ്ഥാപിക്കുന്നതിന്റെ പിന്നിൽ പല നിക്ഷിപ്തതാല്പര്യങ്ങളും മന്ത്രിയുടെയും ഗവൺമെന്റിന്റെയും പിന്നിലുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഹിന്ദിയും നിയമവും വകുപ്പുകളും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തുടർന്നു നടത്തേണ്ട എന്നു പറയാൻ ഈ സർക്കാരിനെ പ്രേരിപ്പിച്ചതെന്താണ് ? പ്ലാനിംഗ് ബോർഡിനെ പ്രേരിപ്പിച്ചതെന്താണ് ? ഒരു പുതിയ ദേശീയവിദ്യാഭ്യാസ നയത്തെക്കുറിച്ച് രാജ്യം മുഴുവനും ചർച്ച ചെയ്യപ്പെടുകയാണ്. നമ്മുടെ വിദ്യാഭ്യാസംതന്നെ തകരാറിലായിരിക്കുന്നു. ഇന്നത്തെ ഈ ചട്ടക്കൂട് മാറണം. ഈ ചട്ടക്കൂടിൽനിന്നുകൊണ്ടുള്ള വിദ്യാഭ്യാസസമ്പ്രദായം കൊണ്ട് നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഒരു ഗുണവും ഉണ്ടാവുകയില്ല. പഠിക്കുന്ന കുട്ടികൾക്ക് ഏതെങ്കിലും വിഷയത്തിൽ പഠിച്ച് ഒരു ഡിഗ്രിയെടുക്കാം, ഉന്നത ബിരുദമെടുക്കാമെന്നുള്ളതല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ആളുകളെ സൃഷ്ടിക്കാമെന്നുള്ളതല്ലാതെ ഈ വിദ്യാഭ്യാസസമ്പ്രദായംകൊണ്ട് യാതൊരു പ്രയോജനവും നമ്മുടെ രാജ്യത്തെ ജനങ്ങൾക്കില്ലായെന്ന് പ്രധാനമന്ത്രിവരെ പറയുന്നുണ്ട്. അതനുസരിച്ചാണല്ലോ ദേശീയ വിദ്യാഭ്യാസനയംതന്നെ ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്.

സർ, യു. ജി. സി. ചില നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുപോലെ എൻ. സി. ആർ. ടി. യും വിദ്യാ
12 noon] ഭ്യാസനയം പരിഷ്കരിക്കുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് വളരെ കൂലങ്കഷമായി ചർച്ചനടത്തി തീരുമാനമെടുക്കുന്നതിന് ഇന്ന് ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസനയത്തിന്റെ കരടുരേഖയിൽത്തന്നെ നിർദ്ദേശിച്ചിട്ടുള്ള ചില കാര്യങ്ങളുണ്ട്. നമ്മുടെ വിദ്യാഭ്യാസനയം വളരെയേറെ, പരിഹരിക്കാൻ പറ്റാത്ത ചില പ്രശ്നങ്ങൾ ഉൾക്കൊണ്ട ഒരു നയമാണെന്നാണ്. അതുകൊണ്ട് ആ വിദ്യാഭ്യാസനയത്തിൽ കാര്യമായ ഒരു പരിഹാരമുണ്ടാക്കാൻ കേന്ദ്രഗവൺമെന്റിന് നിർദ്ദേശിക്കാൻപോലും സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമുണ്ട്. ഏതായാലും ഒരു പരിഷ്ക്കരണം വേണമെന്നാണ് കേന്ദ്രഗവൺമെന്റിന്റെയും യു. ജി. സി. യുടെയും എൻ. സി. ആർ. ടി. യുടെയും ഈ നാട്ടിലെ മുഴുവൻ പുരോഗമന വാദികളുടെയും ആവശ്യം. അങ്ങനെയാണെങ്കിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഈ രണ്ടു വിഷയങ്ങളെയും പറിച്ച് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതെന്തിനാണ് ? പഠിക്കുന്ന കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലുമുള്ള പ്രാഥമികമായ വിജ്ഞാനം പകർന്നുകൊടുക്കുകയല്ലേ അത്യാവശ്യമായി ചെയ്യേണ്ടത് ? ഹിന്ദിയിലും നിയമത്തിലുമുള്ള വിജ്ഞാനം കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കുട്ടികൾക്ക് പകർന്നുകൊടുക്കുവാൻ തീർച്ചയായിട്ടും കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസ വിചക്ഷണന്മാർ ബുദ്ധിഹീനരായിരുന്നില്ല. ഈ ഡിപ്പാർട്ടുമെന്റുകൾ അവിടെ തുടങ്ങി നടത്തിക്കൊണ്ടു വന്നിരുന്നത് ആരുടേയും ബുദ്ധിമോശം കൊണ്ടായിരുന്നില്ല. ബുദ്ധിപരമായി ചിന്തിച്ച് ആ യൂണിവേഴ്സിറ്റിയിൽ തുടങ്ങിയ രണ്ടു വിഷയങ്ങളും ഇപ്പോൾ കോട്ടയം യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്നു. എന്നാൽ പിന്നെ അവിടെത്തന്നെ രണ്ടു ഡിപ്പാർട്ടുമെന്റുകളും തുടങ്ങിയാൽ പോരായിരുന്നോ ? ഇവിടെനിന്ന് മാറ്റിക്കഴിഞ്ഞാൽ എന്ന് ഇവിടെ ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും ആരംഭിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഈ സർക്കാരിന് എന്തെങ്കിലും പറയാൻ സാധിക്കുമോ ? ആ യൂണിവേഴ്സിറ്റിയിൽ ഈ രണ്ടു വിഷയങ്ങളും പഠിക്കേണ്ടെന്നുള്ളതാണോ ഈ സർക്കാരിന്റെ നയമെന്ന് വ്യക്തമാക്കിയാൽകൊള്ളാം. ഈ ഡിപ്പാർട്ടുമെന്റ് ഇവിടെനിന്ന് കൊണ്ടുപോകുമ്പോൾ മുമ്പ് പല മെമ്പർമാരും പറഞ്ഞതുപോലെ, കെട്ടിടവും സ്ഥലവും എടുത്തുകൊണ്ടുപോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അതവിടെ ഇട്ടിട്ടുപോകുന്നു. ബാക്കിയെല്ലാം ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുപോവുകയാണ്. അങ്ങനെയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളയൂണിവേഴ്സിറ്റിയും കാലിക്കട്ട് യൂണിവേഴ്സിറ്റിയും നമ്മുടെ സർക്കാരിന് തോന്നുന്നപോലെ പൊളിച്ചുപൊറുക്കിക്കൊണ്ടുപോകാൻ കഴിയുന്നതുവരെ പൊളിച്ചുപൊറുക്കിക്കൊണ്ടു പോകുമല്ലോ ? നാളെ അങ്ങനെ കൊണ്ടുപോയിക്കൂടെന്നില്ല. ഈ പ്രവണത, ഈ തീരുമാനം എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയമായ ചില തീരുമാനങ്ങളാണ് എന്നാണ്. അല്ലാതെ നമ്മുടെ നാട്ടിലെ വിദ്യാഭ്യാസത്തെ നല്ലനിലയിൽ കൊണ്ടുപോകണമെന്നാഗ്രഹമുള്ള ഒരു വ്യക്തിയും ഇങ്ങനെ ഒരു യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച രണ്ടു ഡിപ്പാർട്ടുമെൻറുകളെ അവിടെനിന്ന് അടർത്തിയെടുത്ത് മറെറാരു യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുപോകാൻ തയ്യാറാകില്ല. ഇപ്പോഴും നമ്മൾ പുതിയ കുപ്പിയിൽ പഴയ വീഞ്ഞു നിറച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസനയത്തിൽ ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ഒരു നിയമം കൊണ്ടുവരിക, അതിൽ ഏതെങ്കിലും ഒരു വിഷയം എടുത്തുമാറുക, ഇങ്ങനെയൊരു പരിഷ്കരണം വേണോ ? വിദ്യാഭ്യാസ പരിഷ്കരണമെന്ന് അഭിമാനിക്കാൻവേണ്ടിയാണോ, അതോ പറഞ്ഞുനടക്കാൻവേണ്ടിയാണോ, പ്രചരിപ്പിക്കാൻവേണ്ടിയാണോ ? തീർച്ചയായിട്ടും അതിന് മാർഗ്ഗദർശകതയുണ്ടെങ്കിൽ, വിദ്യാഭ്യാസസമ്പ്രദായംതന്നെ പരിഷ്കരിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള മാറ്റങ്ങളും വരുത്തേണ്ടേ ?

ഞങ്ങളെല്ലാവരും അനുകൂലിക്കുന്ന ഒന്നാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് പറയാൻ തുടങ്ങിയിട്ട്, അത് ആദ്യമായി ഞാനാണ് നടപ്പിലാക്കുവാൻ പോകുന്നതെന്നു പറഞ്ഞു തുടങ്ങിയിട്ട് ഇന്ന് അതിന്റെ സ്ഥിതി എവിടെ നിൽക്കുന്നു ? സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുന്നില്ല. അനാവശ്യമായി യൂണിവേഴ്സിറ്റിയിൽനിന്ന് ഡിപ്പാർട്ടുമെൻറുകൾ മാറുവാൻവേണ്ടിയൊക്കെ ചെലവാക്കുന്ന തുക ഇതിനുവേണ്ടി ചെലവാക്കിക്കൂടേ ? തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം സിദ്ധിച്ച കുട്ടികൾ നമ്മുടെ നാട്ടിലുണ്ടാകുമ്പോൾ കോളേജുകളിലേക്കുള്ള തള്ളൽ തീർച്ചയായിട്ടും കുറയ്ക്കാൻ കഴിയുമെന്ന് യു ജി.സി.യും എൻ.സി.ആർ.ടി.യുമൊക്കെ പറയുന്നു. അങ്ങനെയാണെങ്കിൽ നമ്മുടെ സർക്കാരിന് എന്തുകൊണ്ട് ഇക്കാര്യത്തിൽ ചിന്തിച്ച് അതിനുവേണ്ട നീക്കങ്ങൾ നടത്താൻ കഴിയുന്നില്ല ?

ഇവിടെ ആവശ്യമില്ലാതെ സ്കൂളുകളും കോളേജുകളും തുടങ്ങി ധാരാളം കോഴയും അഴിമതിയും നടത്തുന്നു. ഈ വിദ്യാഭ്യാസരംഗം അഴിമതിയുടെ രംഗമല്ലേ ? അഴിമതിയുടെ മദ്ധ്യത്തുനിന്നുകൊണ്ട് ഞങ്ങൾ വിദ്യാഭ്യാസപരിഷ്കരണം നടത്തുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇങ്ങനെയുള്ള ചില നിയമങ്ങൾ കൊണ്ടുവരുന്നത് വളരെ മോശമാണ്. അത് നമ്മുടെ ജനങ്ങളെ അവഹേളിക്കുന്നതിന് തുല്യമാണ്. തീർച്ചയായിട്ടും ഇത്തരം നടപടികളിൽനിന്ന് ഈ സർക്കാർ പിൻതിരിയണം.

ശ്രീ. സിറിയക് ജോൺ : സർ, ഇന്ന് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് വിശദീകരിച്ചപ്പോഴാണ് കൂടുതൽ സംശയങ്ങൾ വന്നത്. "നിയമവും ഹിന്ദിയും ഡിപ്പാർട്ടുമെൻറുകളും കൊച്ചി സർവ്വകലാശാലയിൽനിന്ന് ഗാന്ധിജി സർവ്വകലാശാലയിലേക്ക് മാറുമ്പോൾ അവിടെ ഇന്നു നടന്നുകൊണ്ടിരിക്കുന്ന സൗഹൃദത്തുനിന്ന് മാറുന്നില്ല, അങ്ങനെയാണ് ഉൽക്കണ്ഠയെങ്കിൽ ആ ഉൽക്കണ്ഠയ്ക്ക് ആവശ്യമില്ലെന്നാണ്" ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്ന് ഈ വിഷയങ്ങൾ മാറുന്നില്ല, സ്ഥിരമായി അവിടെത്തന്നെ ഈ കോഴ്സുകളൊക്കെ നിറുത്താനാണു പോകുന്നതെങ്കിൽ, ഗാന്ധിജി യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് ഇതിന്റെ ഭരണപരമായിട്ടുള്ള കാര്യങ്ങൾ മാത്രം മാറിയെന്നുള്ളതുകൊണ്ട് പ്രത്യേകിച്ച് എന്താണ് പ്രയോജനം ? ഇവിടെ ഗാന്ധിജിയുണി വേഴ്സിറ്റിയുടെ രൂപീകരണത്തെക്കുറിച്ച് പലരെ വിശദമായ ചർച്ചകൾ നടന്നു. അത് ഇനി പറയുന്നത് ഒരു ആവർത്തനമായിരിക്കുമെന്നുള്ളതുകൊണ്ട് ഞാൻ കൂടുതൽ ഒന്നും പറയുന്നില്ല. എങ്കിലും ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തിൽ വളരെയേറെ ധൃതിയും വ്യഗ്രതയും കാണിച്ചിരുന്നു. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ ഫലമായിട്ടു തന്നെ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിന് എത്രമാത്രം വലിയ ഭാരമാണ് പേറേണ്ടിവന്നിരിക്കുന്നതെന്നുള്ളതിന്റെ കണക്കുകളിവിടെയുണ്ട്. ഇതുമായി ബന്ധപ്പെട്ട തലങ്ങളിൽ ഇതിനെസംബന്ധിച്ച് അവധാനപൂർവ്വമുള്ള ചർച്ചയ്ക്കും അംഗീകാരത്തിനും ശേഷമായിരുന്നു ഇങ്ങനെയൊരു പുതിയ യൂണിവേഴ്സിറ്റി രൂപീകരിച്ചിരുന്നതെങ്കിൽ യു.ജി.സി. യിൽ നിന്നുമെക്കെ നമുക്ക് എത്രയോ കോടി രൂപ ലഭിക്കുമായിരുന്നു. അങ്ങനെ യു.ജി.സി. യിൽനിന്ന് ചുരുങ്ങിയത് ആറുകോടി രൂപയെങ്കിലും അർഹമായിട്ടുള്ളത് ലഭിക്കുമായിരുന്നത് നഷ്ടപ്പെടുത്തി. നമ്മുടെ സംസ്ഥാനം എത്രമാത്രം സാമ്പത്തികബുദ്ധിമുട്ടാണ് അനുഭവിക്കുന്നത് ? അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ സംസ്ഥാന ഖജനാവിന് ഇത്രമാത്രം സാമ്പത്തികഭാരമുണ്ടാക്കുന്ന തരത്തിൽ ഒരു യൂണിവേഴ്സിറ്റി രൂപീകരിച്ചതിന്റെ പിന്നിൽ, ഉന്നത വിദ്യാഭ്യാസ രംഗത്തെ മേൻമയെ സംബന്ധിച്ച അത്യുൽക്കടമായ വ്യഗ്രതയായിരുന്നോ ? അങ്ങനെ അത് സ്ഥാപിക്കപ്പെട്ടു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, പ്രീഡിഗ്രി ബോർഡ് ഈ വർഷമുണ്ടാകില്ലെന്ന്. എന്നാൽ വിദ്യാഭ്യാസവകുപ്പുമന്ത്രി ഈ നിയമസഭയിൽ തന്നെ തീർത്തു പറഞ്ഞു, ഈ വർഷംതന്നെ ഉണ്ടാകുമെന്ന്. ധനകാര്യവകുപ്പു മന്ത്രിക്ക് ഈവകകാര്യങ്ങളിലൊക്കെ നിയന്ത്രണങ്ങളുണ്ടെങ്കിൽ പോലും ഒരു സംശയവുംവേണ്ട, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉദ്ദേശിക്കുന്ന കാര്യമൊക്കെ ഇവിടെ നടപ്പിലാകുന്ന അനുഭവമാണുള്ളത്. അദ്ദേഹം ഇക്കാര്യത്തിൽ ഒക്കെ സമർത്ഥനാണെന്ന് ഞാൻ അംഗീകരിക്കുന്നു. മന്ത്രിസഭയിൽത്തന്നെ ആരെതിർത്താലും ശരി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എങ്ങനെയൊക്കെ കൈകാര്യം ചെയ്യണമെന്നും ഏതെല്ലാം നിലയിൽ ശ്രീ. കരുണാകരനെ വഴിക്കുപ്പടുത്താമെന്നുമൊക്കെ അദ്ദേഹത്തിനറിയാം. ശ്രീ. കരുണാകരന്റെ കക്ഷിയിലുള്ള ആളാണ് ശ്രീ. തച്ചടി പ്രഭാകരൻ. എങ്കിൽ പോലും അതിനെക്കാളൊക്കെ ശ്രീ. കരുണാകരനെ സംബന്ധിച്ചിടത്തോളം T.M. ജേക്കബിനോടു താൽപ്പര്യമുണ്ട്. അത് പല കാരണങ്ങളാലുള്ള താൽപ്പര്യങ്ങളാണ്. ആ താൽപ്പര്യങ്ങളെക്കാളും ഉപരി അതിന്റെ പിന്നിലുള്ള താൽപ്പര്യങ്ങളും വളരെ ഗൗരവമേറിയതും ആഴമേറിയതുമാണ്. അതെല്ലാം വച്ചുകൊണ്ട്, എങ്ങനെ ഈ മന്ത്രിസഭയെ ഒന്നടങ്കം പൊതുജനതാൽപ്പര്യങ്ങൾക്കെതിരായുള്ള കാര്യങ്ങളാണെങ്കിൽപോലും അല്ലെങ്കിൽ ഈ മുന്നണിയുടെ താല്പര്യങ്ങൾക്കെതിരാണെങ്കിൽ പോലും, സ്വന്തം കക്ഷിയിലുള്ളവർ എതിരായാൽപോലും, ഈ മന്ത്രിസഭയെ ഒന്നടങ്കം തന്റെ പിന്നാലെ കൊണ്ടുപോകാനുള്ള സമർത്ഥമായ നീക്കങ്ങൾ നടത്താൻ ശ്രീ. ജേക്കബ്ബിന് കഴിയും. അക്കാര്യത്തിൽ അദ്ദേഹത്തിന് അസാമാന്യമായ പാടവമുണ്ടെന്ന് സമ്മതിച്ചേ തീരൂ. ഓരോ രംഗത്തും അദ്ദേഹം കാണിച്ചിട്ടുള്ള പാടവത്തെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. അദ്ദേഹം പശ്ചിമ ജർമ്മനിയിലെ ബർളിൻവരെ പോയ കാര്യം നമുക്കറിയാം. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. കബീർ മാസ്റ്റർ പോയി എന്നു പറഞ്ഞു. ഇതിന്റെ ആസൂത്രണമൊക്കെ മുമ്പ് നടക്കുന്നതാണ്. കൊട്ടാരക്കരനിന്ന്, കെ. എസ്. ആർ. ടി. സി. കണ്ടക്ടർ ആയിരുന്ന ഒരു മാന്യൻ, കെ. എസ്, ആർ. ടി. സി.-യെ കബളിപ്പിക്കുകയും തട്ടിപ്പ് നടത്തുകയും ചെയ്തതിന് ശിക്ഷണനടപടിക്ക് വിധേയ

LIBRARY ARCHIVES Kerala Legislative Assembly

നായി, അവസാനം നാട്ടിൽ നിൽക്കാൻ ഗത്യന്തരമില്ലാതെ നാടുവിട്ടയാളാണ് ലോകമലയാള സമ്മേളനത്തിനു പിന്നിലുള്ള ആസൂത്രകൻ. അദ്ദേഹം ശ്രീ. ടി. എം. ജേക്കബുമായി ആസൂത്രണം ചെയ്തതാണ് ആ സമ്മേളനം. അവസാനം ആ സമ്മേളനത്തിലേക്കുള്ള പ്രതിനിധികളുടെ കൂട്ടത്തിൽ എം. എൽ. എ. മാരും പോയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഞാൻ ശ്രീ. സിറിയക് ജോണിന്റെ അറിവിനായി പറയുകയാണ്. അദ്ദേഹവും ഒരു മന്ത്രിയായിരുന്ന ആളാണല്ലോ ? ഈ പറയുന്ന വ്യക്തി കെ.എസ്.ആർ.ടി.സി. -യിൽ വർക്ക് ചെയ്തിരുന്നു എന്നത് ശരിയാണ്. എന്നാൽ അയാൾ ഒരു തട്ടിപ്പുകേസിലും പ്രതിയായ ആളല്ല. അയാളുടെ പേരിൽ കെ.എസ്.ആർ.ടി.സി.-യിൽ അങ്ങനെ ഒരു തരത്തിലുള്ള ആക്ഷേപങ്ങളും ഉണ്ടായിട്ടില്ല. സാധാരണ സഭയിലില്ലാത്ത ഒരാളിനെപ്പറ്റി നമ്മൾ ആക്ഷേപങ്ങൾ സഭയിൽ പറയാറില്ല. ഈ കാര്യങ്ങളെല്ലാം അങ്ങേക്കറിയാവുന്നവയാണെല്ലോ ? അങ്ങയെപ്പോലെ വളരെ ഉത്തരവാദപ്പെട്ട ഒരംഗം നിരുത്തരവാദപരമായ ഇത്തരം ആക്ഷേപങ്ങൾ നടത്തുന്നത് ശരിയാണോയെന്ന് അങ്ങ് തന്നെ ആലോചിച്ചാൽ മതി.

ശ്രീ സിറിയക് ജോൺ : ലോക മലയാള സമ്മേളനത്തിന്റെ ആസൂത്രകൻ കെ. എസ്. ആർ. ടി. സി.–യിലെ കണ്ടക്ടർ മാത്രമായ, ഒരു ഉന്നത വിദ്യാഭ്യാസ വിചക്ഷണനായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.

ഏതായാലും ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം യു. ജി. സി. -യുടെ തന്നെ ചില നിബന്ധനകളുണ്ട്. ഏറ്റവും ചുരുങ്ങിയത് ഇന്നയിന്ന കാര്യങ്ങളിലെങ്കിലും യൂണിവേഴ്സിറ്റിക്ക് യോഗ്യതയുണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അതിന്റെ കെട്ടിടങ്ങൾക്കും വസ്തുവകകൾക്കും പുറമെ രണ്ടുകോടി രൂപയെങ്കിലും ആസ്തി ഉണ്ടായിരിക്കണം എന്നാണ് പറയുന്നത്. ഒരു യൂണിവേഴ്സിറ്റി കേവലം ഒരു ഓലപ്പുരയിൽ അല്ലെങ്കിൽ ഒരു താല്ക്കാലിക ഷെഡ്ഡിൽ താല്ക്കാലികമായ സംവിധാനങ്ങളിൽ ഇത്രയുമൊക്കെ ആരംഭിക്കുന്നത് എവിടെയെങ്കിലും കേട്ടുകേൾവി പോലും ഉള്ളതാണോ ? ഞങ്ങൾ തിരുവിതാംകൂർ പ്രദേശത്തുനിന്നും മലബാറിൽ കുടിയേറിപ്പാർത്തവരാണ്. അവിടെ ചെന്നാൽ ആദ്യം എവിടെയെങ്കിലും ഏറുമാടങ്ങളുണ്ടാക്കും. വന്യമൃഗങ്ങളെ ഭയന്ന് പെർമനന്റായിട്ടോ സെമിപെർമനന്റായിട്ടോ എങ്കിലും കെട്ടിടങ്ങൾ ഉണ്ടാക്കാവുന്ന സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഏറുമാടങ്ങൾ ഉണ്ടാക്കുന്നു. അതിന്റെ മുകളിലായിരിക്കും ഞങ്ങളുടെയൊക്കെ താമസം. അതുപോലെയല്ല, ഒരു യൂണിവേഴ്സിറ്റി ഏറുമാടത്തിൽ കൊണ്ടുപോയി ആരംഭിക്കുന്നത്. ഇതിന്റെ പിന്നിലുള്ളത് വിദ്യാഭ്യാസ രംഗത്തെ നവീകരിക്കുന്നതിനുള്ള ഉൽക്കടമായ വ്യഗ്രതയാണോ ? അതൊന്നുമല്ല ഇവിടെ ഉള്ളത്. കേവലം താൽക്കാലികമായിട്ടുള്ള രാഷ്ട്രീയ ലക്ഷ്യങ്ങളും അതിനെക്കാളുപരിയായിട്ടുള്ള സാമ്പത്തികനേട്ടങ്ങളുമൊക്കെയാണ് അതിന്റെ പിന്നിലുള്ളത്. അവിടെ നടന്ന നിയമനങ്ങളേയും അതിന്റെ പിന്നിലുണ്ടായ അഴിമതികളേയും സംബന്ധിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. ഇപ്പോൾ ഹിന്ദിയും നിയമവും ഈ യൂണിവേഴ്സിറ്റിയിൽനിന്ന് ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് വന്നുകഴിഞ്ഞാൽ ഉള്ള സ്ഥിതി നമുക്ക് ഉൽക്കണ്ഠ ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾ ഈ ബില്ല് നിരാകരിക്കണമെന്ന ഭേഗതിയെ സംബന്ധിച്ചുള്ള പ്രസംഗം ഇതുവരെയേ എത്തിയിട്ടുള്ളു. മറ്റ് ഭേഗതി അവതരിപ്പിച്ചവർക്ക് പ്രസംഗിക്കുവാൻ സമയം കിട്ടിയിട്ടില്ല.

ശ്രീ. സിറിയക് ജോൺ : സർ, ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾത്തന്നെ, ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ നിന്ന് ഉന്നത ബിരുദം നേടിവരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം യു. ജി. സി.-യുടെ അംഗീകാരം ഇല്ലാത്തതുകൊണ്ട് തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും നിയമന സാദ്ധ്യതകളെക്കുറിച്ചും അവർക്ക് ചില അവ്യക്തതയുണ്ട്. അതിനെക്കാൾ വലിയ ഉൽക്കണ്ഠയുണ്ട്. ആ സ്ഥാനത്ത് കൊച്ചി യൂണിവേഴ്സിറ്റിയിൽ ആയതുകൊണ്ട് ബിരുദങ്ങൾക്കൊക്കെ യു. ജി. സി.-യുടെ അംഗീകാരമുള്ള ഹിന്ദിയെയും നിയമത്തെയും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ കൊണ്ടുവന്നു കഴിഞ്ഞാൽ ഇവിടെ ഗാന്ധിജി യൂണിവേഴ്സിറ്റികളിലുള്ള ഉന്നത ബിരുദധാരികൾക്ക് ഉള്ളതുപോലെയുള്ള ഉൽക്കണ്ഠാജനകമായ സ്ഥിതിവിശേഷം അവരിലും ഒരുപക്ഷേ വന്നുകൂടാനിടയുണ്ട്. യൂണിവേഴ്സിറ്റികളിലെ കോഴ്സുകളെ സംബന്ധിച്ചാണെങ്കിൽ വളരെ വിദഗ്ദ്ധമായിട്ടുള്ള മെറീറിയൽ സയൻസ്, ബേസിക് മെഡിക്കൽ സയൻസ് തുടങ്ങിയ തരത്തിലുള്ള ബിരുദങ്ങളാണുള്ളത്. ആ കോഴ്സുകൾ കഴിഞ്ഞ് ബിരുദംനേടി ബിരുദധാരികളായി പുറത്തുവരുന്നവർ എവിടെ ജോലി കിട്ടും, വെളിയിൽ എവിടെയെങ്കിലും ജോലി കിട്ടുമോ, യു. ജി. സി. അംഗീകരിക്കുമോ ഇങ്ങനെയുള്ള ഉൽക്കണ്ഠയിലാണ് കഴിഞ്ഞുകൂടുന്നത്. ഇങ്ങനെയുള്ള ഒരു സന്ദർഭത്തിലാണ് മറ്റൊരു യൂണിവേഴ്സിറ്റിയിൽ യാതൊരു തരത്തിലുള്ള ഭ്രഷ്ടും കല്പിക്കപ്പെടാതെ പൂർണ്ണമായിട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു കോഴ്സ്, ഇങ്ങോട്ടു മാറ്റുന്നത് ഇതിലുള്ളവരെക്കൂടി ഗതികേടിലാക്കുകയാണ്. ശ്രീ. ടി. എം. ജേക്കബ്. എന്തിനാണ് ഇങ്ങനെ ഒരു വ്യഗ്രത കാണിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. അവരോടെങ്കിലും കുറെക്കൂടി ഔദാര്യം കാണിക്കണം. വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായിട്ട് ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെയും പ്രതികരണങ്ങളെയും സംബന്ധിച്ച് അവധാനതാപൂർവ്വം വിലയിരുത്തണം. വിദ്യാഭ്യാസ വിചക്ഷണൻമാർ ഉൾക്കൊള്ളുന്ന ദേശീയതലത്തിലുള്ള ഉന്നത സമിതികളുണ്ട്. അവർ അത്രമാത്രം സങ്കുചിതമായ രാഷ്ട്രീയത്തിന്റെ സ്വാധീനതയിലായിപ്പോയെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും ഇപ്പോൾ അവരൊക്കെ ഉയർന്നതലത്തിൽ ഈ കാര്യങ്ങളെക്കുറിച്ചൊക്കെ ചിന്തിക്കുന്നവരും ആ നിലയിലുള്ള ഉന്നതനിലവാരമുള്ളവരുമാണ്. അവർക്ക് ഇതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാമർശങ്ങളും ഒക്കെയുണ്ട്. അതെല്ലാം കേവലം തൃണവൽഗണിച്ചുകൊണ്ട്, ഈ രാജ്യത്തെ ഭാവിതലമുറയെ അത്രമാത്രം അപകടപ്പെടുത്തിയേക്കാവുന്ന കാര്യങ്ങൾ, ഒരു തരിമ്പും വേവലാതിയില്ലാതെ, ആന കരിമ്പിൻ കാട്ടിൽ കടക്കുന്ന മാതിരി വിദ്യാഭ്യാസ രംഗം താറുമാറാക്കുകയാണ് ചെയ്യുന്നത്. നിയമവിദ്യാർത്ഥികളേയും ഹിന്ദി വിദ്യാർത്ഥികളെയും എങ്കിലും രക്ഷിക്കുവാൻ അവരോട് കരുണ കാണിക്കണം എന്ന് അപേക്ഷിക്കുകയാണ്. അതുകൊണ്ട് ഈ ഓർഡിനൻസ് നിരാകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri Manimangalathu Kuttiyali : Sir, I move that the Gandhiji University (Amendment) Bill, 1986 be circulated for eliciting public opinion till 31-12-1986.

ഈ ബില്ല് നിരാകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപ്പുറത്തുനിന്നും സംസാരിച്ച എന്റെ ബഹുമാനപ്പെട്ട രണ്ടുമൂന്നു സ്നേഹിതൻമാർ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് വകുപ്പുകൾ മാറ്റാൻ തീരുമാനമെടുത്തതെന്ന് മനസ്സിലാകുന്നില്ലെന്ന്. അതാണ് എനിക്ക് മനസ്സിലാകാത്തത്. ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയിൽ ആവശ്യമില്ലാത്ത രണ്ടു വകുപ്പുകൾ ആവശ്യമുള്ള ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റാനുള്ള ഒരു ഭേദഗതി മനസ്സിലാകുന്നില്ലെന്നു പറഞ്ഞാൽ അതിന്റെ പിന്നിൽ മനസ്സിലാകായ്മയല്ല മറ്റ് എന്തോ ആണെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് എന്റെ പല സുഹൃത്തുക്കളും പരിധിവിട്ട് മറ്റു രംഗങ്ങളിലേക്കും കടന്നു സംസാരിക്കാൻ ഇടയായത്.

സർ, ഇപ്പോൾ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുമ്പോൾ, ഗാന്ധിജി യൂണിവേഴ്സിറ്റി അതിന്റെ ബാലാരിഷ്ടതകൾ പിന്നിട്ടുകൊണ്ട് മെല്ലെമെല്ലെ പുറത്തുവരുന്ന ഒരു സാഹചര്യത്തിൽ രണ്ടു വകുപ്പുകൂടി അങ്ങോട്ടു മാറ്റിയാൽ അവിടത്തെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാകുമോ എന്നുള്ള തരത്തിലാണ് ഈ ചർച്ച വന്നതെങ്കിൽ അത് നമുക്ക് മനസ്സിലാക്കാം. ഇവിടെ അതല്ല ഉണ്ടായിട്ടുള്ളത്. ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറഞ്ഞത് പല കാര്യങ്ങളായാണ്. യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം നമുക്ക് ചിന്തിക്കാം. അതിനുള്ള ഒരു തുറന്ന വേദിയാണല്ലോ ഇത്. യൂണിവേഴ്സിറ്റികളെ കുറിച്ച് ഒരു ചർച്ച വരുമ്പോൾ, യൂണിവേഴ്സിറ്റികളുടെ ഫംഗ്ഷൻസ് എങ്ങനെ എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. വലിയ സംസ്കാരത്തിന്റെ ഉടമക്കളായ ഇൻഡ്യാ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ഉന്നതമായ സ്റ്റാൻഡേർഡിലായിരുന്ന പല യൂണിവേഴ്സിറ്റികളും ദിനംപ്രതി എന്നോണം ചീത്തയായിക്കൊണ്ടിരിക്കുന്ന ദുഃഖകരമായ സാഹചര്യമാണ് ഇവിടെയുള്ളത്. അത് ഒരു യാഥാർത്ഥ്യമാണ്. അത് എന്താണെന്ന് പരിശോധിക്കുവാൻ ബാദ്ധ്യതപ്പെട്ടവരാണ് നിയമമുണ്ടാക്കുന്ന നമ്മൾ. ഇൻഡ്യാ രാജ്യത്ത് ഉപരി വിദ്യാഭ്യാസം നടത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് സർവ്വകലാശാലകൾ. ആധുനിക സർവ്വകലാശാലകളെല്ലാം മദ്ധ്യകാല യൂറോപ്പിലുണ്ടായിരുന്ന സർവ്വകലാശാലകളുമായി ബന്ധമുണ്ടായിരുന്നുവെന്നും ആ നിലയിലാണ് പ്രവർത്തിക്കുന്നതെന്നും നമുക്കെല്ലാം അറിയാം.

കാശി രാജാവിന്റെ പതിനാറു വയസായ മകൻ ആയിരം സ്വർണ്ണനാണയങ്ങളുമായി ഗുരുവിന്റെ അടുക്കൽ വിദ്യ അഭ്യസിക്കുവാൻവേണ്ടി തക്ഷശിലയിൽ പോയ കഥ തുടങ്ങിയാണ് ഇൻഡ്യാ രാജ്യത്തിന്റെ സർവ്വകലാശാലകളിലെ ഉന്നതവിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത്. പന്ത്രണ്ടു കൊല്ലക്കാലം ഗുരുവിന്റെ കീഴിൽ..... അവിടെ നിന്നു തുടങ്ങി ഏകദേശം പതിനേഴാം നൂറ്റാണ്ടിലും പതിനഞ്ചാം നൂറ്റാണ്ടിലും തുടങ്ങുന്ന യൂറോപ്യൻ സംസ്കാരപൈതൃകത്തിന്റെ അവശിഷ്ടങ്ങൾ എന്നെല്ലാം പറയുന്ന പല സർവ്വകലാശാലകളുടേയും ചരിത്രം എടുത്തു പരിശോധിച്ചതിൽ എന്റെ അഭിപ്രായം ഇതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തോപ്പിൽ രവി)

സർ, 1857-ലാണ് ഇൻഡ്യയിൽ ആദ്യമായി മൂന്ന് സർവ്വകലാശാലകൾ ഉണ്ടാകുന്നത്. അതായത് കൽക്കട്ട, മദ്രാസ്, ബോംബെ. മദ്രാസ് സർവ്വകലാശാലയെസംബന്ധിച്ച് അത് ലോകത്തിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയോളംതന്നെ സ്റ്റാൻഡേർഡ് ഉണ്ടായിരുന്ന സർവ്വകലാശാലയാണെന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തുകൊണ്ട് നിലവാരം താണുപോയി ? എന്തുകൊണ്ടു താണുപോയി എന്നുള്ളതിനെക്കുറിച്ചാണ് നാം ആലോചിക്കേണ്ടത്. ആ പരിഗണന വച്ചുകൊണ്ടു വേണം ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് നാം ചിന്തിക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ രാജ്യത്ത് സർവ്വകലാശാലയെ സംബന്ധിച്ച ഒരു ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെ സ്വരൂപിക്കണമെന്ന് ആവശ്യപ്പെട്ട ബഹുമാനപ്പെട്ട പല വ്യക്തികളേയും ഞാൻ ഓർമ്മിക്കുകയാണ്. ഡോക്ടർ രാധാകൃഷ്ണൻ, മൗലാനാ അബ്ദുൽകലാം ആസാദ്, ഡോക്ടർ സമ്പൂർണ്ണാനന്ദ്, പ്രൊഫസർ ഹുമയൂൺ കബീർ അതുപോലെതന്നെ കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫസർ മുണ്ടശ്ശേരി. ഇൻഡ്യാ ഗവൺമെന്റുമായി ആലോചിച്ച് വിദ്യാഭ്യാസം ഒരു കൺകറന്റ് ലിസ്റ്റിൽ കൊണ്ടുവന്ന് ഒരു ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെടുത്തണമെന്നു പറഞ്ഞ മഹാൻമാരായ വിദ്യാഭ്യാസ വിചക്ഷണൻമാരായിരുന്നു അവർ. അവരുടെ വീക്ഷണത്തിൽനിന്ന് രൂപം കൊടുത്തുകൊണ്ട് സർവ്വകലാശാലയുടെ സ്വഭാവത്തെക്കുറിച്ച് രണ്ട് വീക്ഷണഗതികളാണ് ഇന്ന് ഇൻഡ്യയിൽ നിലവിലുള്ളത്. ഒന്ന് വിജ്ഞാനത്തിനു വേണ്ടി മാത്രം വിജ്ഞാനം നേടുന്ന ഒരു കേന്ദ്രമായി മാത്രം സർവ്വകലാശാലയെ ഇന്ന് ദേശീയനയത്തിന് അനുകൂലമായി രൂപപ്പെടുത്തുകയാണ്. രണ്ട്, പ്രധാനമായി സാങ്കേതികവും തൊഴിൽപരവുമായ വിഷയത്തിൽ ഉന്നതപഠനം നടത്താൻ സൗകര്യമുള്ള പരിശീലനകേന്ദ്രമായി നിലനിർത്തുക. ഈ രണ്ട് ഫോർമുലകൾ വച്ചുകൊണ്ടുള്ള ഫംഗ്ഷനാണോ സത്യത്തിൽ സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ കേരളത്തിൽ ഇന്ന് നടക്കുന്നതെന്ന് നമുക്ക് പരിശോധിക്കാനുണ്ട്. എന്തുകൊണ്ട് യു.ജി.സി. ഗ്രാൻറ് ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടിയില്ല? എന്തുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പല ഡിപ്പാർട്ടുമെൻറുകളും തക്ക സമയത്ത് നമുക്ക് പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല? എന്തുകൊണ്ട് കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലങ്ങളായിട്ടുപോലും ഗാന്ധിജി യൂണിവേഴ്സിറ്റിയെ ഒരു നല്ല നിലയിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ല. അത് പരിശോധിക്കേണ്ടതാണ്, ഇൻഡ്യയിലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുകൂലമായി ഒരു ലൈൻ സ്വീകരിക്കുന്നതിനുപകരം അല്ലെങ്കിൽ ആ നോംസ് അഡോപ്റ്റ് ചെയ്യുന്നതിനുപകരം മറെറന്തോ കുത്തിത്തിരുകാൻ ശ്രമിച്ചതിന്റെ പരിണിത ഫലമായിട്ട് ഇന്ന് ഇവിടെ പഠിക്കുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നുള്ളതാണ് ഇതിന്റെ യാഥാർത്ഥ്യം. ഇത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. അതൊരു വിമർശനമല്ല. അത് മനസ്സിലാക്കണം. നമ്മുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ച, ഇപ്പോൾ ഇവിടെ കേരള യൂണിവേഴ്സിറ്റി; കാലിക്കട്ട് യൂണിവേഴ്സിറ്റി, കാർഷിക യൂണിവേഴ്സിറ്റി, ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റി, ഗാന്ധിജി യൂണിവേഴ്സിറ്റി; ഇനി വരാൻ പോകുന്ന സംസ്കൃത യൂണിവേഴ്സിറ്റി, ഓപ്പൺ യൂണിവേഴ്സിറ്റി എന്താണ് സർ; ഇതൊക്കെ? ഉള്ളത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? മാർക്ക് ലിസ്റ്റ് തട്ടിപ്പു കേസുകൾ. ഒരു പരീക്ഷ നടത്താൻ നമുക്ക് സാധിക്കുന്നില്ല. ചോദ്യക്കടലാസുകൾ ചോർന്നുപോകുന്നു. വൈസ് ചാൻസലർമാരേയും പ്രൊ-വൈസ് ചാൻസലർമാരേയും നിയന്ത്രിക്കാനുള്ള ഗവൺമെൻറിന്റെ സംവിധാനത്തിന് ശക്തി പോരാ. ആ സാഹചര്യത്തിൽ നമ്മുടെ കുട്ടികൾ എല്ലാം ശ്വാസംമുട്ടിക്കഴിയുന്ന ഒരവസ്ഥാവിശേഷത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എത്തിയിരിക്കുന്നു. ഒരു യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറ് ഇങ്ങോട്ട് മാറിയതുകൊണ്ട് ഗുണമുണ്ടാകുമോ എന്ന് ചോദിക്കുന്നതിനു പകരം കുറച്ചുകൂടി ഫലപ്രദമാക്കാൻ എന്ത് ക്രിയാത്മകമായ നിർദ്ദേശമാണ് അപ്പുറത്തുനിന്ന് വച്ചിട്ടുള്ളതെന്നാണ് എനിക്ക് അറിയേണ്ടത്. അതാണ് പ്രശ്നം. അതിൽ കുറച്ചു പൊളിറിക്സ് പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. മലബാർ പ്രദേശം മദ്രാസിന്റെ ഭാഗമായിരുന്ന കാലംമുതൽതന്നെ മദ്രാസ് യൂണിവേഴ്സിറ്റിയുടെ സ്റ്റാൻഡേർഡ് തകർന്നുകൊണ്ടിരുന്നു എന്ന റിപ്പോർട്ട് വായിച്ച

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചവരാണ് നമ്മളൊക്കെ. അതുപോലെതന്നെ കേരള സംസ്ഥാനത്ത് കഴിഞ്ഞ കാലഘട്ടം മുതൽതന്നെ നമ്മുടെ യൂണിവേഴ്സിറ്റികളുടെ നിലവാരം താണു താണു പോകുന്നു. എന്താണ് കാരണം ? രാഷ്ട്രീയ ഇടപെടലുകളല്ലേ ? ആട്ടോണമസ് ബോഡിയെന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിൽനിന്ന് കിട്ടുന്ന ഗ്രാന്റുകളും ഇങ്ങനെ ചെലവഴിക്കുന്നതിനെ സംബന്ധിച്ചിടത്തോളം കാര്യക്ഷമമായി പരിശോധിക്കാൻ ഉള്ള ഒരു സംവിധാനം ഇല്ലാത്തതിന്റെ അപാകതയല്ലേ ഈ കുറ്റങ്ങൾക്കെല്ലാം കാരണമെന്ന് ചിന്തിക്കാൻ അപ്പുറത്തുള്ളവർ തയ്യാറുണ്ടോ ? അതാണ് ചോദ്യം. സിൻഡിക്കേറ്റ് എന്തു ചെയ്യുന്നു ? സെനറ്റ് എന്ത് പ്രവർത്തിക്കുന്നു ? എങ്ങനെയാണ് കാര്യങ്ങളെ നീങ്ങുന്നത് ? എങ്ങനെ പരീക്ഷക്കടലാസ് ചോർന്നു പോകുന്നു ? ഇത് അപഹാസ്യമായ ഒരു നാടകമല്ലേ ? പരീക്ഷാക്കടലാസും ചോദ്യക്കടലാസും ചോർന്നുപോകുന്നുവെന്നു പറഞ്ഞാൽ നിസ്സാരപ്പെട്ട ഒരു കാര്യമാണോ ? അത് ഒരിക്കൽ സംഭവിച്ചു എന്നിരിക്കട്ടെ. തെറ്റുകളും സ്വാഭാവികമാണ്. ഇത് നമ്മുടെ യൂണിവേഴ്സിറ്റികളിൽ സ്ഥിരമായി മാറിയിരിക്കുന്നു. കൃത്യസമയത്ത് പരീക്ഷ നടത്താൻ സാധിക്കുന്നില്ല. പരീക്ഷ നടത്തിയാൽത്തന്നെ അതിന്റെ മാർക്ക് ലിസ്റ്റ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല ; ആ മാർക്ക് ലിസ്റ്റ് വന്നാൽത്തന്നെയും തോറ്റവർ ജയിക്കുന്നു, ജയിച്ചവർ തോൽക്കുന്നു. ഈ സ്ഥിതിവിശേഷങ്ങളും എല്ലാം ഈ സംസ്ഥാനത്തിലെ കുട്ടികളുടെ ഭാവനയെ എവിടെക്കൊണ്ടുചെന്നു എത്തിക്കും. ശാന്തമായി പരിശോധിക്കേണ്ട കാര്യങ്ങളാണ്. ജീവനക്കാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ശരിക്ക് രാഷ്ട്രീയവൽക്കരണം ചെയ്ത ജീവനക്കാർ അല്ലേ ഇവിടെയുള്ളത്. രാജ്യത്തിലെ വിദ്യാഭ്യാസ മേഖലയിലുള്ളവരോ അല്ലെങ്കിൽ സമൂഹത്തിന്റെ ഉത്തമ താൽപ്പര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നവരോ, ജീവനക്കാർ ആകേണ്ടതാണ്. മുമ്പ് രാഷ്ട്രീയ മതങ്ങളേക്കൂടാതെ പ്രവർത്തിക്കുന്ന ജീവനക്കാർ ആയിരുന്നു. അങ്ങനെയാണെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ ? ചിന്തിക്കേണ്ട ഒരു കാര്യമാണ്. പരീക്ഷാക്കടലാസിൽ മഷി പകർന്നു വയ്ക്കുക, പരീക്ഷ എഴുതിയ കുട്ടികളുടെ പരീക്ഷാക്കടലാസ് കാണാതിരിക്കുക. ഇങ്ങനെയെല്ലാമുള്ള കുറ്റകരമായ അനാസ്ഥ ചെയ്ത ആളുകൾക്ക് എതിരായി ശിക്ഷണനടപടികൾ എടുക്കുമ്പോൾ അതിനെതിരായി നിരാഹാരവും സമരം സംഘടിപ്പിക്കുന്ന ദുഷിച്ച രാഷ്ട്രീയ പ്രവണതയല്ലേ ഇന്ന് യൂണിവേഴ്സിറ്റിയെ ഇങ്ങനെ നിലംപരിശാക്കിയത്. അതു മറച്ചുവച്ചുകൊണ്ട് മറ്റു ചില കാര്യങ്ങളിലേക്ക് കടന്നുപോയി സംസാരിക്കുന്നത് അന്തസ്സില്ലാതേയാണെന്ന് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം ശാന്തമായി ചിന്തിക്കേണ്ട രണ്ടുമൂന്ന് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിലെ വികസിത രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ 10 മുതൽ 30 ശതമാനം വരെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവരാണ്. നമ്മുടെ സ്ഥിതിയോ മൂന്നുമുതൽ 5 വരെ ശതമാനം മാത്രമാണ്. ഉന്നതവിദ്യാഭ്യാസം നടത്തുന്നവരായിട്ടുള്ളത്. വികസ്വര രാജ്യമായ ഇൻഡ്യാ രാജ്യത്ത്, നമ്മുടെ സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം ആ കാര്യം പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല. ഇതാണ് സ്ഥിതിയെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റി കാര്യക്ഷമത ഇല്ലാതായിപ്പോകുന്ന ഒരു സാഹചര്യം നമുക്ക് ആർക്കെങ്കിലും അനുവദിക്കാൻ സാധിക്കുമോ ? 95 ശതമാനം സാക്ഷരതയുള്ള ഒരു സ്റ്റേറ്റ് എന്ന നിലയ്ക്ക് നമുക്ക് അഭിമാനം കൊള്ളാമെങ്കിൽ ഇന്ന് ആർക്ക് വേണമെങ്കിലും എം. എ. സർട്ടിഫിക്കറ്റോ ബി. എ. സർട്ടിഫിക്കറ്റോ പൈസ കൊടുത്താൽ കിട്ടുന്ന ഒരു സാഹചര്യത്തിലേക്ക് നാം താണുപോയിരിക്കുന്നു. ബോഗസ്സായി പാസ്പോർട്ട് കിട്ടുന്നപോലെ അത്രയും താണുപോയിരിക്കുന്നു നമ്മുടെ യൂണിവേഴ്സിറ്റിയിൽനിന്ന് കിട്ടുന്ന സർട്ടിഫിക്കറ്റുകളുടെ വില. യഥാർത്ഥത്തിൽ ഇത് രാഷ്ട്രീയ ഇടപെടലുകളുടെ പരിണത ഫലമല്ലേ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മൂന്നിൽ ഒരു ഭാഗം ചെലവഴിക്കുന്നത് വിദ്യാഭ്യാസാവശ്യങ്ങൾക്കുവേണ്ടി മാത്രമാണ്. കേരള സംസ്ഥാനം തന്നെ യൂണിവേഴ്സിറ്റികൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുംവേണ്ടി ചെലവഴിക്കുന്ന പണം സത്യത്തിൽ ദുരുപയോഗപ്പെടുത്തുന്നുവെന്നല്ലേ ദിവസവും ഇവിടെ നടക്കുന്ന ചർച്ചകളിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നത്. അപ്പോൾ ഇതിന് എതിരായി അതിശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് വൈസ് ചാൻസലർ ആയാലും പ്രൊ വൈസ് ചാൻസലർ ആയാലും ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിറവേറ്റുന്നില്ല എന്നുകാണുന്ന ആളുകളെ എന്ത് രാഷ്ട്രീയമാണെങ്കിലും ഒന്നിച്ചുനിന്ന് നമുക്ക് നേരിടാൻ സാധിക്കണം. ഇപ്പോൾ ഡിപ്പാർട്ടുമെൻറുകൾ ആയാലും റിസർച്ച് സെൻറർുകൾ ആയാലും യൂണിവേഴ്സിറ്റിക്കുള്ള ആട്ടോണമസ് അംഗീകരിച്ചുകൊണ്ടുതന്നെ ആ ആട്ടോണമസ് അവർ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് ശക്തമായ കൺട്രോൾ ഉണ്ടാകുന്ന ഒരു സാഹചര്യം ഈ രാജ്യത്ത് ഉണ്ടാക്കുക എന്നതാണ് ആവശ്യം. മൂന്നാമതായിട്ട് നമ്മുടെ വിദ്യാഭ്യാസനിലവാരം ഒരു ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി, അതിന് യാതൊരു മായവും ചേർക്കാത്ത രൂപത്തിൽ എല്ലാ വിദ്യാഭ്യാസ വിദഗ്ദ്ധൻമാരേയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അഭിപ്രായം സ്വരൂപിച്ചുകൊണ്ട് ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ നയവുമായി പൊരുത്തപ്പെടുത്തിക്കൊണ്ട് പോകുന്ന ഒരു വിദ്യാഭ്യാസ നയത്തിന് അനുകൂലമായിട്ടുള്ള ഒരു സമീപനം ആവിഷ്കരിക്കണം ഇവിടെ സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് പറയാനുള്ളത്.

Shri R. S. Unni : Sir, I move that the Gandhiji University (Amendment) Bill, 1986 be referred to a Select Committee.

സർ, കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിലിരിക്കുകയാണ്. ആ ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്താമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പു നൽകിയിട്ടുണ്ട്. വളരെ വിശദമായ പരിശോധനയും മാറ്റങ്ങളും ആവശ്യമായി വരുമെന്ന് ഞാൻ വിശ്വസിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾക്കുവേണ്ടിയുള്ള ഒരു യൂണിവേഴ്സിറ്റി എന്ന നിലയ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ബിസിനസ് മാനേജ്മെൻറിന് തീർച്ചയായും ഒരു ഫാക്കൽറ്റി ഉണ്ടാക്കുമെന്നാണ് എൻറെ വിശ്വാസം. ബിസിനസ് മാനേജ്മെൻറ് ഒരു വലിയ വിഷയമാണ്. ഇൻഡ്യാ രാജ്യംപോലുള്ള ഒരു രാജ്യത്ത്, സാമൂഹ്യ സാമ്പത്തികസ്ഥിതിയൊക്കെ പരിഗണിച്ചാൽ ബിസിനസ് മാനേജ്മെൻറ് എന്ന വിഷയത്തിൽ പ്രാവീണ്യം സിദ്ധിച്ച ആളുകൾ ഉണ്ടാകണമെങ്കിൽ ഇതിനൊക്കെ പ്രത്യേക പ്രാധാന്യം നൽകി പരിഗണിക്കേണ്ട കാര്യമാണ്. സർ, ബിസിനസ് മാനേജ്മെൻറിൽ വളരെ മിടുക്കുള്ള ആളുകളുണ്ടായിവരണമെന്നുണ്ടെങ്കിൽ നിയമപഠനത്തിന്റെ പ്രാധാന്യം കുറയ്ക്കാൻ പാടില്ല. ക്രിമിനൽ വകുപ്പിനേയും സിവിൽ വകുപ്പിനേയും രണ്ടു ബ്രാഞ്ചുകളേക്കാളും കൊമേഴ്സ്യൽ ലായും ഇൻഡസ്ട്രിയൽ ലായും ടാക്സേഷൻ ലായുമൊക്കെ നല്ലതുപോലെ വികസിച്ചിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ഇൻഡസ്ട്രിയൽ ലായിൽ ഇപ്പോൾ കോടതിവിധിന്യായങ്ങൾതന്നെ അതിവിപുലമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെയാണ് കൊമേഴ്സ്യൽ ലായും ടാക്സേഷൻ ലായും. അപ്പോൾ ബിസിനസ് മാനേജുമെൻറുമായി ബന്ധപ്പെടുന്ന നിയമകാര്യങ്ങളിൽ വേണ്ടത്ര പ്രാവീണ്യം സിദ്ധിക്കാൻ കഴിയുകയില്ലെങ്കിൽ ഒരു എഫിഷ്യൻറായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബിസിനസ് മാനേജരെ നമുക്ക് വാർത്തെടുക്കാൻ കഴിയാതെവരും. അപ്പോഴാ നിയമപഠനം നമ്മുടെ ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിക്കഴിഞ്ഞാൽ സ്വാഭാവികമായും ഒരു ബിസിനസ് മാനേജർക്ക് ആവശ്യമുള്ള നിയമബോധം അല്ലെങ്കിൽ അതിൽ കിട്ടേണ്ട പ്രാവീണ്യം സ്വാഭാവികമായും കൊച്ചി യൂണിവേഴ്സിറ്റിയിൽനിന്ന് ബിസിനസ് മാനേജുമെൻറ് ഡിഗ്രി സമ്പാദിച്ച് പുറത്തിറങ്ങുന്ന ആളുകൾക്ക് വേണ്ടത്ര കിട്ടാതെ വരുമോയെന്ന ആശങ്ക ഉണ്ട്. തീർച്ചയായും ഈ നിയമം ഫാക്കൽറ്റി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽത്തന്നെ നിർത്തേണ്ടതാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം

മറ്റൊന്നുള്ളത് ഗാന്ധിജി യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പരിതിതികരം എന്നതാണ്. ഞാൻ വിമർശനവും കുറവുമൊന്നും പറയുന്നില്ല. യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെപ്പറ്റിത്തന്നെ നമുക്കെല്ലാം ചില സങ്കൽപ്പങ്ങൾ ഉണ്ട്. അതു മാറേണ്ട കാലം കഴിഞ്ഞിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. എങ്ങനെയും ഒരു യൂണിവേഴ്സിറ്റി നമുക്ക് ഉണ്ടാക്കിയാൽ മതി ബാക്കിയെല്ലാം പിന്നീട് സ്വാഭാവികമായിട്ട് ശരിപ്പെടുത്താൻ സാധിക്കുമെന്ന ഒരു വിശ്വാസം പലപ്പോഴും അസ്ഥാനത്താകാറുണ്ട്. യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനും, ആ യൂണിവേഴ്സിറ്റി ഉന്നത വിദ്യാഭ്യാസരംഗത്തു നൽകേണ്ട സേവനം നൽകാൻ കഴിവുള്ള സ്ഥാപനമാക്കി മാറ്റി വളർത്തിയെടുക്കുന്നതിനും നമ്മൾ ആഗ്രഹിക്കുന്നതുപോലെയും പ്രതീക്ഷിക്കുന്നതു പോലെയും വിചാരിക്കുന്നതുപോലെയും സംഗതികൾ നടക്കുന്നില്ലെന്നുള്ളത് ഗാന്ധിജി യൂണിവേഴ്സിറ്റിയെന്ന സ്ഥാപനവും പിന്നിടുള്ള അതിന്റെ പ്രവർത്തനവുംകൊണ്ട് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടുകാണുമെന്നാണ് എന്റെ വിശ്വാസം. യൂണിവേഴ്സിറ്റി എന്ന ഒന്നു സ്ഥാപിക്കണമെങ്കിൽ ആ യൂണിവേഴ്സിറ്റിക്ക് നിർവ്വഹിക്കാനുള്ള വിപുലമായ, ഭാരിച്ച ചുമതലകൾ നിർവ്വഹിക്കാൻ കഴിവുള്ള സ്ഥാപനമാക്കി നിലനിർത്തി നടത്തിക്കൊണ്ടു പോകാനുള്ള ഉറപ്പ് ഒരുക്കിയിട്ടുവേണം അങ്ങനെയൊന്നു ചെയ്യാൻ. ഞാനിപ്പോൾ പെട്ടിക്കടയെന്നോ അല്ലെങ്കിൽ മറ്റെന്നോ എന്ന് ഒന്നും പറയുന്നില്ല. പക്ഷേ അവിടെ ഇന്നുള്ള ഫാക്കൽറ്റിയുടെ പ്രവർത്തനങ്ങളിൽ കുട്ടികളോട് നീതി കാണിക്കാനും ഒരു യൂണിവേഴ്സിറ്റിക്ക് ആവശ്യമുള്ള രീതിയിൽ ഫാക്കൽറ്റികളുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാനും സാധിക്കുന്നില്ലെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതാണ് സ്ഥിതി. ഇതിനിടയിലാണ് ഇവിടെനിന്നും ഹിന്ദിയും നിയമവും അങ്ങോട്ടു മാറുന്നത്. ഇത് വളരെ ആലോചിച്ചു ചെയ്യേണ്ട ഒരു സംഗതിയാണ്. പുതിയ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെപ്പറ്റിത്തന്നെ നമ്മുടെ സങ്കൽപ്പമെന്താണ്? യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയും, യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തെപ്പറ്റിയുമൊക്കെ ഈപ്പോൾ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. അതിനു പല അഭിപ്രായങ്ങളും ഉണ്ട്. ഭരണപരമായ സ്വാധീനം യൂണിവേഴ്സിറ്റിക്ക് വേണമോ, പഠനപരമായിട്ടുള്ള കാര്യങ്ങളിൽ അക്കാഡമിക്കൽ ആയിട്ടുള്ള സ്വാധീനം മതിയോ, അതോ ഇതു രണ്ടുംകൂടി വേണമോ എന്നുള്ളതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. ഇതിൽ നമുക്ക് ഒരു ക്ലാരിറ്റി വാസ്തവത്തിൽ ആവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ന് ആ കാര്യത്തിൽ ക്ലാരിറ്റി ഇല്ല. കേരള യൂണിവേഴ്സിറ്റി നിയമം ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ട അവസരത്തിൽ യൂണിവേഴ്സിറ്റിയുടെ സ്വാതന്ത്ര്യത്തെസംബന്ധിച്ച് ധാരാളമായി ഇവിടെ ചർച്ച നടന്നിട്ടുണ്ട്. അന്ന് ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെതന്നെ ഒരു നല്ല യൂണിവേഴ്സിറ്റി നിയമം വാർത്തെടുക്കണമെന്നുള്ള അടിസ്ഥാനത്തിൽത്തന്നെ സഭാചർച്ച ചെയ്തതാണ്. അന്ന് യൂണിവേഴ്സിറ്റിയുടെ സ്വാതന്ത്ര്യത്തെസംബന്ധിച്ച് രണ്ടു ഭാഗത്തുനിന്നും മെമ്പർമാർ ധാരാളം വാദിക്കുകയുണ്ടായി. നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

പാസാക്കിയ കേരള യൂണിവേഴ്സിറ്റി നിയമം ഒരു മാതൃകാനിയമം എന്നുള്ള നിലയ്ക്ക് നമ്മുടെ രാജ്യത്തിന്റെ വളർച്ചയുടെ ഇന്ന ത്ത ഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് പഠനകാര്യങ്ങളിലും അതുപോലെതന്നെ ഭരണപരമായ കാര്യങ്ങളിലും ജനാധിപത്യ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ ജനാധിപത്യപരമായി യൂണിവേഴ്സിറ്റിയുടെ ഭരണ്കമങ്ങളെ നിയന്ത്രിക്കാൻ സാധിക്കണമെന്നാണ് അന്ന് പൊതുവേ ഉണ്ടായിരുന്ന അഭിപ്രായം. പഠനവിഷയങ്ങളെ സംബന്ധിച്ച് സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി നമുക്ക് ലഭ്യമായ മൈദഗ്ദ്ധ്യം പൂർണ്ണമായിട്ടും—പഠനകാര്യങ്ങളും തീരുമാനിക്കാനും പഠന വിഷയങ്ങളും തീരുമാനിക്കാനും അതുപോലെതന്നെ അതിനാവശ്യമായിട്ടുള്ള പുരോഗതി കൈവരിക്കാനും—ഉതകുന്ന നമുക്കുള്ള ഏക് സ് പർട്ടൈസ് സമ്പൂർണ്ണമായി, സ്വതന്ത്രമായി ആ രംഗത്ത് വിനിയോഗിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് നമ്മുടെ സംസ്ഥാനത്തിനും നമ്മുടെ രാജ്യത്തിനും നൽകാവുന്ന ഏറ്റവും വലിയ സംഭാവന നൽകാൻ കഴിയണം. അതിനുതകുന്ന നിയമമാകണം കേരള യൂണിവേഴ്സിറ്റി നിയമമെന്നുള്ളതായിരുന്നു സഭ ആ നിയമത്തിനു കൊടുത്ത ഒരു പരിഗണന. അതിന്റെ അടിസ്ഥാനം അതായിരുന്നു. ഇന്ന് ഇപ്പോഴും നമ്മുടെ സ്വാതന്ത്ര്യം യൂണിവേഴ്സിറ്റികൾക്ക് എവിടംവരെയാകാമെന്നും ഭരണപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം വേണമോ എന്നതുമാണ് പ്രശ്നം. അവിടെ ദുർവിനിയോഗങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് ആ സ്വാതന്ത്ര്യം എടുത്തുകളഞ്ഞു. അതെല്ലാം സർക്കാരിനാക്കണം എന്നാലേ ഇതു ശരിയാകൂ എന്ന ഒരഭിപ്രായവും പഠനകാര്യങ്ങളിലുള്ള സ്വാതന്ത്ര്യം എവിടംവരെ കൊടുക്കണം അങ്ങനെ കൊടുത്താലുള്ള സ്ഥിതിയെന്താണ് എന്നുള്ളതിനെപ്പറ്റിയുള്ള സംശയവും ഉണ്ട്. ഏതായാലും യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെസംബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ സ്വാതന്ത്ര്യം അല്ലെങ്കിൽ സ്വയംഭരണാവകാശം എവിടംവരെ ഒക്കെയാകാം, അക്കാഡമിക്കലായിട്ടുള്ള സ്വാതന്ത്ര്യം മതിയോ, ഭരണപരമായിട്ടുള്ള സ്വാതന്ത്ര്യം വേണമോ എന്നെല്ലാമുള്ളതിനെസംബന്ധിച്ച് ഏതായാലും ഒരു ക്ലാരിറ്റി വേണമെന്നാണ് എനിക്ക് വിനീതമായി നിർദ്ദേശിക്കാനുള്ളത്. ഗവൺമെന്റിന് ഇന്ന് ആ കാര്യത്തിൽ ഒരു ക്ലാരിറ്റി ഇല്ല. എന്റെ വിനീതമായ അഭിപ്രായത്തിൽ ഭരണപരമായ കാര്യങ്ങളിൽ, ജനാധിപത്യതത്വങ്ങളുടെ അടിസ്ഥാനത്തിൽ, ഇൻബിൽറ്റ് ആയിട്ടുള്ള ഒരു സ്വാതന്ത്ര്യം ഇതിനകത്ത് ഉണ്ടാകണമെന്നാണ്. ഇത് സമ്പൂർണ്ണ സ്വാതന്ത്ര്യമാകണമെന്ന് എനിക്ക് അഭിപ്രായമില്ല. ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു മേൽവിചാരം വേണം. തിരുത്തലുകൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ തിരുത്താനുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു ജനാധിപത്യ സ്ഥാപനമെന്നുള്ള നിലയ്ക്ക് അതിന്റെ പ്രവർത്തനങ്ങൾക്കെല്ലാമുള്ള സ്വാതന്ത്ര്യം അതിനുണ്ടാകണം. പഠനകാര്യങ്ങളെ സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതിൽ ഗവൺമെന്റ് കയ്യിടാനോ അല്ലെങ്കിൽ നിയന്ത്രിക്കാനോ ഉള്ള യാതൊരു ആഗ്രഹവും ഉണ്ടാകരുതെന്നും എനിക്ക് അഭിപ്രായമുണ്ട്. ലോക രാഷ്ട്ര സമൂഹത്തിനിടയിൽ നമ്മുടെ രാജ്യത്തിന് അർഹമായ സ്ഥാനമുണ്ടാകണം. സർ. 21-ാം നൂറ്റാണ്ടിലേക്ക് നമ്മുടെ രാജ്യം പുരോഗമിക്കുന്നു. മാനവശേഷിവികസനത്തിനൊക്കെയുള്ള പരിശ്രമങ്ങളും നമ്മൾ നടത്തുന്നുണ്ട്. വലിയ ലക്ഷ്യത്തെ മുൻനിർത്തി പുതിയ വിദ്യാഭ്യാസനയമൊക്കെ നമ്മൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ രാഷ്ട്രം ഇന്നും പല രാജ്യങ്ങളെ അപേക്ഷിച്ചും വളരെ പുറകിലാണ്. അവരോടൊപ്പം നമുക്ക് എത്തണം. അതുകൊണ്ട് വളരെ വേഗതയിൽ നമ്മൾ പോയേ പറ്റൂ. നമ്മുടെ മാനവശേഷിയൊക്കെ വികസിപ്പിക്കാനും നല്ലതുപോലെ മാൻപവർ നമുക്ക് യൂട്ടിലൈസ് ചെയ്യാനും നമ്മുടെ രാജ്യം വികസിപ്പിക്കാനും വളർത്തുവാനുമൊക്കെ നമുക്ക് സാധിക്കണം, ഇതു സാധിക്കണമെന്നുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ ഉൾക്കൊള്ളാനും ഇതനുസരിച്ച് പ്രവർത്തിക്കാനുമൊക്കെയുള്ള സന്നദ്ധതയും അതിനുള്ള അവധാനതയും ദീർഘവീക്ഷണവും ഹൃദയവിശാലതയും എല്ലാം ആവശ്യമാണ്. പോസിറ്റീവായിട്ട്, വസ്തുനിഷ്ഠമായിട്ട് ചിന്തിക്കാനും രാജ്യത്തെ പുരോഗതിയെ മുൻനിർത്തിക്കൊണ്ടുള്ള നയങ്ങൾ ആവിഷ്കരിക്കാനുള്ള അവധാനതയും സൗമനസ്യവും നമുക്ക് ഉണ്ടാകണം. മുശ്ശാഠ്യങ്ങളും മറ്റു കാര്യങ്ങളുമൊക്കെ കുറച്ചൊക്കെ ഒഴിവാക്കണം. വ്യക്തിനിഷ്ഠമായ താൽപ്പര്യങ്ങളൊക്കെ മാറ്റിവയ്ക്കണം.

സർ, ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് അതിന്റെ പ്രവർത്തനത്തിൽ എവിടെ വരെ അതിന് സ്വാതന്ത്ര്യമാകാം, അക്കാഡമിക്കുകാര്യം ആയിട്ടുള്ള കാര്യത്തിൽ എത്ര സ്വാതന്ത്ര്യം വേണം എന്നുള്ളതിനെപ്പറ്റി നമുക്ക് ക്ലാരിറ്റി ഉണ്ടാക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമം എടുത്ത്, ഇന്നുതന്നെയുള്ള കാര്യങ്ങളും കൊണ്ടുനടക്കാനുള്ള കഴിവില്ലാതിരിക്കുന്ന ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റാതെ നിശ്ചയമായും ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ നല്ല പ്രാവിണ്യമുള്ള ആളുകളെ വാർത്തെടുക്കുന്നതിന് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തന്നെ ഇത് നിലനിൽക്കുന്നതായിരിക്കും നല്ലത്. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ നിന്നുകൊണ്ട് നിയമപഠനത്തിൽ കാര്യമായ എന്തെങ്കിലും സംഭാവന കൂടുതലായി ചെയ്യാൻ സാധിക്കും എന്ന് എനിക്ക് തോന്നുന്നില്ല. നേരെമറിച്ച് മറ്റേയിടത്ത് നിന്നാൽ കൂടുതൽ പ്രയോജനം അതായിരിക്കും എന്നാണ് എന്റെ വിനീതമായ അഭിപ്രായം, ഇക്കാര്യങ്ങളൊക്കെ പരിശോധിക്കാൻ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ)

ശ്രീ. കെ. മുഹമ്മദാലി : സർ, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചുവരുന്ന ഹിന്ദിയും നിയമ വിഭാഗവും ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഓർഡിനൻസ് നിയമം ആക്കാൻ വേണ്ടിയുള്ള ഭേദഗതി നിയമമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നിയമസഭയ്ക്കകത്തും പുറത്തും സജീവമായി ചർച്ചകളും അഭിപ്രായ പ്രകടനങ്ങളും ഇക്കാര്യത്തെക്കുറിച്ച് നടന്നിട്ടുള്ളതാണ്. അവധാനപൂർവ്വം ആലോചിച്ച് തീരുമാനത്തിലെത്തേണ്ട കാര്യമാണതെന്നതിൽ യാതൊരു സംശയവുമില്ല. 1963-ൽ കേരള യൂണിവേഴ്സിറ്റിയുടെ എറണാകുളം സെൻറ്റായ തൃക്കാക്കരയിൽ ഹിന്ദിയും നിയമ വിഭാഗവും ആരംഭിച്ച കാലം മുതൽ നല്ല നിലയിൽ അതിന്റെ പ്രവർത്തനം അവിടെ നടന്നുവന്നതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി രൂപീകൃതമായപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഭാഗമായി മാറുകയുണ്ടായി. അതിനുശേഷം കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വികാസം ലക്ഷ്യമാക്കി നടന്നിട്ടുള്ള തീരുമാനങ്ങൾ ഒന്നും തന്നെ ഹിന്ദി നിയമ വിഭാഗം ആ യൂണിവേഴ്സിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്നതിന് തടസ്സമായി വന്നിട്ടില്ലാത്തതുമാണ്. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായി കൊച്ചിൻ യൂണിവേഴ്സിറ്റിയെ വികസിപ്പിച്ചെടുക്കുവാൻ നടന്നിട്ടുള്ള ശ്രമങ്ങളുടെ ഭാഗമായി രൂപീകൃതമായ വിദഗ്ദ്ധ കമ്മിറ്റികളും എല്ലാംതന്നെ ഹിന്ദി നിയമവിഭാഗം അവിടെ പ്രവർത്തിക്കുന്നതിന് തടസ്സം പറഞ്ഞതായി കാണുവാൻ കഴിയുന്നില്ല. കഴിഞ്ഞദിവസം ഈ സഭയിൽ കൊച്ചിൻ യൂണിവേഴ്സിറ്റി നിയമത്തെക്കുറിച്ച് നടന്ന ചർച്ചകളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയായി മാറ്റാനുള്ള നിയമംകൊണ്ടുവരുന്നതിനാധാരമായി അംഗീകരിച്ചിരുന്ന ചക്രവർത്തി കമ്മീഷൻ റിപ്പോർട്ടിൽ തന്നെ ഹിന്ദി നിയമ വിഭാഗം ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി തുടരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് വിരോധം പറഞ്ഞിട്ടില്ല. എന്നുമാത്രമല്ല അത് അംഗീകരിക്കുകയും ന്യായീകരിക്കുകയുമാണ് ഈ വിദഗ്ദ്ധ സമിതിയുടെ ഭാഗത്ത് നിന്നുണ്ടായത്. ഹിന്ദി, നിയമ വിഭാഗം കൊച്ചിൻ സർവ്വകലാശാലയിൽ നിന്ന് മാറ്റി ഗാന്ധിജി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കാൻ നടത്തുന്ന നീക്കങ്ങളും വിദ്യാഭ്യാസ വിദഗ്ദ്ധൻമാരേയോ ജനങ്ങളെയോ ബോദ്ധ്യപ്പെടുത്തൻ കഴിയുന്ന രീതിയിൽ വാദമുഖങ്ങളും നിരത്തിവയ്ക്കാൻ കഴിയാത്തതാണ്. എന്നു പറയാതിരിക്കാൻ നിർവാഹമില്ല. ഇവിടെ ഹിന്ദിയും നിയമവിഭാഗവും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നതുമൂലം ബിരുദാനന്തര പഠനത്തിനും അതുപോലെതന്നെ ഗവേഷണത്തിനും അനുയോജ്യമായ കേരളത്തിലെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായി രൂപാന്തരപ്പെടുന്നതിന് ഈ വിഷയങ്ങളും ഇവിടെ നിലനിൽക്കുന്നത് തടസ്സമാണെന്ന് വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ അഭിപ്രായ പ്രകടനം നടത്തിയിട്ടുമില്ല. അവധാനപൂർവ്വം ഇക്കാര്യത്തെക്കുറിച്ച് ഒരിക്കൽകൂടി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ഒരു കാര്യം പറയുകയുണ്ടായി. ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് ഈ വകുപ്പുകൾ മാറുന്നുണ്ടെങ്കിലും കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ തന്നെ പ്രവർത്തിക്കും എന്ന് അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്. അത്രത്തോളം ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്

ശ്രീ. കെ. പങ്കജാക്ഷൻ : സർ, അദ്ദേഹം ഈ ഉറപ്പു നൽകിയത് ഇപ്പോൾ ഗാന്ധിജി യൂണിവേഴ്സിറ്റി ഏതാണ്ട് വണ്ടിക്കടി, പെട്ടിക്കട നടത്തുന്നതുപോലെ കോട്ടയത്ത് നടത്തുന്നതുകൊണ്ടല്ലേ, സ്ഥല സൗകര്യക്കുറവുകൊണ്ടല്ലേ ?

ശ്രീ. കെ. മുഹമ്മദാലി : സർ, നമ്മുടെ യൂണിവേഴ്സിറ്റി അതിന്റെ പ്രാരാബ്ദ്ധങ്ങളെ അതിജീവിക്കാൻ തീവ്രമായ ശ്രമത്തിലാണെന്ന് ഈ സഭയിൽ പലതവണ ആവർത്തിച്ചിട്ടുള്ളതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഇപ്പോൾ തൽക്കാലം കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ തന്നെ നിയമവും ഹിന്ദി ഡിപ്പാർട്ടുമെന്റും നടത്തുമെന്ന് പറയുന്ന മന്ത്രിക്ക് പകരം മറ്റൊരു മന്ത്രിയുണ്ടായി വരുമ്പോൾ അദ്ദേഹത്തിന് മറ്റൊരു തീരുമാനപ്രകാരം ഇത് കോട്ടയത്തേക്കോ മറ്റോ കൊണ്ടുപോകാൻ പാടില്ല എന്ന് അങ്ങ് വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. മുഹമ്മദാലി : സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പിതാംബരൻ മാസ്റ്ററുടെയും എന്റേയും അഭിപ്രായം ഒന്നാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയായി വികസിക്കുന്ന കൊച്ചിൻ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം നേരത്തേ ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ലാ ഹിന്ദി വിഭാഗം ആ യൂണിവേഴ്സിറ്റിയിൽ നിന്ന് പറിച്ചു നടുന്നതിൽ എന്തെങ്കിലും ന്യായീകരണമുണ്ടോയെന്ന കാര്യത്തെക്കുറിച്ച് യുക്തിപൂർവ്വം ആലോചിക്കേണ്ടതാണ്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിൽപ്പെട്ട ശ്രീ. മണിമംഗലത്തു കുട്ട്യാലി ഈ ബില്ലിനെ ന്യായീകരിക്കുകയും ഇത് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ തന്നെ വേണമെന്ന് വാദിക്കുകയും ചെയ്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : സർ, ഇതൊരു ബില്ലാണ്. പാർട്ടിയുടെ അഭിപ്രായത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കൊച്ചിയുടെ വികാരം കൂടി വച്ചു കൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. വളരെയധികം വിവാദങ്ങളും ചർച്ചകളും അഭിപ്രായ പ്രകടനങ്ങളും ഒക്കെ ഉണ്ടായിട്ടുള്ളതാണ്. പ്രത്യേകിച്ച് കൊച്ചി പ്രദേശവുമായി ബന്ധമുള്ള വ്യക്തി എന്ന നിലയിലാണ് ഞാൻ ഇതിനെ സമീപിക്കുന്നത്.

ശ്രീ. തോമസ് കല്ലംപള്ളി : സർ, ഇങ്ങനെ പ്രാദേശികമായിട്ട് കൊച്ചി യുടെ വികാരം മാത്രം വച്ചുകൊണ്ട് ആലോചിക്കേണ്ട ഒരു വിഷയമാണോ ഇത് ?

ശ്രീ. കെ. മുഹമ്മദാലി : സർ, അല്ല, പക്ഷേ കൊച്ചിയെ സംബന്ധിച്ചിടത്തോളം കേരളത്തിലെ വ്യാവസായിക മേഖലയായതുകൊണ്ട്, അതിനുകൂടി ഊന്നൽ നൽകികൊണ്ടാണ് ഈ യൂണിവേഴ്സിറ്റി രൂപീകൃതമായതും അതിന്റെ പ്രവർത്തനം മുന്നോട്ടു പോയികൊണ്ടിരിക്കുന്നതും എന്ന കാര്യം കൂടി മെമ്പർ മനസ്സിലാക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അതുപോലെ തന്നെ ഇന്ന് ലാ–യെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാവർക്കുമറിയാം "ല" ഇന്ന് പല മേഖലകളിലേക്കും സ്പെഷ്യലൈസ് ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭമാണ് എന്ന്. ബഹുമാന്യനായ ശ്രീ. ആർ. എസ്. ഉണ്ണി സൂചിപ്പിച്ചതുപോലെ, പരമാർശിച്ചതു പോലെ, ഇന്ന് ഇൻഡസ്ട്രിസിനും കോമേഴ്സിനും കൂടി പ്രാധാന്യം നൽകാനുള്ള ഒരു ശാസ്ത്ര–സാങ്കേതിക സർവ്വകലാശാല എന്ന നിലയിൽ ഇൻഡസ്ട്രിയൽ ലായും കോമേഴ്സൽ ലായും പഠിപ്പിക്കാനുള്ള സൗകര്യം ആ യൂണിവേഴ്സിറ്റിക്ക് ഉണ്ടാകേണ്ടത് അനിവാര്യമായ കാര്യമാണ്. വിദ്യാഭ്യാസവിദഗ്ദ്ധൻമാർക്കും അല്ലെങ്കിൽ ശാസ്ത്ര–സാങ്കേതിക സർവ്വകലാശാലക്ക് വേണ്ടി വാദിക്കുന്ന ആർക്കുംതന്നെ അത് നിരാകരിക്കുവാൻ കഴിയുന്ന കാര്യമല്ല. ഇൻഡസ്ട്രിയൽ ലായ്ക്കും കോമേഴ്സ്യൽ ലായ്ക്കും കൂടുതൽ പ്രാധാന്യമുള്ള ഒരു കാലഘട്ടത്തിൽ ആ മേഖലയിൽ സ്പെഷ്യലൈസേഷൻ അനിവാര്യമായ ഘട്ടത്തിൽ പ്രത്യേകിച്ച് കൊച്ചിയെ പോലെ ശാസ്ത്ര–സാങ്കേതിക രംഗത്ത് കൂടുതൽ ഔന്നത്യത്തിലേക്ക് കുതിക്കുവാൻ താൽപ്പര്യമെടുക്കുന്ന ഒരു പ്രദേശത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാല എന്ന നിലയിൽ നിയമ വിഭാഗം അവിടെ തുടരേണ്ടതിന്റെ ആവശ്യകത യാതൊരു സംശയവുമില്ലാത്ത കാര്യമാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : യു.ജി.സി.യുടെ റെക്കഗ്നിഷൻ ഉള്ള ഒരു യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഈ നിയമവിഭാഗവും ഹിന്ദി വിഭാഗവും എടുത്തുമാറ്റി, യു. ജി. സി. യുടെ റെക്കഗ്നിഷനില്ലാത്ത ഒരു യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുപോകുന്നതെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. കെ. മുഹമ്മദാലി : യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ഹിന്ദി, നിയമവിഭാഗങ്ങൾ അവിടെ തുടരുന്നതിന് വിരോധമായ ഒരുനിലപാട് സ്വീകരിച്ചിട്ടുള്ളതായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഞാൻ കൊച്ചിൻ യൂണിവേഴ്സിറ്റി സെനറ്റിൽ നേരത്തെ ഉണ്ടായിരുന്ന ഒരാളാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായി കൊച്ചിൻ യൂണിവേഴ്സിറ്റിയെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഒരു പ്രമേയത്തിലൂടെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സെനറ്റ് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഗവൺമെൻറ് ചക്രവർത്തി കമ്മീഷനെ നിയോഗിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ചക്രവർത്തി കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ സർവ്വകലാശാല പുനഃസംഘടന അനിവാര്യമായി വന്നത്. അതൊന്നും തന്നെ യു.ജി.സി. ഒരു നിർബന്ധമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. മറിച്ച്, ഇവിടെ ആ യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്ന പലർക്കും ഹിന്ദി നിയമവിഭാഗം ഇവിടെ നിന്ന് മാറണമെന്ന് നിർബന്ധമുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദി വിഭാഗം മാറുന്ന കാര്യത്തിൽ അവർ നിരത്തുന്ന വാദമുഖങ്ങൾക്കുവേണ്ടി യു. ജി. സി. യെ അനാവശ്യമായി വലിച്ചിഴയ്ക്കുവാനുള്ള ശ്രമം നടന്നിട്ടുണ്ടെന്നേ കാര്യം എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എതായാലും.....

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ഈ കൊച്ചിൻ യൂണിവേഴ്സിറ്റി തന്നെ സാങ്കേതിക യൂണിവേഴ്സിറ്റി ആക്കുന്നത് ഹിന്ദിയും ലാ യും എടുക്കുവാൻ വേണ്ടി മാത്രമാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. കെ. മുഹമ്മദാലി : എനിക്കങ്ങനെ അഭിപ്രായമില്ല. സംസ്ഥാനത്തിന്റെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായി കൊച്ചിൽ യൂണവേഴ്സിറ്റി വികസിപ്പിച്ചെടുക്കുകയെന്നുള്ളത് വളരെ കാലമായിട്ടുള്ള ആഗ്രഹമാണ്. ആ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് 1980-ൽ അന്നത്തെ യൂണിവേഴ്സിറ്റി സെനറ്റ് അതിനുവേണ്ടിയുള്ള വിദഗ്ധസമിതിയെ നിയോഗിക്കണമെന്നുള്ള പ്രമേയം പാസ്സാക്കി ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ചക്രവർത്തി കമ്മീഷൻ റിപ്പോർട്ട് വരുവാനിടയായിട്ടുള്ളത്. ആ ചക്രവർത്തി കമ്മീഷൻ റിപ്പോർട്ട് തന്നെ ഈ യൂണിവേഴ്സിറ്റി പുനഃസംഘടിപ്പിക്കുമ്പോഴും ഉണ്ടാകേണ്ട കാര്യങ്ങളെകുറിച്ച് വളരെ വ്യക്തമായി പരാമർശിച്ചിരുന്നു. ആ പരാമർശങ്ങളിൽ നിന്നും നിഗമനങ്ങളിൽ നിന്നും എല്ലാം വ്യത്യസ്തമായിട്ടാണ് ഇന്ന് കാര്യങ്ങൾ മുന്നോട്ടു പോകുന്നതെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം വ്യത്യസ്തമായ അഭിപ്രായ പ്രകടനങ്ങൾ ഉണ്ടാകാൻ കാരണം. എതായാലും ഹിന്ദിയും നിയമവിഭാഗവും ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് പറിച്ച് നടുന്നതുകൊണ്ട് എന്തെങ്കിലും പ്രത്യേകമായ പ്രയോജനം ഗാന്ധിജി യൂണിവേഴ്സിറ്റിക്കോ കൊച്ചിൻ യൂണിവേഴ്സിറ്റിക്കോ ഉണ്ടാകുമോ എന്നുള്ളത് സംബന്ധിച്ച് അവധാനപൂർണ്ണമായ ഒരാലോചന ഇനിയും അനിവാര്യമാണെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഈ സഭയിൽ ഉയർന്നുവന്ന അഭിപ്രായപ്രകടനങ്ങളോടെല്ലാം ഞാൻ യോജിക്കുകയാണ്. അതുപോലെ തന്നെ ബഹുമാന്യനായ ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലകളുടെ ഓട്ടോണമിയെക്കുറിച്ച് വിവാദങ്ങളും തർക്കങ്ങളും നടന്നു വരികയാണ്. അക്കാഡമിക് ഓട്ടോണമിയെ കുറിച്ച് നമുക്കാർക്കും തർക്കമില്ല. പക്ഷേ ആവശ്യമില്ലാത്ത മേഖലകളിൽ ഓട്ടോണമി വരുന്നുവെന്നുള്ളതുകൊണ്ട് പലപ്പോഴും യൂണിവേഴ്സിറ്റികളുടെ മേൽ യാതൊരു കടിഞ്ഞാണുമില്ലാതെ പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ആ രംഗത്തെക്കുറിച്ചെല്ലാം വിശദമായ ചർച്ചകൾ അനിവാര്യമായിരിക്കുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് പലപ്പോഴും പരാമർശിക്കപ്പെടുന്ന കാര്യം യൂണിവേഴ്സിറ്റിയുടെ ഭരണസമിതികളിൽ.....

ശ്രീ. വി. സി. കബീർ : ബഹുമാനപ്പെട്ട മുഹമ്മദാലി ഇവിടെ സംസാരിച്ചുവന്നപ്പോഴും എനിക്ക് ഒരു കാര്യത്തിൽ സംശയം തോന്നുന്നു. ഈ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരമില്ല. അതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദമെടുത്തു പുറത്തുപോകുന്നവർക്ക് മറ്റു കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അക്കാര്യത്തെക്കുറിച്ച് വല്ലതും മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. മുഹമ്മദാലി : ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം കിട്ടുന്നതിനുള്ള കണ്ടിഷൻസിനെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കലാലയങ്ങളെക്കുറിച്ച് എനിക്കറിയാം. കേരളത്തിലെ വളരെയേറെ പാരമ്പര്യമുള്ള മഹത്തായ ബാക്ക് ഗ്രൗണ്ടുള്ള കോളേജുകളാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റി പുതിയതായി രൂപീകരിച്ചുവെങ്കിലും അതിനകത്ത് പ്രവർത്തിക്കുന്ന കലാലയങ്ങളെല്ലാം ഈ സംസ്ഥാനത്തെ വളരെ പ്രസിദ്ധമായ വളരെയേറെ പാരമ്പര്യമുള്ള കലാലയങ്ങളാണ്. അങ്ങനെയുള്ള കലാലയങ്ങളിൽനിന്നും കടന്നുപോകുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം അവർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഏതായാലും ഓട്ടോണമിയെ കുറിച്ചെല്ലാം പറയുമ്പോഴും യൂണിവേഴ്സിറ്റിക്ക് ചില കാര്യങ്ങളിലൊക്കെ ചില നിയന്ത്രണങ്ങളുണ്ടാക്കണം. ഇന്നു രാവിലെ ബഹുമാന്യനായ ശ്രീ. ലോനപ്പൻ നമ്പാടൻ ഒരു ബുക്കിൽ വന്നിട്ടുള്ള മതവികാരത്തെ വ്രണപ്പെടുത്തുന്ന കാര്യങ്ങളെക്കുറിച്ച് പറയുകയുണ്ടായി. അക്കാര്യങ്ങളിലെല്ലാം യൂണിവേഴ്സിറ്റിക്ക് അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിന് തോന്നുന്നതുപോലെ ഏതെങ്കിലും രീതിയിൽ യാതൊരു നിയന്ത്രണവുമില്ലാതെ പോകുന്ന സാഹചര്യമുണ്ട്. ഇത് ഒഴിവാക്കാൻ ചില കാര്യങ്ങളിലല്ലാം നിയന്ത്രണം അനിവാര്യമാണ്. ആ നിയന്ത്രണങ്ങളെക്കുറിച്ച് പറയുമ്പോഴും പലപ്പോഴും യൂണിവേഴ്സിറ്റിയിൽ നിലനിൽക്കേണ്ട ജനാധിപത്യ സംവിധാനത്തിലേക്കാണ് നാം കടന്നു ചെല്ലേണ്ടത്. ഇപ്പോഴും യൂണിവേഴ്സിറ്റി സെനറ്റിന്റെ കാര്യത്തിലായാലും സിൻഡിക്കേറ്റിന്റെ കാര്യത്തിലായാലും പുനഃസംവിധാനത്തെക്കുറിച്ചെല്ലാം യൂണിവേഴ്സിറ്റി ഗ്രാൻറസ് കമ്മീഷന്റെ കർശനമായ നിർദ്ദേശം ഉണ്ടെന്ന് പറയുന്നു. യു.ജി.സി.യുടെ ബന്ധപ്പെട്ട ആളുകളുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. ഇന്ന് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളിൽ പോലും കുറെയെല്ലാം നിയന്ത്രണങ്ങളും ഉണ്ടാക്കാൻ കഴിയുന്നത് ഉത്തരവാദപ്പെട്ടയാളുകളും പ്രതിനിധാനം ചെയ്യുന്ന യൂണിവേഴ്സിറ്റി സെനറ്റുകളും ഉള്ളതുകൊണ്ടാണ്. കേരളാ യൂണിവേഴ്സിറ്റിയിലായാലും കൊച്ചിൻ യൂണിവേഴ്സിറ്റിയിലായാലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലായാലും ഏത് യൂണിവേഴ്സിറ്റിയിലായാലും യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്ന വൈസ് ചാൻസലർ ഉൾപ്പെടെയുള്ള പ്രമാണിമാർക്ക് തോന്നിയതുപോലെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത പരിമിതികൾ ഉണ്ടാകുന്നത് ഈ സെനറ്റുകളിൽ വരുന്ന പ്രാതിനിദ്ധ്യസ്വഭാവമുള്ള ആളുകളുള്ളതുകൊണ്ടാണ്. അവിടെയെല്ലാം വിമർശനങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും ആ വിമർശനങ്ങൾ സഹിഷ്ണതയോടുകൂടി കേൾക്കുവാൻ സാധിക്കാത്ത ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം ആ സംവിധാനം വേണ്ട എന്ന തീരുമാനത്തിലാണ് അവർ എത്തിച്ചേരുന്നത്. അവർക്ക് സ്വാധീനമുണ്ട്. അവരുടെ സമ്മർദ്ദമാണ് ഞാൻ മനസ്സിലാക്കിയടത്തോളം യു.ജി.സി.യ്ക്ക് ഇങ്ങനെയുള്ള ഒരു നിർദ്ദേശം സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെമേൽ അടിച്ചേൽപ്പിക്കുവാൻ ഇടയാക്കിയിട്ടുള്ളതെന്നാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അപ്പോഴും യു.ജി.സി.യുടെ അധികൃതരുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി, ബന്ധപ്പെട്ടയാളുകളുമായി, സംസ്ഥാന ഗവൺമെന്റ് സജീവമായി ചർച്ചചെയ്യുകയാണെങ്കിൽ അതിന് പരിഹാരമുണ്ടാക്കു.

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ സാധിക്കുന്നതാണ്. അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ യു.ജി.സി. എന്തെങ്കിലും നിർദ്ദേശം നൽകിയെന്നതിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തിനും സർവ്വകലാശാലയുടെ ഭരണത്തിനും അനുയോജ്യമല്ലാത്ത, പര്യാപ്തമല്ലാത്ത തീരുമാനമാണെങ്കിലും തന്നെ നാം അതേപടി അതിനെ ഉൾക്കൊള്ളണമെന്ന് പറയുന്നതിനോട് യാതൊരു യുക്തിയുമില്ല. അപ്പോഴും ഇത്തരം കാര്യങ്ങളിൽ യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയെക്കുറിച്ച് നാം സംസാരിക്കുമ്പോഴും സ്വാഭാവികമായും അക്കാഡമിക് ഓട്ടോണമിക്ക് കൂടുതൽ പ്രാധാന്യം നൽകുകയും അതേസമയത്ത് ഭരണരംഗത്ത് ഗവൺമെന്റ് ഇന്ന് ചെലവഴിക്കുന്ന പണം—ഇന്ന് എങ്ങനെ ചിലവഴിക്കുന്നുവെന്നതിനെ സംബന്ധിച്ച്, ആലോചിക്കേണ്ട ബാദ്ധ്യതയുമുണ്ട്. ഇക്കാര്യങ്ങളിലെല്ലാം നിയന്ത്രണങ്ങൾ ഉണ്ടാകണം. അതുപോലെതന്നെ സെനറ്റും സിൻഡിക്കേറ്റുമെല്ലാം അനിവാര്യങ്ങളായ ഘടകങ്ങളാണ്. അതിന്റെ നടത്തിപ്പിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്റെയെല്ലാം സൂക്ഷ്മമായ പരിശോധനകളിലൂടെ മാത്രമേ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാൻ പാടുള്ളൂ. ഞാൻ ദീർഘമായി അക്കാര്യത്തിലേക്ക് പോകുന്നില്ല. ഏതായാലും കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം നിയമവിഭാഗവും ഹിന്ദി വിഭാഗവും ആ യൂണിവേഴ്സിറ്റിയിൽ നിന്നും പഠിച്ച് ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറുന്നതിനെക്കുറിച്ച് ഇവിടെ പറയുന്ന വാദമുഖങ്ങളോടൊന്നും യോജിക്കുവാൻ നിർവ്വാഹമില്ല. കൊച്ചി പ്രദേശത്തുനിന്നും വരുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ അവിടെയുള്ള ജനങ്ങളുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് ഹിന്ദി നിയമ വിഭാഗങ്ങളുടെ പ്രവർത്തനം 1963 മുതൽ തൃക്കാക്കര പ്രദേശത്ത് പ്രത്യേകിച്ച് കൊച്ചി പ്രദേശത്തും നടന്നുവരുന്നതാണ്. അതിന് യാതൊരു കോട്ടവും വരാത്ത നിലയിൽ ഈ നിയമനിർമ്മാണത്തിൽ വ്യക്തമായി ഉറപ്പുനൽകിക്കൊണ്ട് അവിടെ അത് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഇവിടെ ശ്രീ. മുഹമ്മദാലി പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. വിദ്യാഭ്യാസമന്ത്രി വെറും പ്രാദേശികമായ ഒരു വികാരം പ്രകടിപ്പിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതെങ്കിൽ ഈ ബില്ലിനെ എതിർത്തുകൊണ്ട് സംസാരിച്ച ശ്രീ. മുഹമ്മദാലിയും കൊച്ചിയുടെ പ്രാദേശികവികാരം ഉയർത്തിക്കൊണ്ടാണ് സംസാരിച്ചത്. ഇന്നിവിടെ ഈ ബിൽ അവതരിപ്പിച്ച് സംസാരിക്കുമ്പോഴും ആണ് ശാസ്ത്ര സാങ്കേതികശാസ്ത്ര സർവ്വകലാശാല ബിൽ എന്തിനാണ് കൊണ്ടു വന്നുവെന്ന് മനസ്സിലാകുന്നത്. കോട്ടയത്തേക്കോ കോതമംഗലത്തേക്കോ ലാ കോളേജ് വേണം. സ്വന്തം നിലയിൽ ലാ കോളേജ് കൊണ്ടുവരുന്നതിനും മറ്റു പല ബുദ്ധിമുട്ടുകളുണ്ട്; അതുകൊണ്ട് ഒരു കുറുക്കുവഴിയെന്നുള്ള നിലയിലാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും നിയമവകുപ്പിനെയും ഹിന്ദി വകുപ്പിനെയും എടുത്തുമാറ്റി ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടുവന്നിരിക്കുന്നത്. ഇതാണ് ഇതിന്റെ പിന്നിലുള്ള ഗൂഢോദ്ദേശം. ഭാഷ, നിയമം ഇതൊന്നും ശാസ്ത്രസാങ്കേതിക യൂണിവേഴ്സിറ്റിയിൽ അഭ്യസിപ്പിച്ചു കൂടേ ? അങ്ങനെയാണെങ്കിൽ ഒരു പോംവഴി ? കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ശാസ്ത്രസാങ്കേതിക യൂണിവേഴ്സിറ്റി ബിൽ പരിശോധിച്ചപ്പോൾ പറഞ്ഞു. അവിടെ റഷ്യൻ ഭാഷ പഠിപ്പിക്കുന്നുണ്ട്; കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ റഷ്യൻ ഭാഷ പഠിപ്പിക്കാമെങ്കിൽ എന്തുകൊണ്ട് അവിടെ ഹിന്ദി പഠിപ്പിച്ചുകൂടാ ? റഷ്യൻ ഭാഷയും ഹിന്ദിയും പഠിപ്പിക്കാമെങ്കിൽ എന്തുകൊണ്ട് അവിടെ നിയമം പഠിപ്പിച്ചുകൂടാ ? അതാണ് ടെക്നിക്കലായി പരിശോധിക്കേണ്ടത്. വളരെ ശാസ്ത്രീയ

LIBRARY ARCHIVES Kerala Legislative Assembly

മായി അപഗ്രഥിച്ചാൽ 'നിയമവകുപ്പ്', ലാ കോളേജ്, കോതമംഗലത്തേയ്ക്കോ കോട്ടയത്തേക്കോ നാളെ കിട്ടണം. അതുപോലെ തന്നെ ഹിന്ദി ഇങ്ങോട്ടു മാറി,

.....

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ഈ നിയമം ടെക്നിക്കലാണെന്ന ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ? (സയൻസ് ഓഫ് ലാ ആണ്) അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് കൊച്ചിൻ ശാസ്ത്ര—സാങ്കേതിക ശാസ്ത്ര യൂണിവേഴ്സിറ്റിയിൽ ലാ ഉൾപ്പെടുത്തിക്കൂടാ ?

ശ്രീ. വി. ജെ. തങ്കപ്പൻ : വാണിജ്യവും ബിസിനസ്സും അഡ് 1 p.m. മിനിസ്ട്രേഷനും ടെക്നിക്കലാണെങ്കിൽ റഷ്യൻ ഭാഷ അവിടെ പഠിപ്പിക്കുമെങ്കിൽ എന്തുകൊണ്ട് ഈ നിയമവകുപ്പ് അവിടെ നിലനിറുത്തികൂടാ. അതാണ് ഞാൻ പറഞ്ഞു വന്നത് അതിന്റെ പുറകിലുള്ള ഗൂഢമായ ഉദ്ദേശം—ഇന്നല്ലെങ്കിൽ നാളെ കോട്ടയം കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു ലാ കോളേജ് വേണം—അതിനുള്ള കുറുക്കു വഴിയാണ് ശ്രീമാൻ ജേക്കബ് ഈ ബില്ലിൽകൂടി തേടിയിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക ശാസ്ത്ര യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചാവേളയിൽ ഈ വക കാര്യങ്ങൾ സൂചിപ്പിച്ചതാണ്. റഷ്യൻഭാഷ പഠിപ്പിക്കാം, ഹിന്ദി പഠിപ്പിക്കാം അതുപോലെ നിയമവും അവിടെ പഠിപ്പിക്കാവുന്നതാണ്. നിയമത്തിന്റെ വകുപ്പും അതുപോലെയുള്ള വകുപ്പുകളുണ്ടെങ്കിൽ മാത്രമേ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സാമ്പത്തിക സഹായങ്ങൾ കിട്ടുകയുള്ളൂ എന്നുണ്ടോ ? അങ്ങനെയാണെങ്കിൽ അതു തുറന്നു പറയണം. ശ്രീമാൻ എസ്. ആർ. തങ്കരാജ് ഉന്നയിച്ചതുപോലെ കൊച്ചിൻ യൂണിവേഴ്സിറ്റിയിലുള്ള രണ്ടു വകുപ്പുകളാണ് ഹിന്ദി വകുപ്പും നിയമ വകുപ്പും. ആ രണ്ടു വകുപ്പുകളേയും അവിടെ നിലനിറുത്തിയാൽ, നിലനിറുത്താനുള്ള സംവിധാനമുണ്ടാക്കിയാൽ അതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഗ്രാന്റു അതിനുകൂടി അവിടെ ലഭ്യമാകും. പിന്നെ എന്തുകൊണ്ടാണ് ഈ രണ്ടു വകുപ്പുകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സഹായമില്ലാത്ത. ഇന്ന് ലഭിക്കാത്ത യൂണിവേഴ്സിറ്റിയിലേക്ക് മാറുന്നത് എന്നുള്ളതിന് വിദ്യാഭ്യാസമന്ത്രി ജനങ്ങളോട് ഉത്തരം പറയേണ്ടതുണ്ട്. കൊച്ചിൻ സർവ്വകലാശാലയിൽ ഈ രണ്ടു വകുപ്പും നിലനിന്നാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും ന്യായമായി കിട്ടാവുന്ന എല്ലാ സാമ്പത്തിക സഹായവും ലഭിക്കും. അതിന്റെ ക്ലാസ്സുകളെല്ലാം കൊച്ചിയിൽ തന്നെ നിലനിറുത്തിക്കൊണ്ട് അതിന്റെ ഭരണപരമായ കാര്യങ്ങൾ എന്തിനുവേണ്ടി കോട്ടയത്തേയ്ക്കു മാറ്റി. എന്റെ അഭിപ്രായത്തിൽ ഭരണകക്ഷിയ്ക്കകത്ത് വന്ന രൂക്ഷമായ അഭിപ്രായ വ്യത്യാസമാണ്. ഭരണകക്ഷിയ്ക്കകത്ത്, കേരളാ കോൺഗ്രസ് പാർട്ടിക്ക് ഇത് കോട്ടയത്തേക്ക് കൊണ്ടു വരണം. പക്ഷെ എന്റെ സുഹൃത്ത് മുഹമ്മദാലി ഉൾപ്പെടെയുള്ള എറണാകുളത്തു നിന്ന് വരുന്ന എം. എൽ. എ. മാർക്ക് ഒരു കാരണവശാലും ഇത് ഇങ്ങോട്ട് കൊണ്ടു വരുന്നതിനോട് യോജിപ്പില്ല. അതുകൊണ്ടാണ് രണ്ടിന്റെയും ഒരു കോംപ്രമൈസ് എന്നുള്ള നിലയിൽ ഭരണപരമായ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ മുഴുവനും ഗാന്ധിജി യൂണിവേഴ്സിറ്റിക്കും ക്ലാസ്സുകൾ നടത്തുന്നതിനുള്ള അവസരം കൊച്ചിൻ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ള കൊച്ചിക്കും കൊടുത്തിരിക്കുന്നത്. ആ കോംപ്രമൈസ് ഫോർമുല ഇപ്പോൾ നടപ്പിലാക്കിയാലും മറ്റൊരു അവസരം വരുമ്പോൾ ശ്രീമാൻ ജേക്കബിനു തന്നെ ഏകപക്ഷീയമായുള്ള ഏക്സിക്യൂട്ടീവ് ഉത്തരവ് കൊണ്ട് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദി വകുപ്പും നിയമ വകുപ്പും എടുത്ത് ഇങ്ങോട്ട് മാറ്റാം. ഗാന്ധിജി യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

40,000 രൂപ വാടക കൊടുത്തുകൊണ്ടുള്ള ട്യൂട്ടോറിയൽ കോളേജു പോലുള്ള ഒരു കെട്ടിടത്തിലാണ് ഹൗസ് ചെയ്തിരിക്കുന്നത്, പഠിപ്പിക്കുന്നത് എന്നു പറയുകയുണ്ടായി. ഇതിനെക്കാൾ നല്ല മെച്ചപ്പെട്ട ട്യൂട്ടോറിയൽ കോളേജുകൾ പാരലൽ കോളേജുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നേരത്തെ നിലനിന്നപോലെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തന്നെ ഈ വകുപ്പുകൾ നിലനിറുത്താനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് ഞങ്ങൾ അതിശക്തമായി ആവശ്യപ്പെടുന്നു.

ഇവിടത്തെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് രണ്ട് വാക്ക് പറയാതെ പോകുന്നത് ശരിയല്ല. വിദ്യാഭ്യാസ മേഖലയാകെ സ്വകാര്യവൽക്കരിക്കാനുള്ള ഒരു പ്രവണത ഈ ഗവൺമെന്റിന്റെ ഭരണം തുടങ്ങി അന്നുമുതൽ കണ്ടു തുടങ്ങിയതാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസമായാലും ഉന്നത വിദ്യാഭ്യാസമായാലും അതു മുഴുവൻ സ്വകാര്യ മാനേജുമെന്റുകളുടെ കൈയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവണതയാണ് ഇന്നുള്ളത്. അന്നത്തെ ധനകാര്യ മന്ത്രിയും അതുപോലെ തന്നെ വിദ്യാഭ്യാസ മന്ത്രിയും ഒരേ പാർട്ടിയിലുള്ളവരായിരുന്നപ്പോൾ പരസ്പരം ആലോചിച്ചുകൊണ്ട് സുഖകരമായി രാജ്യത്തെ ഭരിച്ചിരുന്നു. ഇന്ന് വ്യത്യസ്തമായി ശ്രീമാൻ തച്ചടി പ്രഭാകരൻ അഭിപ്രായം പറയുന്നതിൽ സന്തോഷമുണ്ട്. കാരണം വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പും ഒരാൾ ഒരേ പ്രാദേശിക വർഗ്ഗീയ പാർട്ടിയുടെ നേതാക്കൻമാർ കൈകാര്യം ചെയ്തിരുന്നപ്പോൾ ആരോടും ആലോചിക്കാതെ വളരെ രഹസ്യമായി ശ്രീ. ജേക്കബ്ബും ശ്രീ. മാണിയും തമ്മിൽ ആലോചിച്ചുകൊണ്ട്, അവർ പ്രതിനിധാനം ചെയ്യുന്ന വർഗ്ഗീയ, പ്രാദേശിക പ്രമാണിമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി കഴിഞ്ഞ നാലര വർഷമായി ഈ സംസ്ഥാനം കൊള്ളയടിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ഈ വിദ്യാഭ്യാസവകുപ്പും ധനകാര്യ വകുപ്പും കൈകാര്യം ചെയ്യുന്ന പാർട്ടികളെ എന്നു മുതലാണ് പ്രാദേശിക വർഗ്ഗീയ പാർട്ടികളായി. മാർക്സിസ്റ്റു പാർട്ടിയിലെ ആളുകൾ ചിന്തിക്കാൻ തുടങ്ങിയത് ? അത് ഒന്നു പറയാമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : എന്നു മുതലാണെന്ന് പറയേണ്ട കാര്യമില്ല. ഈ പാർട്ടി ഉണ്ടായ കാലം മുതൽ അതും ഒരു പ്രത്യേക മത മേധാവികളുടെ താൽപര്യം സംരക്ഷിക്കാൻ ഒരു പ്രത്യേക വർഗ്ഗീയ പ്രമാണിമാരുടെ താൽപ്പര്യം സംരക്ഷിക്കാൻ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് കൊള്ളയടിച്ച്, വിദ്യാഭ്യാസ മേഖലയിലായാലും മറ്റു ഏതു മേഖലയിലായാലും കൊള്ളയടിച്ച് കുറെ ആളുകൾക്ക് കൊണ്ടു പോകുന്നതിനു വേണ്ടി ഉണ്ടായ പാർട്ടികളല്ലെ അത്. അങ്ങനെയുള്ള പാർട്ടി, ഒരു സംസ്ഥാനത്തിന്റെ ഭരണം നടത്തുന്നത് പ്രാദേശിക വർഗ്ഗീയ പാർട്ടികളാണെങ്കിൽ ആ കൈകാര്യം ചെയ്യപ്പെടുന്ന വകുപ്പ്. ..... ഈ രാജ്യത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളുണ്ട്. അവരുടെ മുഴുവൻ താൽപ്പര്യം സംരക്ഷിക്കാൻ കഴിയാത്തത് ആ വകുപ്പ് കൈകാര്യം ചെയ്യുന്നതു ചില പ്രത്യേക പ്രമാണിമാരുടെ സമുദായത്തിന്റെ, പ്രദേശത്തിന്റെ, നേതാക്കന്മാരായതുകൊണ്ടാണ് എന്നുള്ളതാണ് ഈ രാജ്യത്തെ ഈ സംസ്ഥാനത്തെ ഒന്നായി കാണാൻ കഴിയാതെ. നമ്മുടെ സംസ്ഥാനത്ത് വിവിധ സമുദായങ്ങൾ ജീവിക്കുന്നു എന്നുള്ള കാര്യം അംഗീകരിക്കാൻ കൂട്ടാക്കാതെ പ്രത്യേക പ്രദേശത്തെയും പ്രത്യേക സമുദായത്തെയും ആ സമുദായത്തിന്റെ ഉന്നതൻമാരായ പ്രമാണിമാരുടെയും താൽപര്യം സംരക്ഷിക്കാൻ വേണ്ടി മാത്രം നിലകൊള്ളുന്ന ഒരു പാർട്ടി എന്നുള്ള നിലയിൽ ഈ ഗവൺമെന്റിനു വിദ്യാഭ്യാസ മന്ത്രിക്ക് ഇതിനപ്പുറമൊന്നും ചെയ്യാൻ കഴിയുകയില്ല. ഈ ഗവൺമെന്റു കൊണ്ടു വന്ന രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം തോൽപ്പിച്ചു. ഈ രാജ്യത്ത് അതിശക്തമായ സമരം കെട്ടഴിച്ചു വിട്ടു തോൽപ്പിച്ചു. ഒന്ന് ഇവിടത്തെ പോളിടെക്നിക്കാണ്. പോളിടെക്നിക്ക് കൊണ്ടു വരും, നടപ്പിലാക്കും എന്ന് അവകാശപ്പെട്ടു. ആർക്കുവേണ്ടി? കുറെ സമുദായ പ്രമാണിമാരെ തൃപ്തിപ്പെടുത്താൻ. നമ്മുടെ സംസ്ഥാനത്തെ ബഹുജനങ്ങൾ അതിശക്തമായ സമരം കെട്ടഴിച്ചു വിട്ടതിന്റെ ഫലമായി ഈ ഗവൺമെന്റിന് പിൻതിരിയേണ്ടി വന്നു. അതുപോലെ തന്നെ .....

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ഈ ബില്ലിന്റെ ഡിസ്കഷന് സമയം വച്ചിരിക്കുന്നത്, പത്തു മുതൽ ഒന്നരവരെയാണ്. യഥാർത്ഥത്തിൽ അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കാനുള്ള സമയം നിശ്ചയിച്ചതിൽ ബിസിനസ് കമ്മിറ്റിയുടെ തീരുമാനത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അംഗീകരിക്കുന്നു. അതിന്റെ അർത്ഥം രണ്ടരമണിക്കൂർ സമയം ഈ ചർച്ചയ്ക്ക് വച്ചിരിക്കുന്നുവെന്നാണ്. ചർച്ച ആരംഭിച്ചത് പത്തെമുക്കാലിനാണ്. അതുകൊണ്ട് ഇതു രണ്ടു മണിവരെ എങ്കിലും കൂട്ടണം.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അതുപോലെ തന്നെ പോളീടെക്നിക്കുകളും നടപ്പിലാക്കുമെന്ന് പറഞ്ഞു. സഹകരണ മെഡിക്കൽ കോളേജുകളും, സഹകരണ ആശുപത്രികളിൽ പി. ജി. കോഴ്സ് നടത്തിക്കാൻ വേണ്ടി കൊണ്ടു വന്ന ശ്രീമാൻ ജേക്കബ് അത് നടപ്പിലാക്കിയില്ല. അതുപോലെ പ്രീഡിഗ്രി ബോർഡ് നടപ്പാക്കുമെന്ന് അവകാശപ്പെടുന്നു. നടക്കുമോ ? ബഹുജനങ്ങളുടെ സമരത്തിന്റെ മുമ്പിൽ നടക്കാൻ പോകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പ്രത്യേക ഒരു വിഭാഗത്തിന്റെ കയ്യിൽ വിദ്യാഭ്യാസത്തിന്റെ ഭരണം അകപ്പെട്ടതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ ഒന്നായി കാണാൻ കഴിയാത്ത ഒരവസ്ഥയാണ് വിദ്യാഭ്യാസമേഖലയിൽ ഇന്ന് അനുഭവപ്പെടുന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദി വകുപ്പും നിയമ വകുപ്പും എടുത്തു മാറ്റി ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് കൊണ്ടു വരുന്നതിനെ ശക്തമായി എതിർക്കാതിരിക്കാൻ നിർവ്വാഹമില്ലാത്തതു കൊണ്ടാണ് എതിർക്കുന്നത്. ഈ വക കാര്യങ്ങളും വിശദമായി ചർച്ച ചെയ്യണം. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മാത്രം ചർച്ച ചെയ്താൽ പോരാ. ബഹുജനങ്ങളുടെയും വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും പണ്ഡിതൻമാരുടെയും, യൂണിവേഴ്സിറ്റി പ്രൊഫസർമാരുടെയും അഭിപ്രായം ആരായുന്നതിനുവേണ്ടി ഈ ബില്ലിനെ സർക്കുലേറ്റു ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, എനിക്കു ചില നിർദ്ദേശങ്ങളുണ്ട്. അത് എന്റെ അവകാശമാണ്.

മി. സ്പീക്കർ : ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചത് 1.10 ന് ചർച്ച അവസാനിക്കണമെന്നാണ്. 1.10ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്നാണ് തീരുമാനിച്ചത്. അത് ഉപേക്ഷിക്കാൻ കഴിയില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : സർ, ഇവിടെ നടന്ന ചർച്ചകളിക്ക് ഞാൻ വളരെ ചുരുക്കി മാത്രം മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. ഹിന്ദി നിയമവകുപ്പുകളും കൊച്ചി സർവ്വകലാശാലയിൽനിന്നും മാറ്റുന്നത് ശരിയല്ലെന്നും അങ്ങനെ മാറ്റുന്നതിന്റെ ആവശ്യകതയ

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നും പല ആളുകളും ചോദിക്കുകയുണ്ടായി. ശാസ്ത്ര സാങ്കേതിക പഠനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു സർവ്വകലാശാല ആയതുകൊണ്ട് ഹിന്ദി നിയമ വകുപ്പുകൾ ഈ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നതിൽ വലിയ പ്രസക്തിയില്ല. അതുപോലെതന്നെ ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഹിന്ദി ലാ ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തിക്കുന്ന ചരിത്രവും നമുക്കില്ല. ഇക്കാരണങ്ങളാൽ തീർച്ചയായും ഈ രണ്ട് വകുപ്പുകൾ മാറ്റുന്നതിൽ തെറ്റില്ല. അതാണ് ഗവൺമെൻറിൻെറ തീരുമാനം. ഈ ബില്ല് അവതരിപ്പിച്ച അവസരത്തിൽ ഞാൻ ആമുഖമായിപറഞ്ഞു പ്ലാനിംഗ് ബോർഡിൻെറ വിദഗ്ദ്ധ സമിതി ചില അഭിപ്രായപ്രകടനങ്ങൾ നടത്തിയെന്ന്. ഇത് മാറേണ്ടതാവശ്യമാണെന്ന് അവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. മറ്റൊരു സംഗതിയുള്ളത് കൊച്ചി സർവ്വകലാശാല നിലവിൽ വരുന്നതുവരെ കേരളാ യൂണിവേഴ്സിറ്റിയുടെ ഭാഗമായ എറണാകുളം മഹാരാജാസ് കോളേജിൻെറ കാമ്പസിൽതന്നെ ഹിന്ദി നിയമ വകുപ്പുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. 1971-ൽ തൃക്കാക്കരയിൽ ഈ യൂണിവേഴ്സിറ്റി സ്ഥാപിതമായപ്പോൾ ഇത് അങ്ങോട്ടു മാറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്. നേരത്തെ ഇത് ആ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടല്ല പ്രവർത്തിച്ചിരുന്നത്. 1983 ഒക്ടോബർ 21-ാം തീയതി കൊച്ചി സർവ്വകലാശാലയുടെ സെനറ്റ് യോഗവും അതിനുശേഷം നടന്ന സിൻഡിക്കേറ്റ് യോഗങ്ങളും ഹിന്ദി ലാ ഡിപ്പാർട്ടുമെൻറുകൾ ഗാന്ധിജി സർവ്വകലാശാലയുടെ കീഴിലാക്കണമെന്നുള്ളത് ഐകകണ്ഠ്യേന പാസാക്കിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കിട്ടുന്ന ധനസഹായം യു. ജി. സി. യിൽനിന്നും കൂടുതൽ ലഭ്യമാക്കാൻ ഇതിൻെറ മാറ്റം വഴി സാധിക്കുന്നതാണ്. സർ, ഇവിടെ ചില അംഗങ്ങൾ പറഞ്ഞു യു. ജി. സി. ഒരിക്കലും ഇങ്ങനെ അഭിപ്രായം വയ്ക്കുകയില്ലെന്ന്. 1974-ൽ 5-ാം പ്ലാൻ പിരിയഡിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻെറ വിദഗ്ദ്ധ സമിതി കൊച്ചി സർവ്വകലാശാല സന്ദർശിക്കുകയുണ്ടായി. സന്ദർശനത്തിനുശേഷം അവർ അഭിപ്രായപ്പെട്ടത് ഹിന്ദി നിയമ വകുപ്പുകൾ കൊച്ചി സർവ്വകലാശാലയുടെ കീഴിൽ തുടരുന്നതുകൊണ്ട് യാതൊരു പ്രസക്തിയും ഇല്ലെന്നാണ്. 1974-ൽ തന്നെ അന്നത്തെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻെറ വിദഗ്ദ്ധ സമിതി ചൂണ്ടിക്കാണിച്ചിരുന്നതാണ്. ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ശ്രീ. മുഹമ്മദ് അലിയൊക്കെ സൂചിപ്പിക്കുകയുണ്ടായി. ആ കമ്മിറ്റിയെ നിയമിക്കുന്ന അവസരത്തിൽ ഗാന്ധിജി സർവ്വകലാശാല നിലവിൽ വന്നിരുന്നില്ല. അതുകൊണ്ട് ഏതു സർവ്വകലാശാലയുടെ കീഴിൽ ഹിന്ദി നിയമ വകുപ്പുകൾ പ്രവർത്തിക്കണമെന്ന കാര്യത്തെപ്പറ്റി ചക്രവർത്തി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. എങ്കിൽതന്നെയും അവരും ആ കമ്മിറ്റി റിപ്പോർട്ടിനകത്ത് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഈ ഹിന്ദി നിയമ വകുപ്പുകൾ കൊച്ചി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നതിൽ യാതൊരു പ്രസക്തിയുമില്ല എന്ന് അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെ വിദഗ്ദ്ധ സമിതികളുടെ എല്ലാം അഭിപ്രായങ്ങളും വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ആളുകൾ പറഞ്ഞ ചില കാര്യങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിലാണ് ഇവിടെ ഈ തീരുമാനമെടുത്തത്. ഇവിടെ ചില അംഗങ്ങൾ പറഞ്ഞു ഭരണകക്ഷികളിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന്. അങ്ങനെയൊക്കെയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചിട്ടുണ്ട്. ഞാൻ ഒരു കാര്യം സൂചിപ്പിക്കുന്നു. ഇവിടെ ഏതു നിയമം കൊണ്ടുവന്നാലും അതെല്ലാം ഓർഡിനൻസായി വന്ന ഭേദഗതി നിയമങ്ങളാണ്. അതെല്ലാംതന്നെ മന്ത്രിസഭയുടെ കൂട്ടായ ഉത്തരവാദിത്വത്തോടും ഐകൃജനാധിപത്യ മുന്നണി മന്ത്രിസഭയുടെ പൂർണ്ണമായ നൂതനത്തോടും കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിട്ടുള്ള ഭേദഗതികളും തന്നെയാണ്. ഇതിനകത്ത് കേരള കോൺഗ്രസ്സിലെ രണ്ടു വിഭാഗക്കാർ തമ്മിൽ എതിർക്കുന്നു അല്ലെങ്കിൽ ഐ-യും എ-യും തമ്മിൽ എതിർക്കുന്നുവെന്നുള്ള ബാലിശമായ അഭിപ്രായങ്ങളും പ്രചരിപ്പിക്കാൻവേണ്ടി എന്നുള്ളതൊഴിച്ചാൽ ഈ കൊണ്ടുവന്നിരിക്കുന്ന എല്ലാ ഭേദഗതികളും നിയമനിർമ്മാണവും ഐകൃജനാധിപത്യമുന്നണി ഗവൺമെൻറിൻെറതാണ്. മുന്നണി സംവിധാനത്തിലുള്ള എല്ലാ കക്ഷികൾക്കും ഇതിനകത്ത് പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ കൂട്ടായും യോജിച്ചും ആലോചിച്ചും കൊണ്ടുവന്നിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. ആർക്കും അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ആവശ്യമില്ല. ഇവിടെ സ്ഥാനത്തും അസ്ഥാനത്തും പല ആളുകളും പല തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളും നടത്തുന്നുണ്ട്. ചില ആളുകൾ പ്രത്യേകിച്ചും അതിൻെറ ചർച്ചയ്ക്കുവന്ന് അവസരത്തിൽ പറഞ്ഞതു പലതും രാഷ്ട്രീയ കാര്യങ്ങൾ തന്നെയാണ്. ഇവിടെ പ്രത്യേകിച്ച് പ്രതിപക്ഷത്തുള്ള മാർക്സിസ്റ്റ് പാർട്ടിയുടെയും. ആർ. എസ്. പി. യുടെയും അംഗങ്ങൾ ബോധപൂർവ്വം ചില ആക്ഷേപങ്ങൾ ഉണ്ടാക്കാൻശ്രമിച്ചിട്ടുണ്ട്. ഈ ഗവൺമെൻറ് സ്വകാര്യമേഖലയെതുണയ്ക്കുന്നു. വിദ്യാഭ്യാസരംഗം സ്വകാര്യവൽക്കരിക്കാൻ വേണ്ടിയുള്ള തീവ്രമായ ശ്രമങ്ങളാണ് നടക്കുന്നത് എന്നൊക്കെയുള്ള ആക്ഷേപങ്ങളുണ്ട്. ഈ നിയമസഭയിൽ ഏകദേശം നാലര വർഷക്കാലമായി വിദ്യാഭ്യാസ വകുപ്പിൻെറ ചുമതല വഹിക്കുന്ന ആളാണ് ഞാൻ. പല സന്ദർഭങ്ങളിലും ഈ നിയമസഭാവേദിയിൽതന്നെ ഇതിനു മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷെ വീണ്ടും അവർ അതാവർത്തിക്കുന്നതു കൊണ്ട് മറുപടി പറയാതിരിക്കുന്നത് നിയമസഭാചട്ടങ്ങൾക്ക് യോജിച്ചതല്ല എന്നുള്ളതുകൊണ്ട് ഞാൻ മറുപടി പറയാൻ ബാദ്ധ്യസ്ഥനാണ്.

സർ, ഇവിടെ കോളേജുകൾ കൊടുത്തതിനെക്കുറിച്ചു പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ധാരാളം കോളേജുകളുണ്ട്. എന്നാൽ ആകെയുള്ള കോളേജുകളിൽ, ഇരുനൂറിനാലോളം കോളേജുകളിൽ, ഗവൺമെൻറ് അനുവദിച്ചിരിക്കുന്ന കോളേജുകളെന്നു പറയുന്നത് 9 സ്വകാര്യ കോളേജുകളാണ്. ഈ ഗവൺമെൻറ് ഇക്കഴിഞ്ഞ 53 മാസക്കാലത്തെ ഭരണത്തിനിടയിൽ കേരളത്തിൽ അനുവദിച്ചിരിക്കുന്നത് 2 ഗവൺമെൻറ് കോളേജുകളാണ്. ആ രണ്ടു ഗവൺമെൻറ് കോളേജുകൾ ഉൾപ്പെടെ 11 കോളേജുകളാണ് ഈ ഗവൺമെൻറ് അനുവദിച്ചത്. സർ, ശ്രീ. നായനാർ മുഖ്യമന്ത്രിയും ഒരു വിപ്ലവ പാർട്ടിയുടെ നേതാവ് ശ്രീ. ബേബിജോൺ വിദ്യാഭ്യാസമന്ത്രിയുമായി 21 മാസക്കാലം ഭരിച്ച കാലത്ത് 24 കോളേജുകൾ കൊടുത്തു. അതിൽ 17 എണ്ണവും സ്വകാര്യ മേഖലയിലാണ്. ശ്രീ. താമരാക്ഷൻെറയും ശ്രീ. രാജൻെറയും അറിവിലേക്കാണ് ഞാനിതു പറയുന്നത്. അങ്ങനെ 21 മാസക്കാലത്തെ ഭരണത്തിനിടയിൽ ഇത്രയും കോളേജുകൾ സ്വകാര്യമേഖലയ്ക്കു അനുവദിച്ചു കൊടുത്തവരാണ് ഇന്ന് മാറിയിരുന്ന് കുറ്റം പറയുന്നത്. അതുകൊണ്ട് ഏല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾ നിഷേധിച്ചിട്ട് കാര്യമില്ല. അതുപോലെ കോഴ്സുകളെപ്പറ്റി പറഞ്ഞു. നായനാർ ഗവൺമെൻറിൻെറ കാലത്ത് 21 മാസക്കാലംകൊണ്ട് ഡിഗ്രി, പി. ജി. തലത്തിലായി 76 കോഴ്സുകൾ കൊടുത്തിട്ടുണ്ട്. 53 മാസക്കാലത്തെ ഭരണത്തിനിടയിൽ ഈ ഗവൺമെൻറ് ഡിഗ്രി പി. ജി. തലത്തിൽ 118 കോഴ്സുകൾ കൊടുത്തിട്ടുണ്ട്. നായനാർ ഗവൺമെൻറിൻെറ 21 മാസക്കാലത്ത് 76 കോഴ്സുകൾ കൊടുത്തതിൽ 72 എണ്ണവും സ്വകാര്യമേഖലയിൽ കൊടുത്തിരിക്കുന്നു. 4 കോഴ്സുകളാണ് ഗവൺമെൻറ് മേഖലയിൽ കൊടുത്തത്. ആ നിങ്ങളാണ് ഇന്ന് മാറിയിരുന്നിട്ട് ഈ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത്. ഈ ഗവൺമെൻറ് വന്നതിനുശേഷം എയിഡഡ് സ്ക്കൂളുകൾ കൊടുക്കാനുള്ള നോട്ടിഫിക്കേഷൻസ് പുറപ്പെടുവിച്ചിട്ടില്ല. ഞാൻ പല ആവർത്തി പറഞ്ഞതാണ്. അതേ സ്ഥാനത്ത് 476 സ്ക്കൂളുകളുടെ പ്രാഥമിക വിജ്ഞാപനമാണ് ശ്രീ. നായനാരുടെ ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് പുറപ്പെടുവിച്ചത്. അപ്പോഴും ഈ ഉത്തരവാദിത്വത്തിൽനിന്നും നിങ്ങൾക്ക് ഒഴിഞ്ഞു മാറാൻ കഴിയില്ല. ഇവിടെ ഒരു നുണ പല പ്രാവശ്യം പറഞ്ഞ സത്യമാക്കി രൂപാന്തരപ്പെടുത്താനുള്ള ശ്രമം എത്രതന്നെ നിങ്ങൾ നടത്തിയാലും ഈ വസ്തുതകളും യാഥാർത്ഥ്യങ്ങളും രേഖയിൽ ഉള്ളതായതുകൊണ്ട് അതു നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുകയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഓരോ ഗവൺമെന്റുകളുടെയും കാലഘട്ടത്തിലും അനുവദിച്ച കോളേജുകളുടെ കണക്കുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ മന്ത്രിയുടെ പ്രഖ്യാപനമനുസരിച്ച് ഇനി ഭാവിയിൽ കേരളത്തിലുണ്ടാകാൻ പോകുന്ന ഓരോ കാലഘട്ടത്തിലും ഇങ്ങനെ സ്കൂളുകളും കോളേജുകളും അനുവദിച്ചാൽ കേരളത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും സ്കൂളുകളും, കോളേജുകളും വരുന്ന ഒരു സ്ഥിതിയാണ്. വരും കാലത്ത് വരാൻ പോകുന്നത്. അതുകൊണ്ട് ആവശ്യത്തെ കണക്കിലെടുക്കുകയെന്നുള്ളതല്ലാതെ ഒരു ഗവൺമെന്റ് ഇത്രയും അനുവദിച്ചു അതുകൊണ്ട് വരുന്ന ഗവൺമെന്റ് ഇത്രയും അനുവദിക്കുന്നു എന്നുള്ളതാണോ ഇതിന് സ്വീകരിക്കേണ്ട ഒരു മാനദണ്ഡം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : അതല്ല മാനദണ്ഡം. മാനദണ്ഡമെന്നു പറയുന്നത് വിദ്യാഭ്യാസത്തിനാവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കുകയെന്നുള്ളതാണ്. ഞാൻ ചോദിക്കട്ടെ ഈ നിയമസഭയിൽ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ എത്രയോ സ്ഥലങ്ങളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണം എന്നുള്ള ആവശ്യവുമായി ജനങ്ങൾ മുന്നോട്ടു വരുന്നു. പൊതുജനങ്ങൾ നിങ്ങളേയും ഞങ്ങളേയും സമീപിക്കാറുണ്ട്. ആ ആവശ്യവുമായി നിങ്ങൾ ഗവൺമെന്റിന്റെ സമീപത്ത് വരുകയും ചെയ്യും. പൊതുജനങ്ങളുടെ ആവശ്യം ഇന്ന് ഉയർന്നുവരുന്നുണ്ട്. ഇപ്പോൾ തന്നെ നിരവധി സ്ഥലങ്ങളിൽ ഇനിയും സ്കൂളുകൾ വേണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അതിനെപ്പറ്റിയുള്ള എത്രയോ നിവേദനങ്ങൾ ഗവൺമെന്റിന് കിട്ടുന്നുണ്ട്. അതെല്ലാം ഓരോ സന്ദർഭങ്ങളിലും വരുന്നതാണ്. ഇവിടെ ചോദിച്ചതുകൊണ്ട് അങ്ങയുടെ അറിവിലേക്കായി പറയുന്നതാണ്. ഇവിടെ നമുക്ക് അറിയാവുന്ന സത്യങ്ങൾ മറച്ചുവച്ചിട്ട് കാര്യമില്ല. 21 മാസക്കാലത്തെ കാര്യങ്ങൾ താരതമ്യം ചെയ്തു പറഞ്ഞതല്ല. നിങ്ങൾ ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുണ്ട്, ആ ചെയ്ത കാര്യങ്ങളെല്ലാം മറന്നുകൊണ്ട് പ്രസംഗിക്കുകയും പ്രചരണം നടത്തുകയും അല്ലേ ചെയ്യുന്നത് ? അങ്ങനെ ചെയ്യുന്നത് ഒരിക്കലും ശരിയല്ല. അതുകൊണ്ടാണ് ഇക്കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചത്. ശ്രീ. രാജനും, അതുപോലെതന്നെ ശ്രീ. താമരാക്ഷനും ഇതിനെക്കുറിച്ച് ആക്ഷേപമായി സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ അത് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്. പറയാതിരിക്കുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞു എന്നു മാത്രമേയുള്ളൂ.

ശ്രീ. രാജൻ ചൂണ്ടിക്കാണിച്ച ചില സംഗതികളുണ്ട്. അദ്ദേഹം ഇവിടെ പ്രീ-ഡിഗ്രി ബോർഡിന്റെ പ്രശ്നത്തെക്കുറിച്ച് ചോദിച്ചു. ഇവിടെ കൊണ്ടുവരാൻ പോകുന്ന പരിഷ്കാരങ്ങളെക്കുറിച്ച് പറഞ്ഞു. വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ ആവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. മാറ്റങ്ങൾ വേണമെന്ന് നമ്മളെല്ലാവരും പറയുന്നുണ്ട്. ഈ മാറ്റങ്ങൾ എങ്ങനെയാണ് ഉണ്ടാക്കാൻ കഴിയുന്നത് ? മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്നത് ഓരോ മേഖലകളെ സംബന്ധിച്ച് വിദഗ്ദ്ധൻമാരായിട്ടുള്ള ആളുകളുടെ അഭിപ്രായങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് ആ അഭിപ്രായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാനുള്ള ശ്രമം നടത്തുമ്പോഴാണ്. ഞാൻ ഒരു വിദ്യാഭ്യാസ വിചക്ഷ
ണനൊന്നുമല്ല. അങ്ങനെയുള്ള യാതൊരു ചിന്താഗതിയും എനിക്കില്ല. പക്ഷേ
കേരളത്തിലേയും ഇൻഡ്യയിലേയും മറെറല്ലാ സ്ഥലങ്ങളിലേയും സാമാന്യമായ
വിദ്യാഭ്യാസരീതിയെക്കുറിച്ചെല്ലാം മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.
കുറെ കാര്യങ്ങളും മനസ്സിലാക്കിയിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ
നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾക്ക് നമ്മുടെ കുട്ടികളുടേയും
നമ്മുടെ ഭാവിയുടേയും താൽപ്പര്യത്തെക്കരുതി ഉത്തമമെന്ന് തോന്നുന്ന ചില
നല്ല കാര്യങ്ങളും ചെയ്യാനുള്ള ശ്രമം ഞങ്ങളും നടത്തിയിട്ടുണ്ട്. ആ ശ്രമത്തിന്റെ
ഭാഗം തന്നെയാണ് ഈ പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുകയെന്നുള്ളത്.
ഇന്നത്തെ വിദ്യാഭ്യാസരംഗത്തിന്റെ ഗുണനിലവാര തകർച്ചയെക്കുറിച്ചൊക്കെ
ഇവിടെ തന്നെ പല അംഗങ്ങളും പറഞ്ഞു. ശ്രീ. താമരാക്ഷൻ അതിനെക്കുറിച്ച്
വളരെ ഊന്നൽ കൊടുത്ത് പറഞ്ഞു. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി വളരെ
ശക്തമായ ചില കാര്യങ്ങളും അതിനെക്കുറിച്ച് പറയുകയുണ്ടായി. ഉന്നത
വിദ്യാഭ്യാസരംഗത്തെ നിലവാരം കുറഞ്ഞുവരുന്നുണ്ട്. ആ നിലവാര
തകർച്ചയ്ക്ക് അടിസ്ഥാനപരമായി കാണുന്ന കാരണങ്ങളിലൊന്നാണ് യൂണി
വേഴ്സിറ്റികളും എന്തിനുവേണ്ടി രൂപംകൊണ്ടിട്ടുണ്ടോ, ആ ആശയങ്ങളും മുൻ
നിർത്തി നമ്മുടെ യൂണിവേഴ്സിറ്റിക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നു
ള്ളത്. യൂണിവേഴ്സിറ്റികളെന്നു പറഞ്ഞ് ഞങ്ങളും ഉദ്ദേശിച്ചിരിക്കുന്നത്,
ലോകത്തെല്ലായിടത്തും ഉദ്ദേശിച്ചിരിക്കുന്നത്, ഇൻഡ്യയിൽ മാത്രമല്ല, ലോക
ത്തിലേതു രാഷ്ട്രം എടുത്ത് പരിശോധിച്ചാലും കാണാൻ കഴിയുന്നത് എന്താ
ണെന്ന് വച്ചാൽ ഡിഗ്രിക്കും ബിരുദാനന്തരപഠനത്തിനും ഗവേഷണത്തിനും
വേണ്ടിയിട്ട് രൂപം കൊണ്ടിട്ടുള്ളതാണെന്നുള്ളതാണ്. ആ സങ്കൽപ്പത്തിൽനിന്ന്
വ്യതിചലിച്ച് നിൽക്കുന്ന ഏക സ്റേറററ് കേരളം മാത്രമാണ്. പ്രീ-ഡിഗ്രി
യെന്നു പറയുന്ന രണ്ടുവർഷത്തെ വിദ്യാഭ്യാസ സംവിധാനം സെക്കണ്ടറി വിദ്യാ
ഭ്യാസത്തിന്റെ ഭാഗമായി കണ്ടുകൊണ്ട് ഇൻഡ്യയിൽ ആകമാനമുള്ള സ്റേറററു
കളിലും അംഗീകരിച്ചിരിക്കുന്ന ഒരു പൊതുതത്വം നമ്മുടെ കേരളത്തിൽ
വേണമെന്നു പറയുമ്പോൾ വേണ്ട എന്ന് നിങ്ങൾ പറഞ്ഞാൽ നിങ്ങളല്ലേ പിന്തി
രിപ്പൻ ആശയക്കാർ ? മാറ്റം വേണമെന്ന് പറഞ്ഞിട്ട് പിന്നെ അതിനെ എതിർ
ക്കുന്നത് എങ്ങനെയാണ്. ഇത് ഞങ്ങളാരെങ്കിലും കണ്ടുപിടിച്ചതാണോ ? ഇത്
ബഹുമാനപ്പെട്ട ശ്രീ. കെ. കരുണാകരനോ ഞാനോ കണ്ടുപിടിച്ചതൊന്നുമല്ല.
എത്രയോ വിദഗ്ദ്ധ സമിതിയിൽ ഈ കാര്യങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ
പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞവരാരും പണ്ഡിതൻമാരാണെന്ന് നമുക്കാർക്കും
അഭിപ്രായമില്ല. അങ്ങനെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള
ഉത്തരവാദിത്വം നമുക്കുണ്ട്. ഈ ഗവൺമെൻറ് എടുത്തിരിക്കുന്ന ഒരു
കളക്ടീവ് റെസ്പോൺസിബിലിറിയാണ്. അതുകൊണ്ടാണ് ഞാൻ ഇന്നലെ
പറഞ്ഞത് പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുകയെന്നുള്ളത് ശ്രീ. ടി. എം.
ജേക്കബ്ബിന്റെയോ കരുണാകരൻറയോ വ്യക്തിപരമായ താൽപ്പര്യമല്ലെന്ന്.
ഈ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യത്തെക്കരുതി വിദഗ്ദ്ധ
സമിതികളുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് ഇന്നത്തെ ശ്രീ കരുണാകരന്റെ
നേതൃത്വത്തിലുള്ള ഗവൺമെൻറ് കൈക്കൊണ്ട നയപരമായ ഒരു തീരുമാനമാണ്
പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുകയെന്നുള്ളത്. അതിൽ യാതൊരു
മാറ്റവും വരുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതിന് ഞങ്ങൾ തീരുമാനി
ച്ചിട്ടുമില്ല. അതിനകത്ത് 'എ'ക്കാർക്കെതിരെ കേരളാ കോൺഗ്രസ്സിലെ
മാണി ഗ്രൂപ്പിനെതിരെ, മറ്റുള്ളവർക്കെതിരെ എന്നൊക്കെ നിങ്ങൾ പ്രചരിപ്പി
ക്കുന്നത് ശരിയല്ല. ഇപ്പോൾ അങ്ങനെയൊന്നുമില്ല. കേരളാ കോൺഗ്രസ് ഒന്നു
തന്നെയാണ്. അതിനകത്തുതന്നെ ഏതെങ്കിലും അംഗങ്ങൾ പ്രസംഗിച്ചാൽ
അവരുടെ പേര് മാത്രമായി പ്രോജക്ട് ചെയ്തുകൊണ്ട് ഇതിനകത്ത് 'എ'
ഉണ്ട്, ഐ ഉണ്ട്, മാണിയുണ്ട്, ജോസഫുണ്ട് എന്നൊക്കെ നിങ്ങൾ പ്രചരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കോ പക്ഷേ അതിനകത്ത് ഒരു അടിസ്ഥാനവുമില്ല. പറയേണ്ടി വന്നതു കൊണ്ട് ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്.

അതുപോലെ ശ്രീ. രാജൻ ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളെക്കുറിച്ചു പറഞ്ഞു. അതുകൊണ്ട് രാജന്റെ അറിവിലേക്കായി ഞാൻ ഒരു കാര്യം പറയട്ടെ. അവിടെ അസിസ്റ്റന്റ് ഗ്രേഡ്-II-ലേക്ക് കുറെ ആളുകളെ എടുക്കാനുള്ള തീരുമാനമുണ്ടായി. പക്ഷേ അതിനെ സംബന്ധിച്ചുള്ള ആക്ഷേപമുണ്ടായപ്പോൾ ഞാൻ തന്നെയാണ് യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തത് അവിടെ ഇന്റർവ്യൂ നടത്തേണ്ടെന്ന്. ഇന്റർവ്യൂ നടത്താതെ അവിടെ നടത്തിയ എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പബ്ലിഷു ചെയ്തു. സർ, ഒരു പരാതിയും ഒരാൾക്കും ആ കാര്യത്തെക്കുറിച്ച് ഉണ്ടായിട്ടില്ലെന്ന് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതു പോലെതന്നെ അദ്ദേഹം പറഞ്ഞു അവിടത്തെ നിയമനങ്ങളിൽ റിസർവേഷൻ തത്വം പാലിക്കുന്നില്ല എന്ന്. നമ്മുടെ ഈ നിയമസഭയുടെ തന്നെ സബ്ജക്ട് കമ്മിറ്റി ആ യൂണിവേഴ്സിറ്റി ബില്ല് പരിശോധിക്കും. ആ പരിശോധനാ സന്ദർഭത്തിൽ ഐകകണ്ഠ്യേനയാണ് നമ്മൾ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം ഇവിടെ പാസ്സാക്കിയത്. അതിനകത്ത് ഒരു വിയോജനക്കുറിപ്പു പോലും ഉണ്ടായില്ല. ശ്രീ. പത്മനാഭൻ എം. എൽ. എ. വളരെ സജീവമായ ഒരു പ്രതിപക്ഷ എം.എൽ.എ.യാണ്. അവരെല്ലാം കൊണ്ടുവന്ന എല്ലാ നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് ഒരു സബ്ജക്ട് കമ്മിറ്റി ഐകകണ്ഠ്യേന ഈ സഭയിൽ പാസ്സാക്കിയതാണ് ഗാന്ധിജി യൂണിവേഴ്സിറ്റി നിയമം. അതിനകത്ത് കമ്മ്യൂണൽ റിസർവേഷൻസ് കൃത്യമായി പാലിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള വ്യവസ്ഥകൾ തന്നെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അത്രമാത്രം ഭംഗിയായി കാര്യങ്ങൾ ചെയ്തിട്ട് വീണ്ടും അതില്ലെന്ന് പറയുന്നത് ഒരിക്കലും ശരിയായിട്ടുള്ള ഒരു കാര്യമല്ല.

അതുപോലെതന്നെ അദ്ദേഹം പത്തനംതിട്ടയിലെ ഒരു സ്വകാര്യ ട്യൂഷനെ കുറിച്ച് പറഞ്ഞു. ആ പരാതികൾ വന്നപ്പോൾ തന്നെ നടപടികൾ സ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. താമരാക്ഷൻ ഒരു കാര്യം സൂചിപ്പിച്ചു. അത് പ്രീ-ഡിഗ്രി പരീക്ഷാഫലത്തെക്കുറിച്ചാണ്. പല പ്രാവശ്യം ഈ നിയമസഭയിൽ ഇത് പറഞ്ഞതാണ്. അത് വീണ്ടും പറയുകയുണ്ടായി. സെപ്തംബർ പരീക്ഷയെഴുതുന്ന കുട്ടികളുടെ ഭാവിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സഭയുടെ അറിവിലേക്കായി ഞാൻ ഒരു കാര്യം പറയാം. യൂണിവേഴ്സിറ്റികൾക്ക് കുറെ അധികാരങ്ങളെല്ലാമുണ്ട്. ശ്രീ. ആർ. എസ്. ഉണ്ണി ശ്രദ്ധേയമായ ഒരു കാര്യം ഇവിടെ ചോദിക്കുകയുണ്ടായി. യൂണിവേഴ്സിറ്റിയുടെ അക്കാഡമിക്കലായിട്ടുള്ള കാര്യത്തിലുള്ള അധികാരത്തെക്കുറിച്ച്, അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള കാര്യങ്ങളിൽ ഒരു പരിധിവരെ മാത്രമേ അവർക്ക് അധികാരങ്ങൾ നൽകാൻ പാടുള്ളൂ. അക്കാഡമിക്കലായി യൂണിവേഴ്സിറ്റികൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ആർക്കും അതിൽ അഭിപ്രായ വ്യത്യാസമില്ല. ഭരണപരമായ കാര്യങ്ങളിൽ ഗവൺമെന്റിന്റെകൂടി നിയന്ത്രണങ്ങൾ നമ്മുടെ യൂണിവേഴ്സിറ്റിയുടെ ഭരണത്തിലാവശ്യമായി വന്നിരിക്കുന്നു. ഈ നിയമസഭാവേദിയിൽ ഉന്നയിക്കുന്ന എല്ലാ ആക്ഷേപങ്ങൾക്കും മറുപടി പറയാൻ ഒരു ഗവൺമെന്റിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ ഞാൻ ബാദ്ധ്യസ്ഥനാണ്. എനിക്ക് ഈ സഭയോടുള്ള ഉത്തരവാദിത്വം അല്ലെങ്കിൽ ഈ സഭയ്ക്ക് സംസ്ഥാനത്തോടുള്ള ഉത്തരവാദിത്വം യൂണിവേഴ്സിറ്റികൾക്കില്ല എന്ന് പറയുന്നത് ശരിയാണോ ? ഈ സെപ്തംബർ പരീക്ഷയിലെ കുട്ടികളുടെ ഭാവിയെക്കുറിച്ച് ചോദിച്ചു. സർ, ഇന്നും കേരളാ യൂണിവേഴ്സിറ്റിയിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

കുറേങ്കിലും പറയാം, ഞങ്ങളെ ആക്ഷേപിച്ച് എന്ത് വേണമെങ്കിലും എഴുതുകയോ, പറയുകയോ ചെയ്യാം. ഒരു കാര്യം മനസ്സിലാക്കാനുള്ളത് അവിടെ ഇപ്പോഴും വീണ്ടും ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിരിക്കുന്ന ജീവനക്കാരുടെ നിലപാടിനെപ്പറ്റിയാണ്. നിസ്സഹകരണ സമീപനം സ്വീകരിച്ചുകൊണ്ട് അടുത്ത സെപ്തംബർ പരീക്ഷ എങ്ങനെയെങ്കിലും നടക്കാതിരിക്കാനുള്ള മാർഗ്ഗങ്ങളും ഉണ്ടോയെന്ന് അവർ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. അതാണ് എനിക്ക് യൂണിവേഴ്സിറ്റി അധികാരികളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു കാര്യം ഞാൻ സൂചിപ്പിക്കട്ടെ. ജീവനക്കാരാണെങ്കിലും, ശരി, മറ്റാരാണെങ്കിലും ശരി അവർക്ക് ഗവൺമെന്റിന്റെ തീരുമാനങ്ങളോട് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ—ഉണ്ടാകും—അവർക്ക് വിയോജിപ്പ് പ്രകടിപ്പിക്കാം, ജനാധിപത്യരൂപത്തിൽ അതിനോട് പ്രതികരിക്കുകയും ചെയ്യാം. കുട്ടികളുടെ ഭാവി പന്താടാനാണ് അവർ ആഗ്രഹിക്കുന്നത് എങ്കിൽ കർക്കശമായ നടപടികൾ സ്വീകരിക്കേണ്ടതായി വരും. ഇത് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു യൂണിവേഴ്സിറ്റി ജീവനക്കാരനും അതിനതീതമായി പ്രവർത്തിക്കാമെന്ന് കരുതേണ്ടതായിട്ടില്ല. കുട്ടികളോട് ഉത്തരവാദിത്വമില്ലേയെന്ന് എന്നോടു ചോദിക്കുന്നു. ആ ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. ഇങ്ങനെ തോന്നിയപോലെ ചെയ്യുന്ന ആളുകളെ സഹായിക്കാനും അവർക്ക് സഹായഹസ്തം നീട്ടിക്കൊടുക്കാനും നമ്മളെല്ലാവരും തയ്യാറാകാതിരുന്നാൽ, രാഷ്ട്രീയ പാർട്ടികളും തയ്യാറാകാതിരുന്നാൽ, മര്യാദയ്ക്ക് ഈ കാര്യങ്ങളും നടക്കും. നീങ്ങളും ഞങ്ങളെ കുറേ പറയുമ്പോൾ അതിനുണ്ടാകേണ്ടുന്ന മാനസികമായ ബുദ്ധിമുട്ട് നിങ്ങളും മനസ്സിലാക്കേണ്ടതായിട്ടുണ്ട്. നിർദ്ദേശം കൊടുക്കാം. അവരെ വിളിച്ച് ശാസനകളും കൊടുക്കാം. അത് ചെയ്യാനും പറയാനും ഞങ്ങളെക്കൊണ്ട് സാധിക്കും. പക്ഷേ ചെയ്യുകയില്ലെന്ന സമീപനം സ്വീകരിച്ച് യൂണിവേഴ്സിറ്റിക്കുള്ളിൽത്തന്നെ കടന്നിരുന്നുകൊണ്ട് ഈ പ്രശ്നങ്ങളും നടത്തിച്ചാൽ സ്ഥിതിയെന്താണ്? ഇപ്പോഴുനടന്നുകൊണ്ടിരിക്കുന്നത് അതാണ്. സകല ജീവനക്കാരേയും തിരികെ പ്രവേശിപ്പിച്ചിട്ട് 10 ദിവസത്തിനുള്ളിൽ അതിന്റെ ക്രമക്കേടുകളും വല്ലതുമുണ്ടെങ്കിൽ ഞങ്ങളും പരിഹരിക്കാമെന്നു പറഞ്ഞു. മാസം എത്രയായി? യൂണിവേഴ്സിറ്റി ഭരണസമിതിയായ സിൻഡിക്കേറ്റ് അവിടെ അധികാരത്തിലുണ്ട്. ആര് പറഞ്ഞാലും കേൾക്കുകയില്ല എന്ന നിലയിലേക്കാണ് ഇപ്പോൾ കാര്യങ്ങളും നീങ്ങിക്കൊണ്ടിരിക്കുന്നത്. നിസ്സംഗമായി നോക്കിനിൽക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. അതുകൊണ്ട് ഞാൻ പറയുന്നു ഈ കുട്ടികളുടെ ഭാവി അപകടപ്പെടുത്തുവാനാണ് അവരുടെ തീരുമാനമെങ്കിൽ കർശനമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന് യാതൊരു വിട്ടുവീഴ്ചയും കാണിക്കുവാൻ ആഗ്രഹിക്കുന്നില്ല. അതുപോലെതന്നെ യൂണിവേഴ്സിറ്റിയുടെ ഭരണപരമായ കാര്യങ്ങളെക്കുറിച്ച് ശ്രീ. ആർ. എസ്. ഉണ്ണി ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിലപ്പെട്ട ആ നിർദ്ദേശം ഞാൻ കേൾക്കുകയാണ്. നമുക്ക് ഒരു തുറന്ന ചർച്ച ഈ കാര്യത്തെക്കുറിച്ച് ആവശ്യമായിട്ടുണ്ട്. ഭരണപരമായ കാര്യങ്ങളിൽ ഒരു ഇൻബിൽറ്റായിട്ടുള്ള അവകാശം വേണമെന്നാണ് നിർദ്ദേശിച്ചത്. ഞാൻ ഇതിനോട് പൂർണ്ണമായും യോജിക്കുന്നു. അതോടൊപ്പംതന്നെ അദ്ദേഹം പറഞ്ഞു ഏതെങ്കിലും തീരുമാനങ്ങൾ വന്നാൽ ആ തീരുമാനങ്ങൾ പൊതുനൻമയ്ക്കെതിരാണെങ്കിൽ, അതിനെതിരെ പ്രതികരിക്കാനുള്ള അവസരമുണ്ടാകണമെന്ന് ഇന്നലെവരെയുള്ള ശ്രീ. ലോനപ്പൻ നമ്പാടൻ ഉന്നയിച്ച ശക്തമായ ഒരു സംഗതി, യൂണിവേഴ്സിറ്റി കൊണ്ടുവന്നിരിക്കുന്ന ഉപപാഠപുസ്തകത്തിലെ ഒരു പരാമർശത്തെക്കുറിച്ചാണ്. ഗവൺമെന്റ് കർക്കശമായ നിർദ്ദേശം എല്ലാവർക്കും പൊതുവായി കൊടുത്തിട്ടുണ്ട്. കൊടുത്തിരിക്കുന്ന നിർദ്ദേശം എന്ന് പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും മതങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ വിശ്വസിക്കുന്ന ആളുകൾക്ക് അവരുടെ മതവികാരങ്ങൾ വ്രണപ്പെടുത്തത്തക്കനിലയിലുള്ള ഒരു പരാമർശവും പുസ്തകത്തിൽ വരാൻ പാടില്ലെന്നാണ്. ആ നിർദ്ദേശം നിലനിൽക്കെതന്നെയാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ഉപപാഠപുസ്തകത്തിൽ ഇന്ന് അങ്ങേഹം ചൂണ്ടിക്കാണിച്ച സംഗതി വന്നിരിക്കുന്നത്. അക്കാര്യത്തിൽ ഗവൺമെൻറിൻെറ അധികാരമെന്താണ് ? അക്കാഡമിക്ക് സമിതികൾ യൂണിവേഴ്സിറ്റിയുടെ സമിതികളുമായി എടുത്തിരിക്കുന്ന ഈ തീരുമാനം തിരുത്താൻ പറഞ്ഞ് ഒരു ഉത്തരവ് കൊടുക്കാൻ ഗവൺമെൻറിന് അവകാശമില്ല. . ആ അവകാശം ഇല്ലെങ്കിൽക്കൂടി വൈസ് ചാൻസലറോട് ആ തെറ്റ് തിരുത്തണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. ആ തെറ്റ് തിരുത്താൻ തയ്യാറല്ലെന്ന് അതിൻെറ ഭരണസമിതികൾ പറഞ്ഞാൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ നമ്മുടെ നിയമത്തിൽ വ്യവസ്ഥയില്ല. അതാണ് സ്ഥിതി. ഈ നിലയ്ക്ക് പോയാൽ ഉത്തരവാദിത്വം ആർക്കാണ് ? ഇവിടെ മന്ത്രി രാജി വയ്ക്കുമോയെന്ന് ചോദിച്ച ആളുകളുമുണ്ട്. ഞാൻ ചോദിക്കട്ടെ, നടപടി സ്വീകരിക്കാൻ ഞങ്ങൾ സന്നദ്ധരാണ്. പക്ഷേ നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ലെങ്കിലോ ? ആ വ്യവസ്ഥകളുണ്ടാക്കാൻ നമ്മളെല്ലാവരും ബാദ്ധ്യസ്ഥരാണ്. സർ, ഇത് ഒരു മതേതര രാഷ്ട്രമാണ്. ഏതു മതത്തിൽ വിശ്വസിക്കാനും ഏത് വിശ്വാസങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാനും ഉള്ള സ്വാതന്ത്ര്യം ഭരണഘടനാപരമായി കൊടുത്തുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രമാണ് ഇൻഡ്യ. ഈ രാഷ്ട്രത്തിൽ അതിനെതിരായിട്ടുള്ള പ്രവണതകൾ ഉണ്ടായാൽ അതിനെ നിയന്ത്രിക്കുവാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഗവൺമെൻറിനുണ്ട്. ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് തന്നെയാണ് ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ലഭിക്കുമായിരുന്ന 6 കോടി രൂപ നഷ്ടപ്പെടുത്തിയെന്ന് പറയുന്നുണ്ട്. അത് ശരിയല്ല. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം കിട്ടാത്തതുകൊണ്ട് അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് കിട്ടേണ്ട യു. ജി. സി. ഗ്രാൻറ് കിട്ടാതെ വരുന്നില്ല. എല്ലാ കോളേജുകൾക്കും യു. ജി. സി. ഗ്രാൻറ് കിട്ടുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ കൺസ്ട്രക്ഷനുവേണ്ടി മാത്രമാണ് യു. ജി. സി. ഗ്രാൻറ് നമുക്ക് കിട്ടാതായിട്ടുള്ളത്. അത് കിട്ടുന്നതിനുവേണ്ടിയുള്ള നിയമഭേദഗതി ഈ നിയമസഭയിൽ കൊണ്ടുവരാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് വേണ്ടി അവിടെ 110 ഏക്കർ സ്ഥലമെടുക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതിൽ 50 ഏക്കർ സ്ഥലം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടിക്കഴിഞ്ഞു. താൽക്കാലികമായിട്ടുള്ള സംവിധാനമുണ്ടാക്കി 1987 ആദ്യത്തിൽതന്നെ ഈ യൂണിവേഴ്സിറ്റി വാടകകെട്ടിടത്തിൽനിന്ന് അതിൻെറ ആസ്ഥാനത്തേക്ക് മാറ്റണമെന്നും പ്രവർത്തനം ആരംഭിക്കണമെന്നുമാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒരു ചർച്ചയിൽവെച്ച് തന്നെ 125 ലക്ഷം രൂപ അവർക്ക് കൊടുക്കാനുള്ള തീരുമാനവും ഞങ്ങൾ എടുത്തിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റി ഭംഗിയായ നിലയിൽ പ്രവർത്തിപ്പിക്കാനുള്ള ക്രമീകരണമാണ് ചെയ്തിരിക്കുന്നത്. ആ യൂണിവേഴ്സിറ്റിയിൽനിന്നും കൊടുക്കുന്ന ഡിഗ്രികൾക്ക് യു. ജി. സി. യുടെ സഹായം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കിട്ടുന്നില്ലെന്നുള്ള കാരണത്താൽ ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ ഡിഗ്രിക്ക് യാതൊരു വിലയും ഇല്ലാതാകുന്നില്ല. അങ്ങനെയുള്ള പരാതികൾ ചില സന്ദർഭങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഞങ്ങൾ അത് പരിഹരിച്ചിട്ടുമുണ്ട്. യു.ജി.സി.യുടെ ധനസഹായം കിട്ടുന്നില്ലെങ്കിൽ ഡിഗ്രികൾക്ക് അംഗീകാരമില്ലെന്നുള്ള പ്രചരണം ഒരിക്കലും ശരിയല്ല. ഗാന്ധിജി യൂണിവേഴ്സിറ്റി കൊടുക്കുന്ന എല്ലാ ഡിഗ്രികൾക്കും വിലയുണ്ട്. ആ ഡിഗ്രികളുടെ അടിസ്ഥാനത്തിൽതന്നെ പല കോഴ്സുകളിലും കുട്ടികൾ പ്രവേശനം നേടുകയും

LIBRARY ARCHIVES Kerala Legislative Assembly

പരിക്കുകയും ചെയ്യുന്നുണ്ട്. ഈ യൂണിവേഴ്സിറ്റി നന്നായി കൊണ്ടുവരാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ഈ നിയമന ഭേദഗതി തന്നെ കൊച്ചിൻ സർവ്വകലാശാലയുടെ പുരോഗതിക്കുവേണ്ടിയാണ്. ഇവിടെ ശ്രീ. കെ. മുഹമ്മദാലി ഒരു കാര്യം ഉന്നയിച്ചു. ഇത് ഭാവിയിൽ അവിടെനിന്ന് മാറിക്കൊണ്ടുപോകുമോയെന്നുള്ളതാണ്. ഇത് കൊച്ചിയിൽത്തന്നെ നിലനിർത്താനാണോ ഗവൺമെൻറ് ആഗ്രഹിക്കുന്നതെന്ന് ശ്രീ. പീതാംബരൻ മാസ്റ്റർ ഇവിടെ ചോദിക്കുകയുണ്ടായി. ഞാൻ മറുപടി പറയാം. ആവശ്യമെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോഴോ ഇതിനകത്ത് എന്തെങ്കിലും പ്രൊവിഷൻകൂടി ചേർക്കണമെങ്കിൽ കൂട്ടിച്ചേർക്കാം. അതുകൊണ്ട് നിയമ, ഹിന്ദി വകുപ്പുകളും മാറണമെന്നുള്ള നിർദ്ദേശം യൂണിവേഴ്സിറ്റിയുടെ ഉത്തമ താൽപ്പര്യങ്ങൾക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്നതാണ്. അല്ലാതെ പൊതു താൽപ്പര്യമോ രാഷ്ട്രീയ താൽപ്പര്യമോ ഇതിനകത്തില്ല. ഈ പ്രമേയം അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആർ. എസ്. ഉണ്ണി അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ ഗാന്ധിജി സർവകലാശാല (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

മി. സ്പീക്കർ : സഭ ഇപ്പോഴും പിരിയുന്നതും നാളെ രാവിലെ 8-30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഒക്ടോബർ 30-ാം തീയതി വ്യാഴാഴ്ച വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ 1-32-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly